# ഒറ്റ

തിരുഹൃദയ കലാലയ
സ്മരണിക 2021


Sacred Heart
College **Magazine**






Statement of ownership and particulars [form IV see rule VII)
about the publication of Sacred Heart College, Thevara
College magazine 2020-21

Place of Publication: Kochi
Periodicity of Publication: Annual
Nationality: Indian
Address: Principal, Sacred Heart College
Thevara, Kochi - 682013
Kerala, India



ഒരടി നീളത്തിൽ ഒറ്റക്ക് വന്ന ഞാൻ,
ആറടി നീളത്തിൽ ഒറ്റക്ക് പോകുന്നു...



Fr. Paulose Kidangen CMI
*Manager*



Rev. Dr. Jose John CMI
*Principal*



Dr. Siby Mathew
*Vice principal (Main Campus)*



Dr. C.S Francis
*Vice principal (East Campus)*



Dr. Tom C Thomas
*Chief editor*



Dr. Vishnu Raj P
*Staff editor*



Dr. Didmos KV
*Students Dean*

ആട്ടിൻപറ്റങ്ങളെ മെയ്കുന്ന ഇടയന്മാർ എന്നും ഒറ്റയ്ക്കായിരുന്നു,
ഓരോ കുഞ്ഞാടിന്റെയും ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കി അവരെ
അവർ വെളിച്ചത്തിലേക്ക് നയിക്കുന്നു.

ഒറ്റയ്ക്ക് ഒരു മെഴുതിരിയായി ഉരുകിതീരുന്നു.

# CONTENTS


**CRADLE**

കലാലയം:സമൂഹത്തിന്റെ ഹ്രസ്വരൂപം!.................... 12
Idea of Normalcy...................................................... 14
ആദിവാസികൾ വനവാസികളാകുന്നത് എങ്ങനെ? 16

**BEGINNING**

സഞ്ചാരിയുടെ വാക്കുകൾ............................................ 22
Freedom Fight.......................................................... 24
Reiterate.................................................................. 28
നൂറ്........................................................................ 30
Jai Bhim: An Unheard Battle.................................. 34

**ADOLESCENCE**

വിൽക്കപ്പെടും കാത്, ചില നേരം!............................. 40
Introverts................................................................ 42
Phonopiens............................................................ 43
Breeze of Grief........................................................ 45

**SHIFT**

എവിടെ നിന്നാണ് വിവേചനങ്ങൾ
ആരംഭിക്കുന്നത്?............................................................ 48
Now, I am Alone!.................................................... 53
The Fallen Wave..................................................... 54
മറന്നു പോകാൻ വിധിക്കപ്പെട്ടവർ............................. 55
Reserved.................................................................. 58

**YOUTH**

Shades of Love........................................................ 62
Not All Men!........................................................... 66
മൂന്നാമതൊരാൾ.............................................................. 68
The Inner Beauty..................................................... 70
By Chance or By Choice?....................................... 72

**UNRELATED**

Ambedkar’s Prophecy: Dalit Women and Poverty
in Human Rights..................................................... 76
ജന്മാന്തരങ്ങൾ................................................................ 80
എന്റെ ജീവിതത്തിലെ ആ ദിവസം............................ 81
Cup of Life.............................................................. 83
ഏകാകിയായ.................................................................... 91

**GRAVE**

നാലാം വട്ടവും തേവര തിളങ്ങി................................. 94
Clubs & Forums Report........................................... 99
യൂണിയൻ റിപ്പോർട്ട്........................................................ 102



**“COR RECTUM INQUIRIT SCIENTIAM”**

A righteous heart seeks after wisdom

**ചീഫ് എഡിറ്റർ:** ഫാ. ഡോ. ജോസ് ജോൺ
**സ്റ്റാഫ് എഡിറ്റർ:** ഡോ. ടോം സി തോമസ്
**സ്റ്റുഡൻറ് എഡിറ്റർ:** ആൽബർട്ട് കെ. ജെ

**മാഗസിൻ സമിതി:**
അമൽ എം രാജൻ – ബി എസ് സി മാത്സ്
കൃഷ്ണേന്ദു സരസ് – ബി എ ഇംഗ്ലീഷ് ലിറ്ററെച്ചർ
ദീപിക കൃഷ്ണൻ – ബി എ ഇംഗ്ലീഷ് കോപ്പി എഡിറ്റർ
അപർണ ശശികുമാർ – ബി എ ഇംഗ്ലീഷ് ലിറ്ററെച്ചർ
ഗോഡ്വിൻ സാമുവൽ ബി കോം ടാക്സ് എയിഡഡ്
കിരൺ അലക്സ് – ബി എ ഇംഗ്ലീഷ് ലിറ്ററെച്ചർ

**മുഖചിത്രം:**
ശ്രുതി എം ഹരിദാസ് – ബി എസ് സി സൈകോളജി

**ചിത്രങ്ങൾ:**
ദീപു സെബാസ്റ്റ്യൻ – ബി കോം ടാക്സ് എയിഡഡ്
ആൽവിൻ അബ്രഹാം – ബി സി എ
മിഥുൻ മുരളി – ബി സി എ
ആൽഫിന് അലോഷ്യ – എം എ സിനിമ ആൻഡ് ടെലിവിഷൻ

**വരകൾ:**
ആമിന ഫക്രുദീൻ – ബി എസ് സി ബോട്ടണി
അഖിൽ സി ജെ – ബി എ സോഷിയോളജി
ഉണ്ണിക്കുട്ടൻ – വി എഫ് എക്സ്

# പ്രിൻസിപ്പളിന്റെ സന്ദേശം


ബൈബിൾ തുടങ്ങുമ്പോൾ ഉല്പത്തി പുസ്തകത്തിൽ ദൈവം പറയുന്നു: "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല". ഒറ്റയാൻമാർ എന്നും എവിടെയും അപകടകാരികൾ ആണെന്നത് ചരിത്രസത്യം. അത് മൃഗങ്ങളായാലും, മനുഷ്യരായാലും! ഒറ്റയ്ക്ക് നിൽക്കുന്ന വൻമരങ്ങൾക്കാണല്ലോ ഇടിമിന്നൽ ഏൽക്കുന്നതും.

മനുഷ്യൻ അടിസ്ഥാനപരമായി ഒരു സമൂഹജീവിയാണല്ലോ. ഏകനായിരിക്കുമ്പോൾ അവന്റെ ചിന്താരീതിയും സ്വഭാവങ്ങളും വ്യത്യസ്തമാകുന്നു. അത് നല്ല രീതിയാകാം തീവ്രതയേറിയ നശീകരണ ശൈലിയും ആകാം. വനാന്തരങ്ങളിലേക്കും, മലമുകളിലേക്കും കയറി ഏകനായി മൗനമായി ഈശ്വര പ്രണിധാനത്തിലലിയുന്ന സന്യാസിവര്യന്മാർ പോസിറ്റീവായി എങ്ങനെ മാറുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ മറുവശത്ത് ഒറ്റയാന്മാരുടെ ഭ്രാന്തൻ പെരുമാറ്റങ്ങളുടെയും നശീകരണത്തിന്റെയും ദൃഷ്ടാന്തങ്ങൾ ആണ് കൂടുതൽ.

എന്നാൽ ഒറ്റയാക്കപ്പെടുക എന്നത് വളരെ ഭീകരമായ ക്രൂരതയാണ്. ജയിൽ അറകളിൽ കൊടിയ കുറ്റവാളികളെ ഒറ്റയ്ക്കിടാറുണ്ട് – അവരിൽ എന്തെങ്കിലും മാനസാന്തരം ഉണ്ടാവാനും, മറ്റു തടവുകാരെ ഉപദ്രവിക്കാതിരിക്കാനും.

ആധുനിക മാനവികത അനേകരെ ഒറ്റപ്പെടുത്തുന്നതിൽ മുന്നിട്ടുനിൽക്കുന്നു. സ്വാർത്ഥതയുടെ ഇത്തിൾക്കണ്ണികൾ നന്മയുടെ ശിഖരങ്ങളെ കാർന്നുതിന്നുന്നതിന്റെ ഉത്തമോദാഹരണമാണിത്. വീട്ടിലും നാട്ടിലും ഒറ്റയാക്കപ്പെടുന്നവരുടെ സംഖ്യ നമ്മുടെ കൊച്ചു കേരളത്തിലും കൂടി വരുന്നു എന്നത് ആശങ്കാജനകം തന്നെയാണ്. ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഒക്കെ പേരിൽ അതിർവരമ്പുകളും മതിലുകളും കൂടുതൽ കൂടുതൽ ഉയരുന്നുണ്ടിവിടെയെങ്കിൽ അത് അപായസൂചനയാണ്.

ഒറ്റയാക്കപ്പെടുന്നവരെ ചേർത്തുപിടിക്കാനും, ഒപ്പമുണ്ടെന്ന സാമൂഹ്യബോധം കൊടുക്കാനും ആഭ്യസ്തവിദ്യരായ നമുക്കെങ്കിലുമാവട്ടെ. അങ്ങനെയുള്ളവർക്കായി ഒരു കൈത്താങ്ങാവാൻ, അവരോടൊപ്പം അല്പസമയം ചിലവഴിക്കാൻ നമുക്കായാൽ, യഥാർത്ഥത്തിൽ നമ്മൾ ഹൃദയമുള്ളവരാക്കും.



# എഡിറ്ററോറിയൽ

ആശയങ്ങളും ആശയക്കുഴപ്പങ്ങൾക്കും ഇടയിൽ
വിരൽ തുമ്പിലിരുന്ന പേന ഒന്നിനെ ചൂണ്ടിക്കാട്ടി
ഒറ്റയ്ക്കയി മാറിയ അക്ഷരങ്ങളെ, ഒറ്റയ്ക്കായി മാറിയ
സ്വരങ്ങളെ, ഒറ്റയ്ക്കായി മാറിയ സത്യയങ്ങളെ,
ഒറ്റയ്ക്കായി മാറിയവ മാത്രം ബാക്കി.

ഉറ്റുനോക്കുമ്പോൾ ഏവരും എഴുത്തുകാരാണ്. സ്വന്തം
ജീവിതം പണിപുരയിൽ നിന്ന് പുറത്ത് എത്തിക്കുന്ന
എഴുത്തുകാരൻ, എല്ലാത്തിന്റെയും ഇടയിൽ അവനും
ഒറ്റയ്ക്കാണ്.
തിരിഞ്ഞുനോക്കുന്ന ഓരോ വേളയിലും ഉള്ളിൽ
അലയടിച്ചു വരുന്ന ചോദ്യം ഒന്ന് മാത്രം, ‘ ഒറ്റയ്ക്ക്
ആയതാണോ അതോ ആക്കിയതാണോ?‘

എല്ലാത്തിന്റെയും തുടക്കവും എല്ലാത്തിന്റെയും
ഒടുക്കവും, സൃഷ്ടിയുടെയും സംഹാരത്തിന്റെയും,
ആദിയും അന്തവും ഒറ്റ തന്നെ.

ആൽബർട്ട് കെ. ജെ
സ്റ്റുഡൻറ് എഡിറ്റർ




C R A


D L E

# കലാലയം: സമൂഹത്തിന്റെ ഹ്രസ്വരൂപം!

ഹരിത എച്ച്
ഒന്നാംവർഷ ബി എസ് സി ഫിസിക്സ്

"നമുക്ക് കേവലം വിവരങ്ങൾ നൽകാതെ നമ്മുടെ ജീവിതത്തെ എല്ലാ അസ്ഥിത്വത്തോടും യോജിപ്പിക്കുന്നതാണ് ഏറ്റവും ഉയർന്ന വിദ്യാഭ്യാസം," രവീന്ദ്രനാഥ ടാഗോറിന്റെ ഈ വാക്കുകൾ പ്രതിഫലിപ്പിക്കുന്നത് വിദ്യാഭ്യാസത്തിന്റെയും വിദ്യ അഭ്യസിക്കുന്ന അന്തരീക്ഷത്തി -ന്റെയും പ്രാധാന്യമാണ്. ഇത്തരത്തിൽ വ്യക്തിയുടെ അസ്ഥിത്വത്തെ വികസിപ്പിക്കുന്നത് മൂല്യമുള്ള ഒരു സമൂഹസൃഷ്ടിക്ക് കാരണമാകുന്നു. അതായത് ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളും കലാലയങ്ങളും സമൂഹത്തിന്റെ ഹ്രസ്വരൂപമായി പ്രവർത്തിക്കുന്നു.

ഓരോ രാഷ്ട്രീയ അധികാരത്തിനും പ്രബലമായ സാമൂഹിക–സാംസ്കാരിക പ്രതീക്ഷകൾക്കും വിധേയമായി കൊണ്ട് വ്യത്യസ്ത തരത്തിലുള്ള വ്യക്തികൾ തമ്മിലുള്ള ബന്ധത്തെ നമുക്ക് സമൂഹമായി കാണാം. മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിനുവേണ്ടി സമൂഹം എന്ന കാഴ്ചപ്പാട് അത്യന്താപേക്ഷിതമാണ്. പ്രത്യക്ഷ സമൂഹത്തിന് മൗലിക ഘടകങ്ങളായ രാഷ്ട്രീയം, നിയമം, ആത്മബന്ധം, തുടങ്ങിയവ നമുക്ക് കലയാലയങ്ങളിലും വീക്ഷിക്കാനാവും. വിദ്യാർത്ഥികളിൽ പരസ്പര സ്നേഹവും ബഹുമാനവും രൂപപ്പെടുന്നതിനൊപ്പം ജനാധിപത്യ വ്യവസ്ഥയെ അടിസ്ഥാന പ്പെടുത്തിയുള്ള തിരഞ്ഞെടുപ്പുകളും കലാലയങ്ങളെ സമൂഹത്തിന്റെ ചെറിയ പതിപ്പാക്കി മാറ്റുന്നുണ്ട്.

> **എങ്ങനെ ജീവിക്കണം എന്ന് പഠിക്കുകയല്ല മറിച്ച് ജീവിക്കാനുള്ള തിരിച്ചറിവ് ഉണ്ടാവുകയാണ് കലാലയങ്ങളിലൂടെ നാം ആർജിക്കുന്നത്.**

സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്നും കലാലയങ്ങളിലേക്ക് ചേക്കേറുമ്പോൾ വിദ്യാർഥികളിൽ നിന്നും ഒരു പൗരനിലേക്കുള്ള വളർച്ചയാണ് നമുക്ക് രൂപപ്പെടുന്നത്. വിദ്യാലയങ്ങളിൽ സുരക്ഷിതവും കരുതൽ നിറഞ്ഞതുമായ അന്തരീക്ഷത്തിൽ നിന്നും കലാലയത്തിലേക്ക് എത്തുമ്പോൾ സ്വന്തം വ്യക്തിത്വത്തെ സംരക്ഷിക്കേണ്ട കടമ നമ്മളിലേക്ക് എത്തുന്നു. സ്വയം രൂപപ്പെടുന്നതിലൂടെ പക്വതാപരമായി സഹജീവികളെയും പരിഗണിക്കാൻ സ്വാഭാവികമായും നാം പ്രാപ്തരാകുന്നു. സ്വന്തം ജീവിതം കെട്ടിപ്പടുക്കുമ്പോഴും മറ്റുള്ളവരെ പരിഗണിക്കാനുള്ള മനോഭാവം പൗരന്മാർക്ക് കലാല യങ്ങളിൽ നിന്നും ലഭിക്കുന്നു.

രാഷ്ട്രീയ ബോധമുള്ള പൗരന്മാരെ സൃഷ്ടിക്കുന്നതും നമ്മുടെ കലാലയങ്ങളിലൂടെയാണ്. ജനാധിപത്യ വ്യവസ്ഥയുടെ കൊടിയടയാളമായ തിരഞ്ഞെടുപ്പും വിവിധ പ്രത്യശാസ്ത്രങ്ങൾ വച്ചുപുലർത്തുന്ന സംഘടനകളും കലാലയങ്ങളിൽ ഉണ്ട്. നമ്മുടെ പ്രതിനിധികളെ സമ്മതിദാന അവകാശങ്ങളിലൂടെ തിരഞ്ഞെടുക്കുവാൻ ചെറുപ്പത്തിലെ തന്നെയുള്ള ബോധം ഉണ്ടാക്കുന്നുണ്ട്. എങ്ങനെ ജീവിക്കണം എന്ന് പഠിക്കുകയല്ല മറിച്ച് ജീവിക്കാനുള്ള തിരിച്ചറിവ് ഉണ്ടാവുകയാണ് കലാലയങ്ങളിലൂടെ നാം ആർജിക്കുന്നത്. നേതൃത്വ മനോഭാവവും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മനസ്ഥിതിയും ഇത്തരത്തിൽ കോളേജ് രാഷ്ട്രീയത്തിലൂടെ ലഭിക്കുന്നുണ്ട്.

ഓരോ സമൂഹത്തിലും തീർച്ചയായും ഓരോ വ്യ വസ്ഥകൾ നിലനിൽക്കുന്നുണ്ട്.

എന്നാൽ അവയെല്ലാം നീതിപരവും മനുഷ്യത്വപരവും ആവണമെന്നില്ല. 'മാറ്റുവിൻ ചട്ടങ്ങളെ' എന്ന ആശാന്റെ വചനം ഇവിടെ ഓർക്കാം. ഓരോ യുഗത്തിലും തലമുറകൾക്ക് അനുസരിച്ചുള്ള മാറ്റങ്ങളും നിർമ്മിതമാകുന്നു. കലാലയങ്ങളിലെ തുടർച്ചയായി വാഴ്ത്തപ്പെടുന്ന വ്യവസ്ഥിതികൾ വിദ്യാർത്ഥികൾക്ക് അനുചിതമല്ലാതാവുമ്പോൾ അവർ പ്രതികരിക്കുന്നു. അതുപോലെ വിദ്യാർഥികൾ പൗരനിലേക്ക് വളർന്ന് സമൂഹമായി മാറുമ്പോൾ, ഒരു ജനതയായി മാറുമ്പോൾ അവർ പ്രതികരിക്കുവാനും സുസ്ഥിരമായ ഒരു ജീവിതത്തിനു വേണ്ടി പ്രവർത്തിക്കുവാനും പ്രാപ്തരാകുന്നുണ്ട്.

പുതിയ ആശയങ്ങളിലേക്കുള്ള കവാടം കൂടിയാണ് ഓരോ കലാലയവും. സമൂഹത്തിൽ നാം പുതുതായി കൊണ്ടുവരുന്ന ഓരോ വികസനത്തിനു പിന്നിലും വ്യക്തികളുടെ ഭൗതിക മൂലധനത്തിന്റെ ആകെ തുകയാണ്. അതുപോലെ കലാലയങ്ങളിൽ ഓരോ ക്ലബ്ബും കൂട്ടായ്മകളും ഓരോ പുതിയ ആശയങ്ങളാണ്. മാനവികതയ്ക്ക് വേണ്ടി, അരാജകമായ ജീവിതം നയിക്കുന്നവർക്ക് വേണ്ടി, നമ്മുടെ രാഷ്ട്രീയത്തിന് വേണ്ടി പുതിയ കാര്യങ്ങൾ സംഭാവന ചെയ്യാൻ കലാലയങ്ങൾ വഴിയൊരുക്കുന്നു.

> **“ രാഷ്ട്രീയ ചിന്തകളും പരസ്പര സഹകരണവും വിട്ടുവീഴ്ചകളും പ്രതിസന്ധികളും കലാ–സാംസ്കാരിക വൈവിധ്യങ്ങളും സ്വഭാവ വൈവിധ്യങ്ങളും നിയമവ്യവസ്ഥകളും അങ്ങനെ എല്ലാവിധത്തിലും കലാലയങ്ങൾ ഒരു പുതിയ സമൂഹത്തെയാണ് സൃഷ്ടിക്കുന്നത്.**

കലാമൂല്യമുള്ള മനസ്സുകളെ രൂപപ്പെടുത്താൻ കലാലയങ്ങൾ സഹായകമാണ്. സമൂഹത്തിൽ പലവിധത്തിലുള്ള വ്യക്തികളും കുടുംബങ്ങളും ജീവിക്കുന്നുണ്ട്. ഇന്നത്തെ ഒരു സാഹചര്യം പറയുകയാണെങ്കിൽ ചില പ്രത്യേക തൊഴിൽ ഉള്ളവരെ മാത്രം ബഹുമാനിക്കുകയും വില മതിച്ചു കാണുകയും ചെയ്യുന്ന പ്രവണതയാണ്. കലയിലൂടെ ജീവിക്കുന്നവരെ പുച്ഛത്തോടെ കാണുന്നു. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസ രീതി മാറുകയാണ്. ഓരോ കലാലയത്തിലും കലയെയും കലാകാരന്മാരെയും ഇഷ്ടപ്പെടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പുതുതലമുറ രൂപപ്പെടുന്നുണ്ട്.

തീർച്ചയായും കലാലയങ്ങൾ സമൂഹത്തിന്റെ ഒരു ഹ്രസ്വരൂപമാണ്. രാഷ്ട്രീയ ചിന്തകളും പരസ്പര സഹകരണവും വിട്ടുവീഴ്ചകളും പ്രതിസന്ധികളും കലാ–സാംസ്കാരിക വൈവിധ്യങ്ങളും സ്വഭാവ വൈവിധ്യങ്ങളും നിയമവ്യവസ്ഥകളും അങ്ങനെ എല്ലാവിധത്തിലും കലാലയങ്ങൾ ഒരു പുതിയ സമൂഹത്തെയാണ് സൃഷ്ടിക്കുന്നത്.



# Idea of Normalcy

Kiran Alex
II BA English Language and Literature


The idea of the normal, the thought itself should get your mind perplexed. Why? You may ask. Think about it, what is normal? Can you define it? If you're defining it, is it the same for everyone? Now that I have created an array of doubts and have set the premise inside your head. Let's further understand it with an example. U.S.A has allowed the possession of guns by the public for their "safety". But that is not normal in our country. The same goes for public display of affection aka (PDA) which is considered illegal under section 294 of the IPC. That is the normal for a country with a land mass of 3.28 million square km. A whole nation has set its idea of normal on the grounds based on moral standards or the experience it has had from various ideologies injected into its veins by its colonisers.

Now let me ask you some simple questions. What is your idea of normal? Are you ambitious? Or are you a lazy person procrastinating your work like I procrastinated writing this article? Jokes aside, now you understand that the idea of normal is a spider web without a centre, without an omnipotent god-like figure controlling you, rather you make the decisions. Let's look at history and understand how the idea of normal acts like a living breathing animal which adapts to the conditions which is thrown to it. During the Victorian era, the rules, for the lack of a better word, were suffocating. Those rules and customs have flourished in the Indian soil making our old customs the dirty rag and the new ideas by the colonisers the rich fabric that should adorn the Indian minds. The ideas from the white alien became the new normal. The animal normal made its den so that it fits the new Indian bearing the weather around it.

This can be seen in the way the new Indian imitated the white, dressed like them, spoke like them, walked like them, understood like them, tried to feel like them, but when the weather became harsh and the animal migrated to the idea of freedom from the forest and found a new place called independence. This is how the animal adapts.

> **" The idea of normal is a spider web without a centre, without an omnipotent god-like figure controlling you.**

The idea of normal is like a building being renovated constantly to suit its new inhabitant. But the house has to bear with the world outside making normal scared, to hide away in a corner from the chattering windows and howling winds. This is the case with a lot of movements trying



to bring out the suppression they face and faced. They were scared, but finally, they brave the weather and make a struggle against it. Numerous examples of this can be seen in the form of feminist movements, LGBTQ+ movements, movements against racism etc., the list goes on and on like a supermarket bill.

But normal never stays the same. From bearing anarchy to going to a suitable form of governance called democracy, normal keeps evolving. From bearing a person's form of normal that is partial to his or her wishes to the formation of a rule that understands the collective normal, we have come a long way.

> **The idea of normal is a building being renovated constantly to suit its new inhabitor. But the house has to bear with the world outside making normal scared, to hide away in a corner from the chattering windows and howling winds.**

Now you may ask, isn't everything great now that we have reached this state. I would say no. As we are blinded by our own light, we fail to see another person's point of view, leaving them and their normal in the dark. We fail to acknowledge that another person can also feel, we fail to be empathetic. This leads to a number of problems as they paste a smile on their face and try to mix in with the world. But like oil and water they do not mix. They cripple their soul and attach themselves to the world. But that kind of life leads to a number of mental health issues like depression, anxiety, insecurities. Their whole image revolves around people not finding out their normal; they get castrated when they find out that someone they are close to, does not accept their idea of normal. This, eventually, in severe versions of some stories, leads to suicide. We have to normalise failure as well as we have to understand that only through failing that we learn how to move forward. But that is not the case in India. Students who fail in various entrance examinations decide that it's best they end everything because even though they think they have put their all-in they failed instead of realising what kept them away from reaching the top and making sure they perform better next time.

> **But normal never stays the same. From bearing anarchy to going to a suitable form of governance called democracy, normal keeps evolving.**

'Normal' is a tricky subject as normal is a mirror that questions our existence and decisions at each step. As we grow, we shape our normal continuously so instead of criticising the normal that is facing you from the opposite side of the mirror, just put on some music, dance and enjoy. Look at the normal dancing along. Celebrate that normal to the rhythms of life.

# ആദിവാസികൾ വനവാസികളാകുന്നത് എങ്ങനെ?

അമൽ എം രാജൻ
രണ്ടാം വർഷ ബി എസ് സി മാത്സ്

സ്വതന്ത്ര ഇന്ത്യയുടെ പതിനഞ്ചാമത് പ്രസിഡന്റായി ശ്രീമതി ദ്രൗപതി മുർമു തെരഞ്ഞെടുക്കപ്പെട്ടത് രാജ്യ ത്തിന്റെ നാനാഭാഗത്തും വലിയ വാർത്ത- യായിരുന്നു. സ്വാതന്ത്ര്യ ലബ്ധിയുടെ 75 സംവത്സരങ്ങൾ കഴിയുമ്പോ- ഴാണ് ഇന്ത്യയിലെ 'ആദിവാസി' വിഭാഗത്തിൽ നിന്നൊരാൾക്ക് ഇന്ത്യയുടെ പ്രഥമ പൗരൻ ആകാൻ കഴിഞ്ഞത് എന്നത് ഒരു യാഥാർത്ഥ്യം എന്നതിലു- പരി അത്ഭുതപ്പെടേണ്ട ഒരു സംഭവം കൂടിയാണ്. ചരിത്രപര- മായ ജാതിവ്യവസ്ഥയിലൂടെ ഇന്ത്യൻ സമൂഹത്തിന്റെ മു ഖ്യധാരയിൽനിന്ന് പാർശ്വവൽ- ക്കരിക്കപ്പെട്ട ഒരു വിഭാഗത്തിൽ നിന്നൊരാൾ, അതും ഒരു വനിത, ഇങ്ങനെയൊരു പദവിയിലേക്ക് നടന്നു കയറു- മ്പോൾ അത് ജനതയുടെ ഒന്നടങ്കം ഉള്ള മുന്നേറ്റത്തിന് വഴിയൊരുക്കുമോ എന്നത് കാത്തിരുന്നു കാണേണ്ടതാണ്. എന്നാൽ സർവ്വലൗകികമായി തദ്ദേശീയ ഗോത്രവർഗക്കാരെ വിളിക്കപ്പെടുന്ന 'ആദിവാസി' എന്ന പദം ബോധപൂർവം ഒഴി വാക്കപ്പെടുന്ന കാഴ്ച നമുക്ക് കാണാതിരിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ, അതിന്റെ പല തട്ടിലുള്ള പ്രതിനിധികളുടെ ഭാഷാ പ്രയോഗത്തിൽ നിന്നും 'ആദിവാസി' എന്ന പദം അപ്രത്യക്ഷമാകുകയും പകരം **'വനവാസി'** എന്ന പദം പ്രത്യ- ക്ഷപ്പെടുകയും ചെയ്യുന്നിടത്ത- ാണ് ഇത് കേവലം ഭാഷാ പ്രയോഗത്തിന്റെ മാത്രം കാര്യമല്ല മറിച്ച് നിശബ്ദമായ ഒളിച്ചുകടത്തലുകളുടെ കൂടിയ- ാണ് എന്ന് വ്യക്തമാകുന്നത്.

സ്വാതന്ത്ര്യ ലബ്ധിക്കു മുൻപും പിൻപും പൊതുസമൂ- ഹത്തിൽ നിന്ന് എല്ലായിപ്പോഴും മാറിനിന്ന ജനസമൂഹമാണ് ഇന്ത്യയിലെ ആദിവാസികൾ. ചരിത്രപരമായ, ഭാഷസാംസ്ക- ാരികപരമായ ഘടകങ്ങൾ ഇതിന് കാരണ- മായിട്ടുണ്ട്. പരമ്പരാഗതമായ ജാതി ഘടന- യ്ക്ക് പുറത്തുള്ളവ- രായിട്ടാണ് ആദിവാസികളെ കണക്കാക്കി- യിരുന്നത്. ഇന്ത്യ-യിലെ ഭൂരി- പക്ഷം വരുന്ന ഹിന്ദു ജനസം- ഖ്യയിൽ നിന്നും അതുപോലെ തന്നെ മറ്റു സംഘടിത മതങ്ങ- ളിൽ നിന്നും അവർ തങ്ങളെ- ത്തന്നെ വ്യത്യസ്തരാക്കുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വികസനത്തിന്റെയും പുരോഗ- തിയുടെയും പേരിൽ ആദിവാ- സികളെ അന്യ വൽക്കരിക്കുന്ന ചിട്ടയായ പ്രക്രിയയിലൂടെ അവർ കൂടുതൽ പാർശ്വവൽക്ക- രിക്കപ്പെട്ടു എന്ന് വേണം പറയാൻ.

'ആദിവാസി' എന്ന വാക്കിന്റെ അർത്ഥം 'ആദിമനി- വാസികൾ' അഥവാ ആദ്യം വഹിച്ചവർ എന്നാണ്. സ്കൂൾ പുസ്തകം മുതൽ സർക്കാർ രേഖകൾ, അക്കാദമിക സ്കോ ളർഷിപ്പുകൾ വരെ ഗോത്രവർഗ- ക്കാരെ കുറിച്ചുള്ള പൊതു വ്യവഹാരത്തിന്റെ മിക്കവാറും എല്ലാ കാര്യങ്ങളിലും ഈ പദം തന്നെ ഉപയോഗിക്കപ്പെടുന്നു. ഇന്ത്യയിൽ സംഘപരിവാർ അല്ലാതെ ഈ പദത്തിനെ ശക്തമായി എതിർക്കുന്ന മറ്റൊരു വിഭാഗത്തെ നമുക്ക് കാണാൻ കഴിയില്ല എന്നതാണ് 'ആദിവാസി' 'വനവാസി' ആകുന്നതിന്റെ രാഷ്ട്രീയം ചികഞ്ഞു പോകേണ്ടത്തിന്റെ ആവശ്യകത വലുതാകുന്നത്.

ആദിവാസികളെ വനവാ- സികൾ ആക്കിമാറ്റുന്ന സംഘപ- രിവാറിന്റെ ശ്രമങ്ങൾ യഥാർത്ഥ- ത്തിൽ അവരുടെ ആശയപരമായ പദ്ധതിയുടെ നിർണായക ഘടകമാണ്. 'ഹിന്ദുരാഷ്ട്രം' എന്ന അവരുടെ സ്വപ്നം, ഹിന്ദുക്കൾ ഇന്ത്യയിലെ തദ്ദേശീയരാണ് എന്ന അവകാ- ശവാദത്തിൽ അധിഷ്ഠിതമാണ്. ഈ അവകാശ- വാദത്തിന് വിലങ്ങുതടിയായി മുന്നിലുള്ളത് ആദിവാസികളാണ്. വൈദിക നാഗരികത രാജ്യത്തേക്ക് കൊണ്ടുവന്ന ആര്യന്മാരാണ് ഈ ഭൂമിയുടെ ആദിമനിവാസി- കൾ എന്ന സംഘപരിവാർ വാദത്തിന് എതിരാണ് എന്നതാണ് ആദിവാസികൾക്ക് യഥാർത്ഥ നിവാസികളുടെ പദവി അവർ നിഷേധിക്കുന്ന- തിന്റെ കാരണം.

കഴിഞ്ഞ നൂറ്റാണ്ടിൽ അടിച്ചേല്പിക്കപ്പെട്ട മതപരമായ പല വിഭജനങ്ങളിലൂടെ ആദിവാസി സമൂഹങ്ങൾ താര-

തമ്യേന ദുർബലമായിട്ടുണ്ട്. മുഖ്യധാരാ മതങ്ങളിൽ നിന്നൊക്കെ ഒഴിഞ്ഞുമാറി തങ്ങളുടെ ഗോത്ര സംസ്കാരവും വിശ്വാസവും പിന്തുടർന്ന് പോകുന്നു പല ഗോത്രങ്ങളും, ആദ്യകാലങ്ങളിൽ ക്രിസ്ത്യൻ മിഷണറികൾ ആയിരുന്നു. അവതന്നെയാണ് മത പരിവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്. എന്നാൽ ഗോത്രവർഗക്കാരെ ഹിന്ദുമതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള വൻമുന്നേറ്റത്തിൽ ഏർപ്പെടുകയാണ് സംഘപരിവാർ. ആദിവാസി ക്ഷേമത്തിനും വിദ്യാഭ്യാസത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾ സ്ഥാപിക്കുന്നതിലൂടെയാണ് ഈ ലക്ഷ്യങ്ങൾ നടപ്പിലാക്കപ്പെടുന്നത്. വനവാസി കല്യാൺ ആശ്രമം, ഏകൽ വിദ്യാലയം, സേവാഭാരതി, വിവേകാനന്ദ കേന്ദ്രം, ഭാരത് കല്യാൺ പ്രതിഷ്ഠാൻ എന്നിവയാണ് അവയിൽ ചില പ്രമുഖ സംഘടനകൾ. ഇവയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ ആദിവാസികളെ ഹിന്ദു വൽക്കരിച്ച തിരഞ്ഞെടുപ്പ് നേട്ടങ്ങൾ ഉറപ്പാക്കാൻ ആദിവാസി മേഖലകളിൽ തങ്ങളുടെ സ്വാധീനം ഉപയോഗിക്കുക എന്നിവയാണ്.






മേൽപ്പറഞ്ഞ എല്ലാ സംഘടനകളും കഇഞഎ (ഇന്ത്യൻ ഡെവലപ്മെന്റ് ആൻഡ് റിലീഫ് ഫണ്ട്) ലഭിച്ചിട്ടുള്ളവയാണ്. ആർ. എസ്. എസ്. പ്രസിദ്ധീകരണമായ "RSS: വൈഡ്നിംഗ് ഹൊറൈസൺസ്" എന്നതിൽ IRDF ഫണ്ട് ചെയ്ത സ്ഥാപനത്തെപറ്റി വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. വിഭവ വനവാസി കല്യാൺ ആശ്രമത്തിന്റെ ലക്ഷ്യം പ്രവാസികളിൽ അവരുടെ പൂർവികരെ (ഹിന്ദു) കുറിച്ച് അവബോധം സൃഷ്ടിച്ച് ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും സാമൂഹിക വിരുദ്ധവും ദേശീയ വിരുദ്ധവുമായ ഘടകങ്ങ-ളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുക എന്നതാണ്. ഗോത്രവർഗ്ഗക്കാരുടെ മനസ്സിൽ വിശ്വാസം വളർത്തുന്നതിനായി സേവാഭാരതി ആദിവാസി യുവാക്കളെയും പെൺകുട്ടികളെയും തിരഞ്ഞെടു- ക്കുകയും, അവരെ ശ്രീരാമ കഥ പ്രവചന (രാമായണ പ്രഭാഷണങ്ങൾ) പരിശീലനത്തിന് അയോദ്ധ്യയിലേക്ക് അയച്ച പരിശീലനം നൽകുകയും, അവർ ഗ്രാമങ്ങളിൽ താമസിച്ചു രാമകഥ പ്രചരിപ്പിക്കുകയും ചെയ്തു പോകുന്നു. ഇതിലെ ഏറ്റവും വലിയ വിരോ-

ധാഭാസം രാമകഥകൾക്കു ആദിവാസികളോ അവരുടെ പാരമ്പര്യങ്ങളോ ആയിട്ടു യാതൊരു ബന്ധവും എല്ലായെന്നതാണ്. ഇത്തരത്തിൽ വനവാസി കല്യാൺ ആശ്രമങ്ങൾ, ഏകൽ വിദ്യാലയങ്ങൾ എന്നിവയുടെ IRDF സഹായത്തോടുകൂടിയ പ്രവർത്തനങ്ങൾ നാമമാത്രമായ വികസന, ക്ഷേമ സംഘടനകൾ മാത്രമാണ്. എന്നാൽ അതിലും സമർത്ഥമായി ആദിവാസി പുനർപരിവർത്തന സ്ഥാപനങ്ങൾ സംഘപരിവാറിന്റെ രാഷ്ട്രീയ നേട്ടങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുന്നു എന്നത് നമ്മളാരും ചർച്ച ചെയ്യാത്ത വിഷയമായി തുടർന്നുപോരുന്നു.

തങ്ങളുടെ ആത്യന്തിക്ക ലക്ഷ്യമായ 'ഹിന്ദു രാക്ഷ്ട്ര' നിർമ്മിതിക്കു വഴിയൊരുക്കുവാൻ ഒരേ സമയം സംഘപരിവാറിന് ആദിവാസി സമൂഹങ്ങളെ ഒപ്പം നിർത്തുകയും വേണം അവർ ഉന്നയിച്ചേക്കാവുന്ന ചോദ്യങ്ങൾ ഒഴുവാക്കുകയും വേണം. അതിനുവേണ്ടിയുള്ള ബൃഹത് പദ്ധതിയുടെ ഭാഗമാണ് 'ആദി വാസി' 'വനവാസി' ആകുന്നത്. ഗോത്ര വിശ്വാസം വിചാര വിഭിന്നതകൾക്ക് അതീതമായി ഹിന്ദു വൽക്കരണത്തിന്റെ ഒരൊറ്റ കുടക്കീഴിൽ അവരെ അണിനിര-ത്തുന്ന അണിയറപ്രവർത്തനങ്ങൾ നിശബ്ദമായി നടന്നു പോകുന്നു. ഇതിനിടയിൽ രാഷ്ട്രപതി പദവിയിലേക്കു ഒരു ആദിവാസി വനിതയുടെ തിരഞ്ഞെടുക്കപ്പെട്ടൽ കൂടിയാകുമ്പോൾ എതിർപ്പ് പറയാൻ ഉയരുന്ന നാവു കൂടെ അഭിനന്ദന പ്രവാഹങ്ങളിൽ മുഴുകും എന്ന് ആരെക്കാളും നന്നായി സംഘപ- രിവാറിന് അറിയാം. അങ്ങനെ വികസനത്തിന്റെ പേരിൽ തലമുറകളായി പേര് അറുത്തു മാറ്റപ്പെടുന്ന ഒരു അസംഘടിത ജനസമൂഹം ആരുമറിയാതെ, ആരാലും ശ്രദ്ധിക്കപ്പെടാതെ, ഒരു വലിയ പദ്ധതിയുടെ ഭാഗമായി തങ്ങളുടെ സ്വത്വം നഷ്ടപ്പെട്ട് ചരിത്രത്തിലിടം ഇല്ലാത്തവരായി മാറ്റപ്പെടുകയാണ് ഇവിടെ, സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവങ്ങൾക്കിടയിൽ.






BEGINNING

# സഞ്ചാരിയുടെ വാക്കുകൾ

ആദിത്ത് മാത്തൻ ഫിലിപ്പ്
രണ്ടാം വർഷ ബി സി ജെ



**"മതത്തെ രാഷ്ട്രീയത്തോട് ചേർത്ത് നിർത്തുന്ന ഏതു കാര്യത്തിലും ഞാൻ എതിരാണ്."**

നമ്മൾ പലപ്പോഴും നമ്മുടെ ഭരണാസമ്യദായത്തെ കുറ്റം പറയാറുണ്ട്. എന്നാൽ, നമ്മുടെ ഭരണസംവിധാനം കൃത്യമായ വീക്ഷണം ഇല്ലാത്തത് ആണെന്നതിൽ എനിക്ക് ഒരു സംശയവുമില്ല. അതിപ്പോ, ഏതു പാർട്ടി ഭരിച്ചാലും പരിമിതികളുണ്ട്. ഏത് പാർട്ടിയിലും വളരെ വീക്ഷണമുള്ള ആളുകൾ ഉണ്ടാകുന്നുമുണ്ട്. ഇപ്പോൾ കോൺഗ്രെസ്സാകട്ടെ, കമ്മ്യൂണിസ്റ്റാക്കട്ടെ, ബിജെപി–ആകട്ടെ. ഇത് പാർട്ടിയല്ല, പാർട്ടിയിൽ ആരു അധികാരസ്ഥാനത്ത് നില്കുന്നു എന്നതിലാണ്. മതത്തെ രാഷ്ട്രീയത്തോട് ചേർത്ത് നിർത്തുന്ന ഏതു കാര്യത്തിലും ഞാൻ എതിരാണ്, അത് ക്രിസ്ത്യാനിയായാലും ഹിന്ദുവായായാലും മുസ്ലിമായാലും, ആരായാലും അത് ചെയ്യാൻ പാടില്ലാത്തതാണ്. കാരണം, ഒരു മതത്തിൽ ജനിച്ചു എന്നത് ഒരാളുടെ തെറ്റല്ല. ഒരു

രാഷ്ട്രീയ പ്രവർത്തകൻ ആകുന്നത് നിങ്ങൾ വളർന്നതിനുശേഷം ആണ്.

**“അതിവേഗത്തിൽ പേ ാകുന്ന ഗതാഗത സംവിധാന-ങ്ങളെ അടുത്ത തലമുറയ്ക്ക് ആവശ്യമുണ്ടെന്ന് ഉറച്ചു വിശ്വ-സിക്കുന്ന ഒരാളാണ് ഞാൻ.”**

എന്റെ സ്ഥാപനത്തിൽ ഞാൻ ഒരു ഭരണപരിഷ്കരണം കൊണ്ടുവരുമ്പോൾ എന്റെ കീഴുദ-യ്യോഗസ്ഥൻ അതിനെ എതിർത്ത് നിൽക്കുകയാണെങ്കിൽ അത് എന്റെ പരാജയമാണ്. കാരണം ഈ ഒരു പദ്ധതിയുടെ ഉദ്ദേശം അവരെ മനസ്സിലാക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. കെ–റെയിൽ പദ്ധതിയെ പറ്റി ഇപ്പോഴും ഇരുട്ടിൽ തപ്പുകയാണ് ജനം. ഈയൊരു പദ്ധതിക്ക് ഒരിക്കലും ഞാൻ എതിരല്ല. നല്ല റെയിൽവേ മാത്രമല്ല എയർപോർട്ടും, നല്ല എക്സ്പ്രസ് ഹൈവേ, ഉൾനാടൻ ഗതാഗതത്തിന് തീരദേശത്തെ ഗതാഗത സംവിധാനങ്ങൾ എല്ലാം ഇന്ത്യയിൽ ആവശ്യമുണ്ടെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. പക്ഷേ അത് നടപ്പിലാക്കാൻ തൊഴിൽപരമായ കഴിവും ബുദ്ധി യും വേണം. കെ–റെയിലിന്റെ ഒരു വ്യക്തമായ സാമ്പത്തിക കണക്കുകൾ ജനങ്ങളെ ബോധിപ്പിക്കുന്ന ഭാഗത്തിൽ രൂപപ്പെടുത്തിയാൽ പ്രശ്നം തീരണമല്ലോ. പിന്നെ വരുന്നത് രാഷ്ട്രീയമാണ്. കേരളത്തിലെ തെക്കുമുതൽ വടക്ക് വരെയ ുള്ള ജനങ്ങളിൽ കെ –റെയി ലിന്റെ പേരിൽ സ്ഥലം പേ ാകുന്നത് കൂടിപ്പോയാൽ ഒരു ശതമാനം ആളുകൾക്ക് മാത്രമാ യിരിക്കും. എന്നാൽ ഇതിനെ തിരെ പ്രതിഷേധിക്കുന്നത് ഇവർ മാത്രമല്ല. അതുകൊണ്ടുതന്നെ എന്തുകൊണ്ടാണ് ഇത് സംഭവ ിച്ചത് എന്ന് നമ്മൾ ചിന്തിക്കണം. ഞാൻ പറയുന്നത്, ഒരു പുതിയ നിയമത്തെയോ മാറ്റത്തെയോ ആളുകൾ എതിർക്കുന്നത് ആ പദ്ധതി തെറ്റായതുകൊണ്ടല്ല, അതിന്റെ വീക്ഷണം തെ റ്റായതുകൊണ്ടാവാം അല്ലെങ്കിൽ അത് അവതരിപ്പിക്കുന്ന രീതി തെ റ്റായതുകൊണ്ടാവാം.

**“അതുകൊണ്ടാണ് ഇഡലി, ചട്നി, പുട്ട്, കടല എന്നിവ തേടി സായിപ്പ് ഇവിടെ വരാത്തത്.”**

കേരളത്തിലെ ഭക്ഷ്യവസ്-തുക്കൾക്ക് അന്താരാഷ്ട്ര വിനോ-ദസഞ്ചാരികളെ ആകർഷിക്കു-വാനുള്ള തത്വവും കുറവാണ്. കാരണം നമ്മൾ കൂടുതൽ എരി-വും, പുളിയും, മസാലയും ഒക്കെ ഇഷ്ടമുള്ളവരാണ്. എന്നാൽ വിനോദസഞ്ചാരികൾക്ക് ഏറ്റവും ഇഷ്ടമില്ലാത്തത് എരിവാണ്. ഇത് ഒട്ടും ആരോ-ഗ്യകരമല്ല എന്നും അവർ വിശ്വസിക്കുന്നു. അതുകൊണ്ടാ ണല്ലോ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രമേഹ രോഗികൾ ഉണ്ടാകുന്നത്. നാം മനസ്സിലാക്കേണ്ട ഒരു കാര്യം എന്തെന്ന് വെച്ചാൽ നമ്മുടെ ഭക്ഷണം നമുക്ക് മാത്രമാണ് പ്രിയപ്പെട്ടത്. ഈയൊരു ചിന്തയിൽ നിന്ന് വെടിഞ്ഞ് നമ്മൾ ലോക പൗരന്മാരായി ചിന്തിക്കണം. കേരളത്തെ ഭക്ഷണം മാത്രം താങ്കൾക്ക് നൽകരുത് എന്നാണ് വടക്ക് ഇന്ത്യൻ വിനോദ സഞ്ചാരികൾ പറയുന്നത്. നമ്മുടെ വെളിച്ചെണ്ണയുടെ മണം തന്നെ അവർക്ക് അസ്വസ്ഥമാണ്. നമ്മുടെ കൊച്ചു ലോകത്തിൽ മാത്രം ഒതുങ്ങുന്നതാവരുത് നമ്മുടെ കാഴ്ചപ്പാടുകൾ. മറിച്ച് പുറമേ-യുള്ള ഒരു ലോകത്തേക്ക് ശ്രദ്ധ ചെലുത്തണ, എന്നാൽ മാത്രമേ നമുക്ക് നമ്മുടെ വസ്തുക്കൾക്ക് കുഴപ്പമുണ്ടെന്ന് നമ്മളെക്കാൾ മികച്ചത് ലോകത്ത് ഉണ്ടെന്നും മനസ്സിലാക്കാൻ കഴിയുക.

**“കേരളത്തിലെ വിദ്യാഭ്യാസ രീതികൾ കാല-ത്തിനനുസരിച്ച് മാറണം എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ.”**

വിദ്യാഭ്യാസത്തെ ആധുനിക സംവിധാനങ്ങളും മനു-ഷ്യന്റെ ഇന്നത്തെ ആവശ്യങ്ങ-ളുമായി ചേർക്കണം. ഒരു പുസ്തകം മുഴുവൻ കാണാപ്പാഠം പഠിക്കുന്നതിൽ കാര്യമില്ല. കാരണം ഇന്നത്തെ കാലത്ത് സ്മാർട്ട് ഫോണിൽ ഒരു സെക്കൻഡ് ടച്ച് കൊണ്ട് എന്തും കിട്ടും. രണ്ടാമതായി പ്രധാന കാര്യം എന്നുവച്ചാൽ സോഷ്യൽ മീഡിയ എങ്ങനെ ഉപയോഗിക്കണം എന്നറിഞ്ഞു വയ്ക്കണം. ഒരാളെ നല്ലവൻ ആക്കാൻ അതിലുപരി ഏറ്റവും മോശമായി ചിത്രീ-കരിക്കാനും ഉള്ള എല്ലാ സംവിധാനങ്ങളും ഇന്ന് സോ-ഷ്യൽ മീഡിയയിൽ ഉണ്ട്. അതുകൊണ്ടുതന്നെ സോഷ്യൽ മീഡിയ ഇങ്ങനെ മാന്യമായി ഉപയോഗിക്കണം എന്നത് ആദ്യമായി അറിഞ്ഞിരിക്കണം. നിയമങ്ങൾ പോലെ തന്നെ അത്യാവശ്യമായി പഠിക്കേണ്ട ഒന്നാണ് ഇന്നത്തെ കാലത്ത് സോഷ്യൽ മീഡിയ എങ്ങനെ ഉപയോഗിക്കാം എന്നുള്ളത്. നമുക്ക് നചുറ്റും ലഭ്യമായ അറിവുകൾ നമ്മളിലേക്ക് അടിച്ചമർത്തുന്നതിലുപരി ഒരു കുട്ടിയുടെ കഴിവ് എന്താണെന്ന് അറിഞ്ഞു അതിനെ പ്രോത്സാഹി-പ്പിക്കുന്നതാണ് വിദ്യാഭ്യാസം ലക്ഷം ഇടേണ്ടത്.

Adith Mathen
***Program Producer***
Ajsal
***DOP***
Ameena
***Creative Head***
Namitha
***Script writer***

*Available at* ***SH Vision***





# FREEDOM FIGHT

Sophia Mathew
II BCJ





Freedom Fight (2022) movie sets about a bold and fierce tumults of waves and brings with it the potential to create a powerful and much needed uproar in society. It is no surprise that as the title suggests, the fight for freedom is what is portrayed in the film. But going beyond the five stories of the anthology, the movie in itself promises a daring fight against all oppressors in the society. *The Great Indian Kitchen*, is directed by Akhil Anilkumar, Kunjila Mascillamani, Jeo Baby, Francis Louis and Jithin Issac Thomas.

The movie begins in a very cheeky, light-hearted fashion; the spectators are given a glimpse of a young woman, Geethu. Geethu's character is played by Rajisha Vijayan and Renjith Shekar is cast as her colleague who has a love for her. Faced by enormous pressures from family members and office mates she constantly feels stripped of her own freedom of decision-making essentially relating to her marriage among other matters. This is not a new situation dealt in Malayalam cinema but there is a fine attempt to make the whole shot convincing through quirky narrative style like breaking the fourth wall, changing aspect ratio etc.

Rajisha's acting is familiar to the audience as it is of the same style as in the Malayalam movie June (2019). But she leaves no space to complain as the acting is suitable to the scripted character. 'Geethu Unchained' title is inspired by Django Unchained movie and both may have just the oppressed person's struggle and rebellion in common because otherwise not enough dedication is put in unshackling Geethu from the chains that bind her, with respect to the attention given for humour in the film. At the end, it fails in having an actual impact but it is a fine, amusing attempt to introduce the audience to an issue very familiar, yet continued to be taken for granted in society. It points out the toxicity of how what other people or society thinks becomes more grave than valuing the feelings and emotions of our dear ones.

'The Unorganised' directed by Kunjila Mascillamani has a very interesting start. A bunch of ladies are seen climbing and jumping past a gate and it creates a sense of curiosity and when the issue is realised it catches one off guard. Based on true events that took place in Kerala in 2010 when women's collective ‘Penkootu’ and merchants' union got on a rampage over lack of toilets for women workers. This film does justice as it has paid surprisingly great attention to detail. It doesn't seem forced anywhere and the lead performance by Srinda feels very effortless. The documentary style approach is evident and the genuiness of various characters is what makes the attempt so heart-touching and compelling. For example, the scene in which

> **There is a fine attempt to make the whole short convincing through quirky narrative style like breaking the fourth wall, changing aspect ratio etc.**

Srinda admits how clueless she is about transgenders is striking because of its sheer honesty. All the struggles that the women workers undergo can be clearly understood and the film has helped in widening the space for women, and not to shy away from topics generally considered taboo, for example, discussion on menstrual cup and it can be said that the film is a progressive mark for Malayalam film industry.

The third in the anthology, titled *Ration*, directed and edited by Francis Louis stands apart from the rest because here the freedom fight is mostly an inner turmoil to maintain one's integrity and self-respect. Jeo Baby is one of the main characters and his wife is the crucial character through whom the whole struggle gains momentum. The lives of the privileged neighbours of this family stands in contrast to the main characters' unfortunate and miserable lives as who have just enough money to make both ends meet. The outside world is completely unaware of the character's exasperation caused by a careless misunderstanding with the privileged continuing to be unaware of their so 'taken for granted' privilege and continue to be oblivious to the sufferings of those less fortunate.

The limitations due to the financial situation creates an urge for financial freedom for the low unfortunate class of society. The film proves to be very thought provoking and particularly the end scene has a profound impression.

The subsequent one, *Old Age Home* is quick to garner attention and make eyes watery because of the innocence and misery of the main character played brilliantly by Joju George. He is an old man suffering from deteriorating health conditions and is always driven with the desire to eat sweets and break out of the loneliness that surrounds him. Not only does this character have good reason to fight for freedom but the domestic worker in the house of the old man as well as his wife has reasons to fight for freedom in their lives. The old man and wife who are very rich still go through a great deal of struggle showing that even good financial situation is not the answer for freedom and what means freedom for one is different for another person. The subtle approach of the film and wide shots signify the loneliness that some are destined to go through.





**It points out at the toxicity of how what other people or society thinks becomes more concerning than valuing the feelings and emotions of our dear ones.**

The final part of the anthology marks a total shift in the trajectory of the film. The title '*Revelation*' at the

end drops a bombshell. Septic tank workers who are, most of the time overlooked and seen with disgust are the edifice of the story. A minister tyrannizes them in the most unacceptable, inhuman manner. This oppression is shown by powerful shots, freeze frames and great editing techniques empowered by music that advertently laments of this injustice imposed on them. One is reminded of the music in Mari Selvaraj's movie, *Pariyerum Perumal* which in all its might expresses the great anguish and anger that rises within the oppressed being who finally explodes in dangerous outbursts. Filmmaker Jithin Issac Thomas has taken courageous filmmaking strides to showcase these outbursts that arise from the great injustice inflicted by the tormentors. The rage to fight for freedom of one's self from all the evil lurking around is visible through the short and the unwavering performance put forth by Unni Lal and Sidhartha Siva as the cherry on the cake. The ripples of shock reverberate from the screen and hit the spectator as shots with astounding ramifications form the film. Choice of draining all colours from the screen resonates with the content and, in the end sequence, the dripping blood is dealt exceptionally and not given this treatment and it again shows the bold choice of the filmmaker. The sensitive issue is not taken sensitively. Instead, it is portrayed in full rage as how the blood of the human who is oppressed boils because of the injustice towards him. The attitude of the rich swimming in their filthy money is unabashedly shown, their ignorance and hatred towards the septic tank workers can make one think if they don't ever defecate but that is where the pun in the title of the short lies.

**" The subtle approach of the film and wide shots indicating the loneliness makes it a memorable watch.**



# REITERATE

Natasha Maria Davis
II BA Sociology

The vibrant red scarf bestowed its stroke of love to the alluring sun. In grandiose style he got up from his royal chair to say goodbye to his morning mates. The day was as sugary as honey and so he really wished if he could be there for sometime guzzling the sweetness of the day. The red scarf was not patient enough to let him indulge in the park with his mates.

Aghhhh! How ironic it is when you and the mighty sun feel the same pain to vamoose from. Sometimes you will have to hasten your footsteps when the memories rush back to you like a belligerent wave.

The last time I came here, I was still a kid who was reluctant enough to come out of her mother's plushiness. But as I stand here under the banyan tree with truckloads of memories and a heavy heart to carry back home, I realise a woman in me has begun to take birth.

**Take a pause when you feel you want to relive the moment. ” Cherish those moments one more time because once you drive past by you cannot come back again to the same stop.**

The water and nutrients the place has given you to nurture yourself into a showy flower. Remember when you were just a bud taking small leaps to the mammoth? Remember when you pretended to be

okay or when you were away from your mother. Remember the days when a benevolent caressing touch stroked down your shoulder and you felt like being loved. How did all those days pass by so quickly? Who hastens the time? Is it you? Or rather is it just my inner self that is running faster?

Slow down my young buds. The world around you is moving faster. Do not buckle your shoes up to run a marathon. Stroll down slowly, feel the little things around you. The drop of water that takes its nap in the cozy bed of a leaf, feel the coldness of it. Compliment the bud for blooming into an extravagant beauty the very next day you see it. Have sympathy for the kind hearts that make your day easier. All these things are not going to be the same the next second. Things change, people change, and memories start to fade slowly if you do not acknowledge them.


I was once a zestful lily amongst the roses and sunflowers. And we all grew up to be young ladies who are all set to rule the world. The blissful days will pass by and one day you will sit alone in the old couch reminiscing the golden days of your life. Laughter, cries and giggles will whisper in your ears and that's when you realise you have come a long way.

Take a pause when you feel you want to relive the moment. Cherish those moments one more time because once you drive past by you cannot come back again to the same stop.

The darkness came and lulled him to sleep. He lingered around enunciating bedtime stories to the stars that brushed his forehead with their gleaming fingers. Stars helped in covering him in the blanket of clouds. And then he dozed off to sleep.

The old radio played again from the empty room and the dusty curtains fondled my oily cheeks. The silent wind brushed by. A deep agony was felt inside me because the hand I wished to hold was nowhere to be seen because I was nevertheless a human but a soul who had gone from the garden of love much earlier.

**" Slow down my young buds. The world around you is moving faster. Do not buckle your shoes up to run a marathon. Stroll down slowly, feel the little things around you. The drop of water that takes its nap in the cozy bed of a leaf, feel the coldness of it. Compliment the bud for blooming into an extravagant beauty the very next day you see it. Have sympathy for the kind hearts which makes your day easier. All these things are not going to be the same the next second. Things change, people change, and memories start to fade slowly if you do not acknowledge them.**




# നൂറ്

ജിനു ജോർജ്
രണ്ടാം വർഷ ബി എ ഇംഗ്ലീഷ്
ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ





നൂറ്, ഇരുന്നൂറ്, മുന്നൂറ്. വില കയറ്റിവയ്ക്കുകയാണ്. കച്ചവടം പൊടിപൊടിക്കുന്നു. വിറ്റ് പോകുന്നത് നാൽകാലികൾ അല്ല. വിലയിടപ്പെടുന്നതും, വിറ്റ് പോകുന്നതും സ്ത്രീകളാണ്. സുന്ദരികളും ശാലീനസൗന്ദര്യം നിറഞ്ഞവരുമൊക്കെ വിലയ്ക്ക് വാങ്ങപ്പെടുന്നുണ്ട്. പ്രമാണിമാരും നാട്ടിലെ പ്രധാന ധനികരും എല്ലാം നല്ല വിലയ്ക്ക് നല്ലത് നോക്കിതന്നെ വാങ്ങിച്ചു. അപ്പോഴും സൗന്ദര്യം നിറഞ്ഞു തുളുമ്പാത്ത, കാണാൻ അഴകില്ല എന്ന് പറഞ്ഞ് മാറ്റി നിർത്തപ്പെട്ട കുറച്ച് പേർ ഇനിയും ബാക്കി. ആശങ്ക കൊണ്ട് പുകഞ്ഞ ആരുടെ മാതാപിതാക്കൾ വില അങ്ങോട്ട് നൽകി തങ്ങളുടെ മക്കളെ ബാക്കിയായ യുവാക്കളെ ഏൽപിക്കാൻ തുടങ്ങി. ഇത് പരിണാമം സംഭവിച്ച്, പിന്നീട് അങ്ങോട്ട് തേഞ്ഞ് മാഞ്ഞ് ഇന്നത്തെ സ്ത്രീധനത്തിൽ എത്തപ്പെട്ടു. പുരുഷകേന്ദ്രികൃതമായ ഒരു സമൂഹം രൂപപ്പെട്ട 18–ാം നൂറ്റാണ്ടിൽ തന്നെ സ്ത്രീധനം നടപ്പിലാക്കപ്പെട്ടു കഴിഞ്ഞിരുന്നു.

ലോകത്തിലെ ഏറ്റവും പുരാതനമായ സംസ്ക്കാരം ആണ് ബാബിലോണിയൻ സംസ്ക്കാരം. ബാബിലോണിയ സംസ്ക്കാരം നിലനിന്നിരുന്ന സമയത്ത് എഴുതപ്പെട്ട ഹാമുറാബിസ് കോഡ്, അവർ പാലിച്ച് പോന്നിരുന്ന, സമൂഹം നിഷ്കർഷിച്ചിരുന്ന നിയമസംഹിതമാണ്. വിവാഹബന്ധത്തെ കുറിച്ച് ഹാമുറാബിസ് കോഡിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്, "വിവാഹപ്രായമെത്തിയ സ്ത്രീകളെ അവരുടെ അനുവാദത്തോടെ അങ്ങാടിപോലുള്ള സ്ഥലത്തേക്ക് കൂട്ടികൊണ്ടുപോവുകയും മാതാപിതാക്കൾ കൊണ്ടുവന്ന സ്ത്രീകളെ പുരുഷൻമാർ ഇവിടെ വെച്ച് തെരഞ്ഞെടുത്ത് വിവാഹ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു". പണ്ട് ഈ തെരഞ്ഞെടുപ്പ് സമയത്ത് പുരുഷന്മാർ സ്ത്രീകളുടെ കുടുംബത്തിനാണ് പണം നൽകിയിരുന്നത്. ഇത് ബ്രൈഡ്സ് വെൽത്ത് അഥവാ സ്ത്രീധനം എന്ന് വിളിക്കപ്പെട്ടു. നാം ഇന്ന് കാണുന്ന സ്ത്രീധനത്തിന്റെ യഥാർത്ഥ രൂപം ആയിരുന്നു അത്. ഇന്ന് കാണുന്ന സ്ത്രീധന സമ്പ്രദായത്തിന്റെ നേർ വിപരീതം ആണ് അന്ന് നടന്നിരുന്ന ഈ ബ്രൈഡ്സ് വെൽത്ത്. ഈ വില നിശ്ചയിച്ചിരുന്നത് ചരക്ക് വസ്തുക്കളായി സ്ത്രീകളെ കാണുന്നത് കൊണ്ടല്ല മറിച്ച്, പണ്ട് കാലത്തെ ഒരു കുടുംബത്തിന്റെ പ്രധാനപ്പെട്ട വരുമാന സ്രോതസ്സ് ആ കുടുംബത്തിലെ കൃഷിയിടം ആയിരുന്നു. രാവന്തിയോളം കൃഷിസ്ഥലത്ത് പണിയെടുത്ത്, അത് സ്ത്രീ ആയാലും പുരുഷൻ ആയാലും അതിനെ തുല്യതയ്ക്ക് വേണ്ടിയാണ് പണം നൽകിയിരുന്നത്. വീട് വിട്ട് ഒരു പുരുഷന്റെ കൂടെ വീട്ടിലേക്ക് മാറിന്ന വരുന്ന സ്ത്രീയുടെ അസാന്നിധ്യം ആ വീടിനെ ബുദ്ധിമുട്ടിക്കാതെ ഇരിക്കാൻ വേണ്ടിയാണ് ഈ സമ്പ്രദായം തുടർന്നു പോന്നത്.

> **സൗന്ദര്യം നിറഞ്ഞു തുളുമ്പാത്ത, കാണാൻ അഴകില്ല എന്ന് പറഞ്ഞ് മാറ്റി നിർത്തപ്പെട്ട കുറച്ച് പേർ ഇനിയും ബാക്കി.**

ഗ്രീസിന്റെ പഴയ നിയമം പുസ്തകമായ ഏറിയനിലും ഇത് എഴുതപ്പെട്ടിട്ടുണ്ട്, വിവാഹാനന്തരം ഒരു വിതത്തിലുമുള്ള സാമ്പത്തിക കൈമാറ്റങ്ങളും നടത്തരുത് എന്ന്. അത് കൊണ്ട് തന്നെ പണ്ട് കാലം മുതൽ പറഞ്ഞ് എഴുതപ്പെട്ട് വെച്ചിരിക്കുന്നതാണ് സ്ത്രീകളുടെ കൈയ്യിൽ നിന്ന് വാങ്ങുന്ന ധനമല്ല സ്ത്രീയെ ആണ് ധനം ആയിട്ട് കാണേണ്ടത് എന്ന്. അതാണ്



**പുരുഷൻ സമ്പാദിക്കുന്നതിലേറെ സമ്പാദിക്കുന്ന, പുരുഷന്റെ വളർച്ചയിൽ ചില വായതിനേക്കാൾ ഏറെ പണം ചിലവായ സ്ത്രീയാണോ സ്ത്രീധനം കൊടുക്കേണ്ടത് അതോ പുരുഷനാണോ ?**


സ്ത്രീധനം എന്നറിയപ്പെടേണ്ടത്; സ്ത്രീയാകുന്ന ധനം.

ചരിത്രത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ ഒക്കെ പുരുഷനാണ് സ്ത്രീക്ക് വേണ്ടി ജോലി ചെയ്ത് കുടുംബം പോറ്റിയിരുന്നത് എന്ന് കാണാൻ സാധിക്കും. വീടുകളിൽ ഇരുന്ന് കുടുംബം നോക്കുക മാത്രം ആയിരുന്നു സ്ത്രീകളുടെ ഉത്തരവാദിത്വം. എന്നാൽ കഠിനമായ അടിമ, ജാതിവ്യവസ്ഥകൾ നിലവിൽ വന്നതോടെയാണ് ഇതിൽ മാറ്റം സംഭവിച്ച് തുടങ്ങിയത്. പിന്നീട് ഉള്ള ചരിത്രങ്ങളിൽ മുഴുവൻ സ്ത്രീ ഒരു ബാധ്യതയായി ആണ് ചിത്രീകരിക്കപ്പെട്ടത്. പുരുഷമേധാവിത്വം അവരുടെ നിലപാടുകളും തീരുമാനങ്ങളും മാത്രം ശരിയെന്ന പറഞ്ഞ് അവർ സ്ത്രീക്ക് വിലയിട്ടു.

1999 മുതൽ 2018 വരെ നടന്നിരിക്കുന്ന ആത്മഹത്യകളിൽ 40 മുതൽ 50% വരെ നടന്ന ആത്മഹത്യകൽ സ്ത്രീധനത്തെ പ്രതിയാണ് എന്ന് 2019– ൽ ഇന്ത്യ ടുഡേ പ്രസിദ്ധീകരിച്ചിരുന്നു. ഇന്ത്യ മുഴുവനും അന്നു വരെ റിപ്പോർട്ട് ചെയ്യപ്പെട്ട അത്മഹത്യകളെകുറിച്ച് പഠിച്ചാണ് ഇതുപോലൊരു റിപ്പോർട്ട് അവതരിപ്പിക്കപ്പെട്ടത്. 2019–ൽ മാത്രം ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് 7115 സ്ത്രീധന കേസുകളാണ്. ഇത് കജഇ 304ആ–ൽ നിയമപരമായി ജുഡീഷറി മുൻപാകെ നേരിട്ടവയാണ്. എന്നാൽ ഇതേ സമയം തന്നെ എത്രയോ കേസുകൾ നിയമപരമായി റിപ്പോർട്ട് ചെയ്യപ്പെടാത്തതായിട്ടും, ചെയ്യപ്പെട്ടിട്ട് നീതി ലഭിക്കാത്തതുമായി ഉണ്ടാവും എന്നും ഊഹിക്കാമല്ലോ?

1961–ൽ രാജേന്ദ്രപ്രസാദ് ഗവൺമെന്റാണ് ആദ്യമായ് ഡൗറി ആക്റ്റ് നിലവിൽ കൊണ്ടുവരുന്നത്. അന്ന് നിലവിൽ വന്ന നിയമത്തിൽ ഒരു സാധ്യത ഒളിഞ്ഞിരിപ്പുണ്ടായിരുന്നു, വിവാഹത്തെ തുടർന്ന് കൊടുക്കുന്ന സമ്മാനങ്ങൾ ഒന്നും തന്നെ സ്ത്രീധനമായി കണക്കാക്കാൻ കഴിയില്ല എന്ന്. പക്ഷേ പിന്നീട് കാലം മുന്നോട്ട് പോയപ്പോൾ നിയമത്തിന്റെ ഈ സാധ്യത ദുരുപയോഗം ചെയ്യപ്പെട്ടു. സ്ത്രീധനം വീണ്ടും ഒരു പതിവ് കാഴ്ച്ചയായി മാറി. അത് പോലെ തന്നെ സ്ത്രീധനത്തിന്റെ പേരിലുള്ള വിവാഹമോചന കേസുകളും ആത്മഹത്യകളും എണ്ണം പെരുകാൻ തുടങ്ങി.


പിന്നീട് 1985–ൽ രാ ജീവ് ഗാന്ധി സർക്കാർ ആണ് Dowry Prohibition Act ഭേദഗതി കൊണ്ടുവന്നത്. IPC, 304B, 498A എന്നീ നിയമ വശങ്ങൾ ഉൾപ്പെടുത്തി ഇത് വിവാഹ സംബന്ധമായിട്ട് ഉള്ള ഏതൊരുവിധ സാമ്പത്തിക




**സ്ത്രീയാകുന്ന ധനത്തെ തിരിച്ചറിയട്ടെ!**

ഇടപാടുകളും നിയമവിരുദ്ധമായി നിലകൊള്ളുന്നു എന്ന് തിരുത്തി എഴുതി. പക്ഷേ സ്ത്രീധന നിയമവ്യവസ്ഥ ഇന്നും പുസ്തകതാളുകളിൽ എഴുതപ്പെട്ട നിയമം മാത്രം ആയി നിലകൊള്ളുന്നു. ഇനി വരുന്ന ഒരു ജനതയ്ക്ക് എങ്കിലും ഒരു മാറ്റം അനിവാര്യമാണ്. കാലത്തിനൊത്ത് ചലിക്കുന്ന അറിവും ജോലിയും സ്വന്തമാക്കി ഒരു കുടുംബം നോക്കാനും പോറ്റാനും പ്രാപ്തയായ സ്ത്രീയെ സ്ത്രീധനത്തിന്റെ പേരും പറഞ്ഞ് മാറ്റി നിർത്തരുത്. പുരുഷൻ സമ്പാദിക്കുന്നതിലേറെ സമ്പാദിക്കുന്ന, പുരുഷന്റെ വളർച്ചയിൽ ചിലവായതിനേക്കാൾ ഏറെ പണം ചിലവായ സ്ത്രീയാണോ സ്ത്രീധനം കൊടുക്കേണ്ടത് അതോ പുരുഷനാണോ ?

ഇനിയും നടപ്പിലാക്കപ്പെടാത്ത ഈ നിയമത്തിന് വേണ്ടി നമ്മുക്ക് അണിനിരക്കാം. ഇനിയെങ്കിലും ഈ ഭാരതമണ്ണിൽ സ്ത്രീധനത്തിന്റെ പേരിൽ ഒരു ജീവൻ പോലും പൊലിയാതിരിക്കട്ടെ. സ്ത്രീയുടെ ധനത്തെയല്ല, സ്ത്രീയാകുന്ന ധനത്തെ തിരിച്ചറിയട്ടെ!





# JAI BHIM: AN UNHEARD BATTLE

Nada Shaji
II BSc Psychology








*Jai Bhim,* to the normal eyes, might seem like the perfect crime thriller with its plot, puzzle-like story progression and a linear showcase of evidences to collaborate with the puzzle. When deconstructed, the movie can be seen as a question-answer session conducted by Chandru to solve the mystery of the disappearance of Irular tribe members namely Rajakannu, Iruttuapan, Mosakuttty but more than that, at the end of the day, it is a story of hope. A story which showers trampled and cornered people with a sense of security, like that of the rain for the new agriculture season brings, a belief and a hope that their seeds will prosper. They have that faith in truth, as well as in Chandru (Suriya) who is the messiah of justice for the affected families, in this case, from the Irular tribe. The movie starts as an ode to the love filled past of Rajakannu and Sengini along with a romantic depiction of the Irular tribe enjoying their day-to-day lifestyle. They are depicted as a couple that cannot be separated from each other even during hardships and crisis. However, for a movie to materialise there needs to be a conflict. Things hit the rock bottom from the moment Rajakannu goes to capture a snake from the village headman's house. This event turns into the stone that causes ripples of brutal experiences for Rajakannu and his relatives. They experience police brutality to an extreme level, face humiliation from the Tamil society which doesn't give importance to a backward community like the Irular tribe, and the women related to this case suffer disgrace from the law enforcers of the area. This leads to a chain of cataclysmic events in which they find out about the death of Rajakannu and tampering of evidence by the police through a thorough investigation by Chandru and the I.G (inspector general).

Now that you know the story in its most basic form, why and how does Jai Bhim peak curiosity is important. Through the story the audience is introduced to various problems faced by the backward communities. Although they are shown in a lighter weight compared to the main plot, they are also instances that unconsciously make us sympathise to the characters. The problems are: they are illtreated by government staff when they reach the respective office for certificates, they do not have the basic education that can help them survive the modern world, they do not have any identification papers, they do not get the right to vote and are insulted by the political leaders whereas other personnel, whom the government staff are given adequate respect and good treatment. These injustices are the foundation that puts a bitter taste in the audience's mouths. Now that the food has entered the mouth with a foul taste, how do you maintain that foul taste? The answer to that question is through the lens of the camera and the background score. Through various camera techniques. Like the focus shot where the subject is focused. For example, Sengani is focused when her daughter Alli is captured by the cops. The perspective shots from a different character to the main scene, which can be seen when Sengani is being followed by the police jeep and the politician of the area asks what the matter is about. The cut scenes that make the story a jigsaw puzzle which when put together gives the whole view of the puzzle along with bird's eye view which is also employed in scenes to give a whole picture. These camera techniques are employed in various areas of the movie to highlight the characters' presence in the setting which is accompanied by a complementary background score to further make the scenes taste horrid in the audience's mouth. This is not the first time that these techniques are used in cinema but the way in which they are used with the authenticity is important. By authenticity, I am talking about the realistic techniques that are used in a courtroom like habeas corpus, precedent, cross examination etc., which further makes a good impression on the audience as it is not an uneducated representation of the courtroom.

**❞ A story which showers trampled and cornered people with a sense of security, like that of the rain for the new agriculture season brings, a belief and a hope that their seeds will prosper.**

All this bad taste in the audience's mouth will only lead to them disliking the movie. This is where light hearted humour, emotional songs, simple attire, realistic setting and the perfor-



**The last scene as it displays the power of rain in its full glory, which symbolises a new chapter for Sengini, as rain turns a barren land into a place where plants thrive.**

mance of background actors come into play. Even though these aspects are not observed and recognised, they do soothe the subconscious mind and it creates a warmth which keeps the audience hooked to the movie. Had this movie been made available as a book, it would have been one of the best crime thrillers as it is like a diary entry from the perspective of different characters. From the villains to the negative characters who are greedy, to the wife who wants justice, everyone's diary entry is shown with a supporting perspective of the camera which here acts as the pen. For example, Suriya is shown as a powerful mountain against the attorney general and a father figure to Alli in the absence of Rajakannu, and Sengini is shown as a determined woman against the sys by the audience. The movie has become an incredible hit because it touches controversial subjects like caste which is not debated upon because of its toxic presence and police brutality as they are supposed to be "government servants" but are seen as an intimidating presence for the government. These topics are less focused upon as they have an enraging effect on the victims and is ignored by its abusers as they find it as a God-given gift. Finally, the movie ends on a hopeful note like I talked about in the beginning, where the characters resolve to make amends so that there wouldn't be another victim like Rajakannu and conduct marches so that the people are aware of his innocence. We see a good officer in I.G. who is trying to correct the mistakes of his fellow officers and helping in justice being served to the families. But the most heart touching scene is the last scene as it displays the power of rain in its full glory. The rain symbolises a new chapter for Sengini, as rain turns a barren land into a place where plants thrive.






ADOLESCENCE

# വിൽക്കപ്പെടും കാത്, ചില നേരം!

നിരഞ്ജന എം
ഒന്നാംവർഷ ബി എസ് സി കെമിസ്ട്രി

ഇവിടം സ്വർഗ്ഗമാണ്! ആണോ? ആ വാക്ക് എന്നെ പലപ്പോഴും വീർപ്പുമുട്ടിക്കുന്നു. ഇവിടം എങ്ങനെയാണ് സ്വർഗ്ഗമാകുന്നത്? അതിനുത്തരം സിമ്പിളല്ലേ... ഈ തണൽ വീഥികൾ, തിങ്ങി പാർക്കുന്ന നഗരങ്ങൾ, മഞ്ഞ പ്രകാശിക്കുന്ന ബൾബുകൾ, പിന്നെ ഏറെ മനോഹരമായ കനാലുകൾ. ഇതിനപ്പുറം നീ എന്താണ് ഇവിടെ നിന്ന് സ്വന്തമാക്കാൻ ആഗ്രഹിക്കുന്നത്? ആശാവഹമായ ഉത്തരങ്ങളാണ് എന്റെ കൈയ്യിൽ ഉള്ളത്. പക്ഷേ ഞാൻ ആഗ്രഹിക്കുന്നത് ഒരു മനുഷ്യൻറെ കാതും ഇത്തിരി നേരവുമാണെങ്കിലോ? അത് ഈ നിങ്ങളീപറയുന്ന നഗരത്തിൻറെ സുവിശേഷങ്ങളിൽപ്പെടുമോ? മനസ്സിൻറെ തെന്നിപോക്കുകളിൽ ഞാൻ ചില ഇടവഴികളിലൂടെ സഞ്ചരിച്ചിട്ടുണ്ട്. അവിടെ നിങ്ങൾക്ക് തെരുവ്വീഥികളിൽ ആർക്കും വേണ്ടാതെ കിടക്കുന്ന ശവങ്ങളെ കാണാം, മനസ്സ് മരവിച്ചിരിക്കുന്ന മനുഷ്യ ശരീരങ്ങളെകാണാം, സ്പർശനത്തിന്നായി അകലുന്ന കാലുകളെകാണാം. ഇവർക്കൊന്നും ഞാനീ പറയുന്ന നഗരം ഒരു സ്വർഗ്ഗമല്ല. ഇടയ്ക്ക് ഞാനീവീർപ്പുമുട്ടിക്കുന്ന മുറിയിൽ നിന്ന് പുറത്തിറങ്ങും; കുർത്തയും കാലിസഞ്ചിയുമായി. അവിടെ വില മതിക്കാനാവാത്ത പലതുമുണ്ട്. ആളുകളുടെ ഓട്ടപ്പാച്ചിൽ, വിശപ്പിൻറെ ശബ്ദസംഗീതത്തിൽ വഴികളിലെ പാത്രങ്ങളിൽ വീണൊട്ടുന്ന ചില്ലറതുട്ടുകൾ, പിന്നെ നഗരം നടുങ്ങുംവിധം അനക്കമില്ലാതെ തുടരുന്ന നിശ്ശബ്ദത. അതിനെ ഞാൻ



ഏറെ ഇഷ്ടപ്പെടുന്നു. അതിൽ ചിലതൊക്കെ എനിക്ക് തട്ടിയെടുക്കാൻ തോന്നും. പക്ഷേ പലപ്പോഴും അതിനെ വീർപ്പുമുട്ടിക്കാൻ എന്റെ ഈ കൂറ്റൻ സഞ്ചി തയ്യാറാകാറില്ല. ചില നഗരങ്ങളിലെ പൊട്ടൻ കല്ലുകളിൽ തറച്ചു കയറി പൊട്ടിപോയ ടയറിനുള്ളിൽ നിന്ന് അഴിഞ്ഞു പോയ കാറ്റായിരിക്കും എന്റെ സഞ്ചിയിൽ കുത്തിയിരിക്കുക. ഞാൻ ആകാറ്റിൽ പാറിപ്പറക്കും, മരിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യന്റെ താളം തെറ്റിയ മനസ്സുപോലെ.

ചിലപ്പോൾ വഴിയിൽ നിർത്തി ഒരു നിശാഗന്ധി പറിച്ച് ഞാൻ ആ യാത്രതുടരും, കാറ്റ് നിൽക്കുമ്പോൾ അയാൾ പഞ്ചർകടയിലേക്ക് നീങ്ങും. അപ്പോഴേക്കും എന്റെ കയ്യിലെ നിശാഗന്ധിയ്ക്ക് ശവംനാറിയുടെ മണമാകും. ഇനിയും ഒതുക്കം കിട്ടിയില്ല, നടത്തം തുടരും അപ്പോഴേക്കും

**ഞാൻ പറയുമെടോ ഇനിയും ഒച്ചയിൽ തന്നെ "എനിക്കൊരു കാത് തരൂ". ഹൃദയം തുറന്ന് കേൾക്കാൻ കഴിവുള്ള, മനസ്സുള്ള കാത്! താനീ പറയുന്ന ഒരു നഗരത്തിലും അതുമാത്രം വിൽപ്പനയ്ക്ക് വെച്ച് കണ്ടിട്ടില്ല.**

താളം പിടി തരാതെ തെരുവിലൂടെ അലയും. ഏത് താളം? എടോ മനസ്സേ വൈകാരികതയുടെ നിട്ട പ്രാണയിൽ ഒഴുകി എൻറെ പ്രാണൻ. എനിക്ക് പറയണമെടോ ഈ നഗരത്തോട്, ഈ വീഥികളോട് ഇവിടെ മുഴുവൻ മരണഗാനങ്ങൾ ആണെന്ന്.

ചില കടകളിൽ ബോർഡുകൾ "മരണം മണക്കുന്ന ചന്ദനത്തിരികൾ". ഞാൻ അവിടുന്നത് ആസ്വദിക്കാൻ തുടങ്ങി. എടോ, താൻ സഫ്മത്തല്ലയിലെ തിരക്ക് ശ്രദ്ധിച്ചിട്ടുണ്ടോ? വയറിൻറെ ചില സമയത്തെ വേലിയേറ്റങ്ങളിൽ ഒന്നു മണക്കാനായി ഞാൻ അങ്ങോട്ട് ചെന്നിട്ടുണ്ട്. അതിനുള്ളിൽ നിറയെ കോട്ടും സൂട്ടും ബിരിയാണിയും അകതാക്കാനുണ്ടാകും. ഒരു സമയത്ത് വേലിയിറക്കം കഴിഞ്ഞ് ഞാൻ അങ്ങോട്ട് ഇറങ്ങിയപ്പോൾ ഒരു സ്ത്രീ എൻറെ കാലു പിടിച്ചു. ഞാൻ അങ്ങട് ഇല്ലാണ്ടായിപ്പോയിന്നെ! അവരുടെ കൈയ്യിലുണ്ടായിരുന്ന ഒരുതുണി ഞാൻ ചവിട്ടിപോയി. അത് വെറും തുണിയായിരുന്നില്ല. ഒരു ഹർത്താൽ ദിവസം മകനെയും എടുത്ത് ആശുപത്രിയിലേക്ക് ഓടിയ ആ അമ്മയെ പാർട്ടിക്കാർ തല്ലിചതച്ചപ്പോൾ മകൻറെ തലയിലെ ചോര തുടച്ചതുണിയാടോ! മകൻ തല്ലുകൊണ്ടാഘാതത്തിൽ അങ്ങ്പോയി. അമ്മ ഇന്ന് ഇങ്ങനെയാ... ആ ഒരു തുണിയെ അവർക്കുള്ളു. അവരെ കേൾക്കാനും ആരുമില്ല. നമ്മുടെ ആൾക്കാർക്കൊക്കെ ഏ. സി. യ്ക്കുള്ളിൽ ശരവേഗത്തിൽ കുതിക്കാനല്ലേ തത്രപ്പാട്. ഈ പറക്കുന്ന ഹെലികോപ്റ്ററിൻറെ ശബ്ദം ഇന്നെനിക്ക് അരോചമകമാണ്. ചിലനേരത്ത് അത് എന്റെ ചെവിയിൽ തറച്ചുകയറും. അന്നേരം ഞാനതിലങ്ങ് ഇരിക്കും. മനസ്സിൻറെ ഏടാകൂടം ഒരു മായാജാലചെപ്പാണ്. അതിൽ എനിക്ക് എവിടെ വേണമെങ്കിലും പോകാം. ഇന്നലെ പോയത് നാട്ടിലേക്കാണ്. ഗോവിന്ദേട്ടന്റെ അങ്ങാടിയിലൊന്നിരുന്നു. അവിടുത്തെ ലണ്ടൻ കേക്കിനും പള പള മിന്നുന്ന കുപ്പിയുടെ ചേലാണ്, അതിനെ വെല്ലാൻ ഇവിടുത്തെ കനാലിലെ മൂലയിൽ അടിഞ്ഞ് ചോര നിറഞ്ഞ കുപ്പി ചില്ലിന് കഴിവില്ല.

ഞാൻ പറയുമെടോ ഇനിയും ഒച്ചയിൽ തന്നെ "എനിക്കൊരു കാത് തരൂ". ഹൃദയം തുറന്ന് കേൾക്കാൻ കഴിവുള്ള, മനസ്സുള്ള

**ഞാൻ ആ കാറ്റിൽ പാറിപ്പറക്കും, മരിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യന്റെ താളം തെറ്റിയ മനസ്സുപോലെ.**

കാത്! താനീപറയുന്ന ഒരു നഗരത്തിലും അതുമാത്രം വിൽപ്പനയ്ക്ക് വെച്ച്കണ്ടിട്ടില്ല. കാൽപ്പനികതയുടെ നല്ല സഞ്ചാരത്തിൽ ശ്രദ്ധയിൽ പെടാതെ പോയതാകാം. ഞാനും മരിക്കും. പക്ഷേ ഒരു കടയിട്ടതിനുശേഷം. അവിടെ ആളുകൾ തിങ്ങിപാർക്കും. നല്ല ഒരുകൂട്ടം മനുഷ്യരുടെ കാതും സമയവുംലഭ്യമാക്കണം. ശരിയാ, തമ്പായിയേട്ടിയെ വിളിക്കണം, അവരാ എൻറെ കട ഉദ്ഘാടനം ചെയ്യുന്നത്. നാട്ടിലെ അലയുന്ന തെരുവ് പട്ടികൾക്കൊക്കെ അഭയം നല്കുന്ന കൊച്ചുവീടുള്ള ഞങ്ങളുടെ തമ്പുമ്മ. ഉടനേ തുറക്കണം, അല്ലേൽ ഞാൻ വീർപ്പുമുട്ടി ചത്തുപോകും. ആദ്യം കാതും സമയവും എനിക്കാണ്. കടലിലെ തിരമാലകൾ തല്ലിതെറിച്ച് ചാകാറില്ലേ! അവയുടെ ഇരമ്പംകേൾക്കണം. അങ്ങനെവേണ്ട, തല്ലിച്ചതക്കണ്ട, ചത്തുകഴിഞ്ഞല്ലോ! ഇനി ചീഞ്ഞളിയണം, പിന്നെകൊത്തി വലിക്കണം, ഉള്ളുവലിച്ച പോലെ...!!!

# Introverts

Deepika Krishnan
II BA English Copy Editor

"I am sure they think I am an introvert or an extrovert or an extroverted introvert or an introverted extrovert. Wait, what?"

We've all come across this, right? As generations pass by, successive changes in technology and innovations have evolved. As a result, the world itself is accessible at our fingertips. This, of course, provides a wide range of opportunities, but that little factor called "comfort zone" predominates over these opportunities and pulls us back from social interactions and society. This is one of the main reasons why many young people are introverted and antisocial. Adding to this, the pandemic gave a firmer ground for people who seek solitude and personal space. This took away the opportunity for social interaction, even if they wanted to. Adolescents and young people were the most affected. Online education and working from home limit the exposure of the emerging generations. The continuation of this system for over two years made it difficult to bring things back on track. We were cooped up inside our own cyberspace and the walls of our homes at the time. It can be argued that pandemic undoubtedly increased the number of introverts and antisocials and moreover, made them preferable. But when we really think about it, it doesn't matter if a person is introvert, extrovert, ambivert or whatever. As long as your choices don't hurt anybody or don't hinder your personal development as a responsible human, it doesn't matter how you live your life. It is always we who know what is best for us. If being in our own personal space is what we really want, nobody has the authority to judge us. The same is the case when we choose otherwise. At the end of the day, everything that matters is if we are happy with how we live and what we do.

> **Adolescents and young people were the most affected. Online education and working from home limit the exposure of the emerging generations.**

> **As long as your choices don't hurt anybody or don't hinder your personal development as a responsible human, it doesn't matter how you live your life.**



# "PHONOPIENS"

Jolsna Jayakumar
I BA Economics

The state of human beings has encountered a revolution that affixed communication and has created a huge reciprocation in world history. Humans have the proficiency to vindicate social relations even with the anthropoid and azoic corners. If pointing to the analogous slice that the statistical data manifested, the current number of smartphone users is about 6.648 billion and this means 83.72% of the world population owns a phone.

Today, we reside in a community where people probably have interpersonal relationships with devices and this




**"As per the studies that were conducted in 2018, reducing the usage of media platforms for 30 minutes a day resulted in a magnificent reduction in the level of loneliness, anxiety, FOMO and insomnia.**

indirectly enhances the mind as well. But somehow, it ensues social collaboration in actuality. As we can punctuate that, mobile phones have got the potentiality to comprehend us, better than any person. Besides, it is confiscated to an environment where they can get through without sustenance but not without their phone. The proximity of in-depth relation with phone is equivalently important with contrasting styles. Thus the reality has been contagiously thrown out of sphere by enfeebling the emotional mobility betwixt both enabling on the basis of empirical evidences. And also greatly influences the customarily factors, to be precise the whole conditioned living way of life. It led to a phase where that can circumscribe a variety of urge, control issues including the virtual relationships, cybersex addictions, online compulsions etc. On to the realisation of other hand that the obsession is tougher to suppress on your own, for the most part when temptation is always accessible.

> **” Let’s invite it pragmatically to beat the chronic disorder that is embraced globally. Culminating this by noting down developmental challenges and social pressures clinch the so-called “PHONOPIENS”.**


Humans are social creatures that need the amity of others to shoot up in life and depth of our connections has a huge impact on mental health. Examining the present world, population is highly relying on platforms while they slip away to remember that social media can never be a renewal for actual worldly human connection as to work with happiness and stress-free. The foremost thing is to have in-person link with others to alienate virtual addictions. Manipulations are another core area that made individuals insecure in every slice and dice. This respective access to phone generates the irreducible way that can set off the impetuous control issues which will affect the essence of focus. Radical temporary fluctuations leads to a circumstance that uplifted the human uncontrollable than what we think of ?

However, this has created a major shout out to interpersonal correlations. Advancement of technology conditioned the human behaviour as whole. The human race created a world for themselves without envisaging that they're robbing off their lives. As per the studies that were conducted in 2018, reducing the usage of media platforms for 30 minutes a day resulted in a magnificent reduction in the level of loneliness, anxiety, FOMO and insomnia.
It's high time to adequately explore the real world where people lapse to live in. Let's invite it pragmatically to beat the chronic disorder that is embraced globally. Culminating this by noting down developmental challenges and social pressures clinch the so-called "PHONOPIENS".

# Breeze of Grief

Fathima Heena Hasmi
II BA English Copy Editor

This breeze carries the weight of a thousand oppressed souls to my east, west, south, north and the in-between.
Some as close to me in Kashmir or Tibet; some far far away in Palestine or Ukraine.
The map would have blood-flowing through its rivers and oceans.
Don't bother to scan through all of its hot springs, your iris would turn scarlet red.
Bombs would be lodged in your throat.
Near or far, these souls don't know me.
I know their suffering to an extent of a grain, but I don't know them either.
This breeze also carries the weight of a thousand suppressed figures writhing in disillusionment inside me, sometimes of sadness, other times of happiness.
Nevertheless, it's a beautiful day to be alive.
It's beautiful to be alive…




SHIFT

# എവിടെ നിന്നാണ് വിവേചനങ്ങൾ ആരംഭിക്കുന്നത്?

അപർണ ശശികുമാർ
രണ്ടാം വർഷ ബി എ ഇംഗ്ലീഷ്
ലാംഗ്വജ് ആൻഡ് ലിറ്ററേച്ചർ

"എന്റെ ജന്മം തന്നെയാണ് എനിക്ക് സംഭവിച്ച ഏറ്റവും വലിയ അപകടം"
– രോഹിത് വെമുല.

കാൾ സാഗനെ പോലെ ഒരു ശാസ്ത്രലേഖകനും എഴുത്തുകാരനും ആകാൻ ആഗ്രഹിച്ച രോഹിത് വെമുലയുടെ സ്വപ്നങ്ങൾ ഒരു ആത്മഹത്യാ കുറിപ്പിൽ ഇല്ലാതാവുകയായിരുന്നു. ഇൻസ്റ്റിറ്റ്യൂഷണൽ ജാതീയതയ്ക്കും അക്രമത്തിനും ഇരയാക്കപ്പെട്ട് ജീവൻ അവസാനിപ്പിക്കേണ്ടി വന്ന വിദ്യാർത്ഥിയാണ് രോഹിത് വെമുല. 2016 ജനുവരി 17 നാണ് ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന രോഹിത് വെമുല ആത്മഹത്യ ചെയ്തത്. 2015 –ൽ സർവ്വകലാശാല രോഹിത്തിനു ലഭിക്കേണ്ട ഫെലോഷിപ്പ് തുക നിറുത്തി വെക്കുകയായിരുന്നു. തുടർന്ന് കെട്ടി ചമയ്ക്കപ്പെട്ട വ്യാജ കേസുകളിൽ യൂണിവേഴ്സിറ്റി രോഹിത്തിനെതിരെ അനന്വേഷണവും പ്രഖ്യാപിച്ചിരുന്നു. രോഹിത് രാജ്യദ്രോഹിയും ദേശവിരുദ്ധനുമായി കെട്ടി ചമയ്ക്കപ്പെട്ടു. തുടർന്ന് രോഹിത് ഉൾപ്പെടെയുള്ള ദളിത് ആക്ടിവിസ്റ്റുകളെ യൂണിവേഴ്സിറ്റിയിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ഹോസ്റ്റലിൽ നിന്ന് പുറത്താക്കുകയും ചെയ്തു. ദളിത് വിദ്യാർത്ഥി മുന്നേറ്റങ്ങൾക്ക് എതിരെ നലനിന്ന ബ്രാഹ്മിണിക് സിദ്ധാന്തങ്ങൾ മുറുകെ പിടിച്ച സർവകലാശാല ജാതീയമായ വേർതിരിവിലൂടെയും, അടിച്ചമർത്തലിലൂടെയും രോഹിത്തിനെ മാനസികമായി പീഡിപ്പിച്ചു കൊല ചെയ്യുകയായിരുന്നു എന്ന് തന്നെ പറയാം. സംവരണവും ആനുകൂല്യങ്ങളിൽ പഠിക്കുന്നവരെല്ലാം തന്നെ അതേ സംവരണത്തിന്റെ പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിവേചനം നേരിടുന്നവരാണ്.

മഹാത്മാഗാന്ധി സർവകലാശാലയിൽ ഇൻസ്റ്റിട്യൂഷണൽ അതിക്രമം നേരിട്ട ദീപ പി.മോഹനനും, ഐ.ഐ.ടി.യിൽ ജാതിയുടെ പേരിൽ അവസരങ്ങൾ നിഷേധിക്കപ്പെട്ട വിപിൻ. പി. വീട്ടിലും ജാതി വിവേചനം നേരിട്ട കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിട്യൂട്ടിലെ വിദ്യാർത്ഥികളും എല്ലാവരും തന്നെ ഇന്ത്യൻ യൂണിവേഴ്സിറ്റികൾ എന്ന ജാതീയ അഗ്രഹാരങ്ങളിൽ നിന്നും നീതിയും വിദ്യാഭ്യാസവും സമത്വവും നിഷേ ധിക്കപ്പെട്ടവരാണ്. ഒരുപാട് വിദ്യാർത്ഥികൾ ഇത്തരം അക്രമങ്ങളും അടിച്ചമർത്തലുകളും സഹിക്കാനാവാതെ പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നു. ഇൻസ്റ്റിട്യൂഷണൽ ജാതീയത കൊന്നൊടുക്കുന്ന പലരുടെയും സ്വപ്നങ്ങളും ജീവിതവും പലപ്പൊഴും പുറം ലോകം അറിയുന്നില്ല. നീതിയും നിയമവും വിദ്യാഭ്യാസവും നിഷേധിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, വരും കാലങ്ങളിൽ താങ്ങായും തണലായും നിലനിൽക്കേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജാതീയമായ ചിന്തകൾ വെച്ച് പുലർത്തുന്നതും തുടർന്ന് അതിക്രമങ്ങൾ അഴിച്ച് വിടുന്നതും തികച്ചും അനുവദിച്ചു കൂടാത്തത് തന്നെയാണ്.

"ഐ.ഐ.ടി.യിൽ ബ്രാഹ്മണാധിപത്യമാണ്' എന്ന് അസ്സി. പ്രൊഫസറായിരുന്ന വിപിൻ പുതിയടത്ത് പറഞ്ഞത് വെറുതെയല്ല. പാരീസിലെ സോർബോൺ യൂണിവേഴ്സിറ്റിയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, വിർജീനിയയിലെ ജോർജ് മേസൺ യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി, യൂറോപ്യൻ യൂണിയൻ നൽകുന്ന ഇറാസ്മസ് മുണ്ടസ് പോസ്റ്റ് ഗ്രാജുവേറ്റ് സ്കോളർഷിപ്പ് നേടിയ വ്യക്തിയാണ് വിപിൻ പുതിയേടത്ത്. 2019 ൽ ഐ.ഐ.ടി മദ്രാസിൽ ഹ്യൂമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസ് ഡിപ്പാർട്ടുമെന്റിൽ അസ്സി. പ്രൊഫസറായി നിയമിതനായ ഇത്രയും അക്കാദമിക്ക് പിൻബലമുള്ള വിപിന് മദ്രാസ് ഐ.ഐ.ടിയിലെ സ്വന്തം ഡിപ്പാർട്ട്മെന്റിൽ നിന്നും നേരിടേണ്ടി വന്നത് തികഞ്ഞ ജാതീയതയാണ്. "ഐ.ഐ.ടി മദ്രാസിൽ നമ്മൾ ജാതിയെക്കുറിച്ച് ശ്രദ്ധിക്കാതി-

**"ഇന്ത്യയിൽ ഒരാൾ തന്റെ ജാതീയവും, സാമൂഹികവുമായ പിന്നോക്കാവസ്ഥയിലും ഉന്നത സർവ്വകലാശാലയിൽ പഠനം സ്വപ്നം കാണുന്നുണ്ടെങ്കിൽ അവിടെ അവർക്കായി കാത്തിരിക്കുന്നത് അറിവിന്റെ, സാധ്യതകളുടെ ലോകം മാത്രമല്ല നിരന്തരമായ വേട്ടയാടലിന്റെ കെണികൾ കൂടിയാണ് എന്നതിന്റെ ജ്വലിക്കുന്ന ഓർമ്മകളാണിവ.**




രുന്നാലും അവർ നമ്മുടെ ജാതി കണ്ടുപിടിക്കുകയോ കണ്ടുപിടിക്കാനുള്ള ശ്രമം നടത്തുകയോ ചെയ്യും. 'എന്ന് വിപിൻ പറയുന്നു. ഒബിസി റിസർവേഷൻ വഴിയല്ല മറിച്ച് ജനറൽ ലിസ്റ്റിലാണ് വിപിൻ ഐ.ഐ.ടി.യിൽ എത്തുന്നത്. പ്രൊബേഷനിൽ ആയിരിക്കുന്ന സമയത്ത് ക്ലാസുകൾ എടുക്കരുത് എന്ന് വിപിനെ വിലക്കിയ ഡിപ്പാർട്ട്മെന്റ് അദ്ദേഹത്തെ പോലെ തന്നെ പ്രൊബേഷനിൽ ആയിരുന്ന ബ്രാഹ്മണനായ ഫാക്കൽറ്റിയെ ക്ലാസ്സ് എടുക്കാൻ അനുവദിച്ചു. വിപിൻ പറയുന്നത് ഐ.ഐ. ടി. പോലുള്ള സ്ഥാപനങ്ങളിൽ അടിച്ചമർത്തപ്പെടുന്ന വിഭാഗങ്ങളിൽ നിന്നും വരുന്നവർക്ക് ആകെ ആശയം ഭരണഘടന നൽകുന്ന സംരക്ഷണം മാത്രമാണെന്നാണ്. കഴിവുള്ള പലർക്കും ഐ.ഐ.ടി. മദ്രാസ് പോലുള്ള സ്ഥാപനങ്ങളിൽ ജാതി വിവേചനം മൂലം നിലനിന്നു പോകാൻ കഴിയില്ല.

"ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിക്കാനനുവദിച്ചില്ലായെങ്കിൽ നിങ്ങളുടെ വയലുകളിൽ ഞങ്ങൾ പണിക്ക് ഇറങ്ങില്ല. നെല്ലിന് പകരം കാണായ പാടങ്ങളിലെല്ലാം ഞങ്ങൾ മുട്ടപ്പുല്ല് കുരുപ്പിക്കും".
– മഹാത്മാ അയ്യൻകാളി

**❝ നമ്മൾ എല്ലാവരും മനുഷ്യരാണ്, ഇവിടെ സവർണരും, അവർണരും ഒന്നുമില്ല, അങ്ങനെ ആരെയും കാണാൻ കഴിയില്ല എന്നൊക്കെ പറയാൻ എളുപ്പമാണ്. പക്ഷേ എല്ലാവരും തുല്യരായി പരിഗണിക്കപ്പെടുന്ന ഒരു വിദൂര ഭാവി പോലും കാണാൻ കഴിയാത്ത സമൂഹമാണിത്.**

അംബേദ്കർ പാശ്ചാത്യ വിദ്യാഭ്യാസം നേടി ഇന്ത്യയിൽ തിരിച്ചെത്തി രാജ്യത്തെ അധസ്ഥിത വർഗ്ഗത്തോട് ആഹ്വാനം ചെയ്തത് ഋദൗരമലേ – അഴശമേലേ – ഛ്യഴമിശ്വല എന്ന മാർഗങ്ങൾ ആയിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ ജനിച്ചു വളർന്ന അയ്യൻ കാളി മുൻപോട്ട് വെച്ചതും അതേ വഴിയാണ് എന്നിടത്താണ് അയ്യൻകാളി എന്ന മനുഷ്യന്റെ വിഷണറി തിരിച്ചറിയാൻ കഴിയൂ.
"ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിക്കാനനുവദിച്ചില്ലായെങ്കിൽ നിങ്ങളുടെ വയലുകളിൽ ഞങ്ങൾ പണിക്ക് ഇറങ്ങില്ല. നെല്ലിന് പകരം കാണായ പാടങ്ങളിലെല്ലാം ഞങ്ങൾ മുട്ടപ്പുല്ല് കുരുപ്പിക്കും' എന്ന് അയ്യൻകാളി പ്രഖ്യാപിക്കുമ്പോൾ ആധുനിക ഇന്ത്യാചരിത്രത്തിലെ തൊഴിലാളി സമരത്തിന്റെ ശക്തമായൊരു അധ്യായമാണ് അവിടെ കുറിച്ചത്. ന്യായമായ കൂലി, മനുഷ്യത്വപരമായ പെരുമാറ്റം തുടങ്ങിയവ ഉയർത്തി പിടിക്കുമ്പോൾ പോലും വിദ്യാഭ്യാസം നിഷേധിച്ച

സവർണാധികാരത്തെ എതിർത്ത് വെല്ലുവിളി ഉയർത്തുകയാണ് 1904 ൽ കർഷക സമരം വഴി അയ്യൻകാളി ലക്ഷ്യം വെച്ചത്. ഗാന്ധി കേരളത്തിൽ വന്നപ്പോൾ അയ്യൻ കാളിയെ സന്ദർശിച്ച സമയത്ത് അവർ തമ്മിൽ നടന്ന സംഭാഷണത്തിൽ ഗാന്ധിയോടായി അദ്ദേഹം പറഞ്ഞത് തന്റെ സമുദായത്തിൽ നിന്ന് പത്ത് ബി.എ.കാർ ഉണ്ടാകണമെന്നാണ്. ക്ഷേത്ര പ്രവേശനം പോലുള്ള കാര്യങ്ങൾ അധസ്ഥിതർക്ക് യാതൊരു നേട്ടവും തരില്ലെന്നും അവരുടെ അതിജീവനം നിലകൊള്ളുന്നത് വിദ്യാഭ്യാസം നേടുക വഴിയാണെന്നും ഒരു നൂറ്റാണ്ട് മുൻപ് തിരിച്ചറിഞ്ഞ, അതിനു വേണ്ടി കൃത്യമായ പദ്ധതിയിൽ, ദൃഢനിശ്ചയത്തോടെ മുന്നേറിയ അയ്യൻകാളി രാജ്യത്തെ ദളിത് സമൂഹത്തിന് മുൻപിൽ തുറന്നിട്ടത് അറിവിന്റെ ലോകമാണ്.

1848 ബ്രിട്ടീഷ് ഇന്ത്യയിൽ ജാതീയത കൊടികുത്തി വാണിരുന്ന മഹാരാഷ്ട്രയിൽ ഇന്ത്യയുടെ പ്രഥമ അധ്യാപിക സാവിത്രി ബായ് ഫുലെ പെൺകുട്ടികൾക്ക് വേണ്ടി ഒരു സ്കൂൾ ആരംഭിക്കുന്നു. ദളിതരും, ശൂദ്രരുമായ സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലത്ത് അവർ നടത്തിയ ചുവടുവെപ്പ് ഇന്ത്യയിൽ വരേണ്യ വിരുദ്ധ പോരാട്ട ചരി ത്രത്തിന്റെ വലിയൊ ാരു അധ്യായം എഴുതി ചേർക്കലായിരുന്നു. മനുഷ്യ മനസ്സിനെ ബാധിക്കുന്ന ലോകം കണ്ട ഏറ്റവും ക്രൂരമായ ജാതി എന്ന വൈറസിനോട് ഒരു ജീവിതം കൊണ്ട് സമരം ചെയ്ത സാവിതി ബായിയുടെ ജീവിതം ഉടനീളം ജാതി വിരുദ്ധ, ബ്രാഹ്മ വിരുദ്ധ, ഹിന്ദുത്വ വിരുദ്ധ, പോരാട്ടങ്ങളുടെയും വിദ്യാഭ്യാസത്തിന് വേണ്ടി യുള്ള പോരാട്ടത്തിന്റെയും ചരിത്ര മാണ്.

നമ്മൾ എല്ലാവരും മനുഷ്യരാണ്, ഇവിടെ സവർണരും, അവർണരും ഒന്നുമില്ല, അങ്ങനെ ആരെയും കാണാൻ കഴിയില്ല എന്നൊക്കെ പറയാൻ എളുപ്പമാണ്. പക്ഷേ എല്ലാവരും തുല്യരായി പരിഗണിക്കപ്പെടുന്ന ഒരു വിദൂര ഭാവി പോലും കാണാൻ കഴിയാത്ത സമൂഹമാണിത്. ഈ സമൂഹത്തിൽ എല്ലാവരും തുല്യത അനുഭവിക്കുന്ന മനുഷ്യൻ ആയിരുന്നെങ്കിൽ ജാതീയതയ്ക്ക് എതിരെയുള്ള പൊരാട്ടങ്ങളും വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള പോരാട്ടങ്ങളും ചരിത്രത്തിൽ ഇടം പിടിക്കുകയില്ലായിരുന്നു. രോഹിത് വെമുല ഉൾപ്പെടെ നൂറുകണക്കിന് വിദ്യാർത്ഥികൾ അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ച് ഇന്നും സന്തോഷത്തോടെ ഈ രാജ്യത്ത് ജീവിച്ചിരുക്കുമായിരുന്നു. എന്നാൽ അതിനു അനുവദിച്ചു നൽകുന്ന ഒരു ദേശമല്ലിത്. ഇന്ത്യയിൽ ഒരാൾ തന്റെ ജാതീയവും, സാമൂഹികവുമായ പിന്നോക്കാവസ്ഥയിലും ഉന്നത സർവ്വകലാശാലയിൽ പഠനം സ്വപ്നം കാണുന്നുണ്ടെങ്കിൽ അവിടെ അവർക്കായി കാത്തിരിക്കുന്നത് അറിവിന്റെ, സാധ്യതകളുടെ ലോകം മാത്രമല്ല നിരന്തരമായ വേട്ടയാടലിന്റെ കെണികൾ കൂടിയാണ് എന്നതിന്റെ ജ്വലിക്കുന്ന ഓർമ്മകളാണിവ. രോഹിത് വെമുല ആദ്യത്തെ പേരല്ലാ, അവസാനത്തെയും അല്ല. ജാതി എന്ന തീഷ്ണമായ യാഥാർത്ഥ്യം നിലകൊള്ളുന്നത് ഗ്രാമങ്ങളിൽ മാത്രമല്ല, മറിച്ച് അതിലേറെ തീവ്ര സ്വഭാവത്തിൽ അത് ഉന്നത സർവ്വ കലാശാലകളെയും നിയന്ത്രിക്കുന്നു. പ്രത്യക്ഷമായും പരോക്ഷമായും മതേതരമല്ലാത്ത ഭരണം പേറുന്ന, ജനതയുടെ ഭക്ഷണത്തിൽ വരെ മതം കൊണ്ടെത്തിച്ച, ഈ രാജ്യത്തെ പട്ടിണിക്കും പരിവട്ടങ്ങൾക്കുമപ്പുറം അമ്പലങ്ങളും പ്രതിമകളും നിർമ്മിക്കാൻ വ്യഗ്രത കാണിക്കുന്ന സർക്കാരും ജയ് ശ്രീറാം വിളിച്ചില്ലെങ്കിൽ തല്ലിക്കൊല്ലുന്ന, ബീഫ് കഴിച്ചാലോ കച്ചവടം ചെയ്താലോ കൈവശം വെച്ചാൽ പോലും



തല്ലാനും കൊല്ലാനും ഇറങ്ങി-പുറപ്പെടുന്ന, മേൽജാതി-ക്കാരന്റെ ഇച്ഛയ്ക്ക് വഴങ്ങാതെ നിന്നതിനു കൊല്ലപ്പെടുന്ന, ഭരിക്കുന്നവർക്കെതിരെ എഴുതി-യാലോ പറഞ്ഞാലോ വെടിവെച്ചു കൊല്ലുന്ന അന്ധമായ ജാതി – മതതീവ്രവാദം മനസ്സിൽ കൊണ്ടുനടക്കുന്നവർ ഉള്ള ഈ സമൂഹത്തിൽ ഇത്തരത്തിലുള്ള ഇൻസ്റ്റിട്യൂഷണൽ മരണങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളായി തന്നെ നിലനില്ക്കും.

ഗുരു ദൈവമെന്ന സങ്കൽപ്പമെല്ലാം പണ്ട് തന്നെ കൈ മോശം വന്നതാണ്. പക്ഷേ ഇന്ന് ഗുരു തന്നെ അന്തകനാകുന്ന സമൂഹമാണ്. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വേർ തിരിവ് മുമ്പില്ലാത്ത വിധം രൂക്ഷമാ-വുകയും ന്യൂനപക്ഷ ദളിത് വിദ്യാർത്ഥികൾ നേരിടുന്ന മാന-സിക സംഘർഷം വളരെയധികം വർധിക്കുകയും ചെയ്യുന്നു. അത് രോഹിത് വെമുലയിൽ തുടങ്ങി ഫാത്തിമ ലത്തീഫിലും ജെ. എൻ. യു. വിലെ നൗഷാദിന്റെ തിരോ-ധാനത്തിലും എത്തി നിൽക്കുന്നു. ഇതിനെയെല്ലാം ലാഘവത്തോടെയാണ് ഭരണകൂടം കാണുന്നത് എന്നതാണ് ചർച്ച ചെയ്യപ്പെടേണ്ടത്. എത്രയൊക്കെ വിദ്യാഭ്യാസം നേടിയാലും ഉള്ളിലെ ജാതി ബോധം മറിക-ടക്കുക അത്ര എളുപ്പമല്ല. അതു കൊണ്ട് തന്നെ എത്ര വലിയ ഇടങ്ങളിൽ അയിരുന്നാലും നിരന്തരം അത് ആചരിച്ചു കൊണ്ടിരിക്കും, മറുവശത്ത് ഇരകളെ സൃഷ്ടിച്ച് കൊണ്ടിരിക്കും. ആയതിനാൽ ഈ വ്യവസ്ഥിതി-യോട് നിരന്തരം പ്രതിരോധം തീർത്ത് കൊണ്ടല്ലാതെ ശാശ്വത-മായ ഒരു അതിജീവനം സാധ്യമല്ല.

**❝ നീതിയും നിയമവും വിദ്യാഭ്യാസവും നിഷേധിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, വരും കാലങ്ങ-ളിൽ താങ്ങായും തണലായും നിലനിൽക്കേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജാതീയമായ ചിന്തകൾ വെച്ച് പുലർത്തുന്നതും തുടർന്ന് അതിക്രമങ്ങൾ അഴിച്ച് വിടുന്നതും തികച്ചും അനുവദിച്ചു കൂടാത്തത് തന്നെയാണ്.**



# Now, I am Alone!

Alfiya Jaleel
I MA English Language and Literature

Now, I am alone!
I opt to be alone.
Now, professor appealed is me
to love.
If you want to perceive literature,
You should be loved, if not
You should love.
Once upon a time
In the pivot of the sphere
I was the darling for everyone.
Friends, family, lovers, customers;
Loved everyone, escorted by hallow
heart,
In the absence of curb.
Winters came.
I am the Alison of winters.,
Without denial
But;
Now, I am Alone!
Mother Mary, summon me to the
Eternity.
Lately in love with loneliness
Don't want to care about anyone,
Don't want to be engaged in
Thinking time to come.
Don't want to be the delight of
The land.
I just want to be with
My poems, my stories, my novels;
Into the world of literature.
Once upon a time
I was in love with the soul, whoever
Be in love.
But myself eluded
From him,
Stifled and be very keen
I am the one who has the appeal
To love anyone at all
But;
Now, I am Alone!
But in love with all alone
Spiritually it conceding me to write,
Let me act whatever
Wish for;
Love will not strangle,
Love will not pass on,
No edict in love;
We can love anything
Maybe that's love.
Intellectually, in your sketch
I will be alone.
But;
It is invariable.
In the absence of break,
I love to be with it.

# The Fallen Wave

Vaishaki Pillai
I BA English Copy Editor

I skimmed eyes on her at once,
Once... Twice, I'm struck in the depths.
Lovely and dark those midnight blue,
glued charm and light, iris like dew.

Fallen curls from tip to jaw,
like windy curls of seashore roar,
still at times but restless though,
her dream was to serve, dusk to dawn.

Scarlett- Sapphire- Blonde she grows,
as second hand she moves with clock,
her roles did change, with ages grow,
sometimes still, restless though.

Her pure womb that mysterious floor,
where I was born, gave blood filled life,
hides mysteries in and unknown kin,
she protects them with darker glow.



Her rage in flood and cyclones so,
her love to return the slipper you lost,
vast and deep, her soul like pearl,
that cares so well, with time it shows.

A drop of salty water dripped down,
then it landed on sand like a kid to you,
I miss you mom at your favourite spot,
for my mom was like an ocean...
Her body is still but her restless love,
flows in my nerves, with a pinch of salt...





# മറന്നു പോകാൻ വിധിക്കപ്പെട്ടവർ

മെർലിൻ ബേബി
രണ്ടാം വർഷ ബി എസ് സി
ഫിസിക്സ്





2020 മേയ്16. അലാറത്തിന്റെ നീട്ടിയുള്ള നിലവിളിയാണ് എന്നെ ഉറക്കമുണർത്തിയത്. സമയം രാവിലെ 5 മണി. സൂര്യൻ ഉദിച്ചിട്ടില്ല. കുറെ നാളായുള്ള ശീലമായതിനാൽ ഇപ്പോൾ തീരെ മുഷിച്ചിൽ തോന്നാറില്ല. പ്രഭാതകൃത്യങ്ങൾക്ക് ശേഷം വേഗം ഒരുങ്ങിയിറങ്ങി. പാൽക്കടയിലേക്കാണ്. നേരത്തെ ചെന്നില്ലെങ്കിൽ ക്യൂവിന്റെ ഏറ്റവും പുറകിലായിരിക്കും സ്ഥാനം. കാലിന് ചെറിയൊരു വേദനയും തുടങ്ങിയിട്ടുണ്ട്. വയസ്സായില്ലേ.

പണ്ട് വെളിച്ചമെത്തുവോളം കിടന്നുറങ്ങുമ്പോൾ ഒരു സൈക്കിൾ ബെല്ലിന്റെ അകമ്പടിയോടെ ഉമ്മറത്ത് പാൽ പാത്രം വെച്ചിട്ട് പോയിരുന്ന രാമുവേട്ടനെ എന്തോ ഞാനോർത്തുപോയി. അന്നൊക്കെ ഒന്നും അറിയണ്ടായിരുന്നു. പാൽ പത്രം വരുന്നതും പോകുന്നതും ഒന്നും. അത് രാമുവേട്ടന്റെ കടമയായിരുന്നു. ഇപ്പോൾ രാമുവേട്ടനില്ല. ആ സ്ഥാനം ഏറ്റെടുക്കാൻ ആരാണ് ആഗ്രഹിക്കുക. അതൊരു "ലോ ക്ലാസ്സ്" ജോലിയല്ലേ. ആ ലോ ക്ലാസ്സ് ചിന്താഗതിയുടെ പരിണിതഫലമാണ് ഇന്ന് പാൽക്കടയ്ക്ക് മുമ്പിലെ നീണ്ട ക്യൂ.

അൽപം വേദന സഹിച്ചിട്ടാണേലും അരമണിക്കൂറിനുള്ളിൽ ക്യൂ നിന്ന് പാൽ വാങ്ങി ഞാൻ വീട്ടിലേക്ക് തിരിച്ചു. നേരിയ കിതപ്പോടെ വീടിന്റെ ഉമ്മറത്ത് കുറച്ചുനേരം കാലും നീട്ടിയിരുന്നു. ഒരു ചായ കിട്ടിയാൽ കൊള്ളാമായിരുന്നു. പക്ഷേ അതും ഞാൻ തന്നെ ഉണ്ടാക്കണം. എന്റെ ഭാനു ഉണ്ടായിരുന്നെങ്കിൽ... ഭാനുപ്രിയ, എന്റെ ഭാര്യ. അവൾ ഉണ്ടായിരിന്നെങ്കിൽ എനിക്ക് കഷ്ടപ്പെടേണ്ട ആവശ്യം വരില്ലായിരുന്നു. എല്ലാമവൾ കണ്ടറിഞ്ഞ് ചെയ്തേനെ. അന്ന് ചായ കിട്ടാൻ ഒരഞ്ചു മിനിറ്റ് വൈകിയാൽ, എന്താ നിനക്ക് ഇവിടെ ഇത്ര മല മറിക്കുന്ന പണി എന്ന് ഞാൻ

**" അന്നൊക്കെ ഒന്നും അറിയണ്ടായിരുന്നു. പാൽ പത്രം വരുന്നതും പോകുന്നതും ഒന്നും. അത് രാമുവേട്ടന്റെ കടമയായിരുന്നു.**

ആക്രോശിക്കുമായിരുന്നു. ഒരു എൻജിനീയറായ എനിക്ക് എന്റെ ജോലി വെച്ചുനോക്കുമ്പോൾ വീട്ടുപണി ഒരു വലിയ കാര്യമായി തോന്നിയിരുന്നില്ല. എന്നാൽ ഇപ്പോൾ എല്ലാം ഞാൻ മനസ്സിലാക്കുന്നു. കർമ്മഫലം, അല്ലാതെ ന്തുപറയാൻ.

ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ വെറുതെയെങ്കിലും ഒരു പത്രം കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചുപോയി. നടക്കാത്ത ഒരു സ്വപ്നം കൂടി. പത്രം അച്ചടിച്ചാൽ മാത്രം പോരല്ലോ, അത് വീടുകളിലെത്തണ്ടേ. പാൽക്കാരൻ രാമുവേട്ടന് സംഭവിച്ചത് തന്നെ പത്രമിടുന്ന കേശവേട്ടനും സംഭവിച്ചു. ഇപ്പോൾ നാട്ടിൽ പത്രമിടാൻ ആൾക്കാരില്ല. അതും സമൂഹത്തിൽ ഒരു ലോ ക്ലാസ്സ് ജോലി ആയിരുന്നല്ലോ. ഭക്ഷ്യശൃംഖലയുടെ ഏറ്റവും അവസാനത്തെ കണ്ണിക്ക് പോലും നാശം സംഭവിച്ചാൽ, അത് ആ മേഖലയെ മുഴുവൻ സാരമായി ബാധിക്കും എന്ന് ശാസ്ത്രം പറയുന്നത് എത്രയോ ശരിയാണ്. പത്രമിടാൻ ആൾക്കാരില്ല. അതുകൊണ്ട് പത്രം എന്ന പ്രസ്ഥാനമെ നശിച്ചുപോയി. ഇപ്പോൾ വാർത്തയറിയണമെങ്കിൽ ടി.വി.യോ മൊബൈലോ തന്നെ അഭയം.

ചിന്തിച്ചിരുന്ന നേരം പോയതറിഞ്ഞില്ല. ഇന്നൊരു യാത്ര



പോകാനുണ്ട്. കൂടെ ജോലി ചെയ്തിരുന്ന രാജീവിന്റെ റിട്ടയർമെന്റാണ്. അൽപം ദൂരെ-യാണ്. എങ്കിലും പോയേ പറ്റൂ. ''ലോ ക്ലാസ്സ്'' തരംഗം ഡ്രൈവിംഗ് മേഖലയിലും കാര്യമായ ചലനം സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ടിപ്പോൾ നാട്ടിൽ ഡ്രൈവർമാരില്ല. എവിടെയെ-ങ്കിലും പോകണമെങ്കിൽ സ്വന്തം വാഹനം സ്വന്തമായി ഓടിക്കണം. മക്കൾ അടുത്തുണ്ടായിരു-ന്നെങ്കിൽ... ഹാ പറഞ്ഞിട്ടെന്തു കാര്യം. നാട്ടിൽ നിൽക്കണമെന്ന് വാശിപിടിച്ചവനെ നിർബന്ധി-ച്ചാണ് അമേരിക്കയിലേക്കയച്ചത്. എനിക്കെന്റെ സ്റ്റാറ്റസ് ആയിരു-ന്നല്ലോ പ്രധാനം.

**''ലോ ക്ലാസ്സ്'' തരംഗം ഡ്രൈവ ിംഗ് മേഖലയി- ലും കാര്യമായ ചലനം സൃഷ്ടിച്ചിര ിക്കുന്നു.**

പകുതി ദൂരം വണ്ടിയോടി-ച്ചപ്പോൾ വല്ലാത്തൊരു പരവേശം പോലെ. വേഗം വണ്ടി- യൊതുക്കി. അടുത്തു കണ്ടൊരു ഹോട്ടലിൽ പോയി ഒരു ലൈം ജ്യൂസ് ഓർഡർ ചെയ്തു.

പണ്ടത്തെപ്പോലെയല്ല, ഇപ്പോൾ ഹോട്ടലിൽ വെയ്റ്റർമാർ ഇല്ല. നമുക്ക് വേണ്ടത് കൗണ്ടറിൽ ചെന്ന് പറയുക, ടോക്കണനു-സരിച്ച് നമ്മൾ തന്നെ ക്യൂ നിന്ന് ഭക്ഷണം വാങ്ങി കഴിക്കുക. അതാണ് രീതി. നീണ്ട ക്യൂവിൽ തളർന്ന് നിൽക്കുമ്പോൾ ഒരു നമിഷം പഴയകാലത്തേക്ക് പോകാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോയി. രാമുവേട്ടനും കേശവേട്ടനും ഒക്കെ ഉള്ളൊരു കാലത്തിലേക്ക്. എന്റെ ഭാനു ഉണ്ടായിരുന്ന കാല-

**ആവശ്യമുള്ളതൊക്കെ കൈവെള്ളയിൽ എത്തിച്ചു തന്നിരുന്ന മനുഷ്യരെ പുച്ഛിച്ചുതള്ളിയിരുന്ന എന്നോട് എനിക്ക് ജീവിതത്തിൽ ആദ്യമായി വെറുപ്പ് തോന്നിപ്പോയി.**

ത്തിലേക്ക്. എന്തിനും ഏതിനും സഹായിക്കാൻ മടിയില്ലാത്ത ആളുകൾ ഉണ്ടായിരുന്ന ആ കാലത്തിലേക്ക്. ആവശ്യമു-ള്ളതൊക്കെ കൈവെള്ളയിൽ എത്തിച്ചു തന്നിരുന്ന മനുഷ്യരെ പുച്ഛിച്ചുതള്ളിയിരുന്ന എന്നോട് എനിക്ക് ജീവിതത്തിൽ ആദ്യമായി വെറുപ്പ് തോന്നിപ്പോയി. ചിന്തകൾ അധികം നീണ്ടു പോയില്ല. അതിനു മുൻപേ കണ്ണിൽ ഇരുട്ട് പടർന്നു. ''ഹൈ ക്ലാസ്സ്'' ആൾക്കാർ മാത്രമുള്ള ആ ലോകത്ത് ഏതോ ഒരു ഹോട്ടലിന്റെ ടൈലിട്ട് തറയിൽ ഞാനെന്റെ അവസാനശ്വാസം വലിച്ചു.

''ടും'', പെട്ടെന്നുള്ള ഒരു ഇടിമുഴക്കമാണ് എന്നെ ഉണർത്തി-യത്. ശ്വാസം വിലങ്ങുന്നപോലെ, വല്ലാത്തൊരു അസ്വസ്ഥതയോടെ ഞാൻ ചുറ്റും നോക്കി. എന്റെ പഴയ മുറി. ഇതെങ്ങനെ. ഇടിമുഴ-ക്കത്തോടൊപ്പം വീശിയ കാറ്റിൽ മുറിയിലെ കലണ്ടർ പാറി പറന്നു. 2012 മെയ് 16. അപ്പോൾ ഞാൻ കണ്ടതൊക്കെ സ്വപ്നമായി-രുന്നോ? വിശ്വസിക്കാൻ പറ്റുന്നില്ല. നെഞ്ചിലിപ്പോഴും ഒരു ഭാരം തോന്നുന്നു. മനസ്സിനെ ശാന്തമാക്കാനെന്നോണം കൈ തലയിൽ താങ്ങി കുറച്ചുനേരം ഞാനിരുന്നു.

''ണിങ്, ണിങ്'' കേശ-വേട്ടനാണ്. മഴയെത്തുന്നതിനു മുന്നേ പത്രമിട്ടുതീർക്കാനുള്ള തിരക്കിലാണ് പുള്ളി. ഞാൻ വേഗം മുറ്റത്തേക്കോടി. ഗേറ്റ് തുറന്ന് നോക്കിയപ്പോൾ കണ്ടു ഒരു മിന്നായം പോലെ മറഞ്ഞു-പോകുന്ന ആ അറുപ- തുകാരനെ. മുറ്റത്തെറിഞ്ഞിട്ട പത്രമെടുക്കുമ്പോൾ എന്തോ മന-സ്സിനൊരു സന്തോഷം പോലെ. ആദ്യപേജ് മറിക്കുന്നതിനുമുമ്പേ ഒരു കപ്പ് ചായ എന്റെ നേരെ നീണ്ടു. ഭാനുവാണ്. അന്നാദ്യമായി ഞാനവളുടെ ഉറക്കം തെളി-ഞ്ഞിട്ടില്ലാത്ത ക്ഷീണിച്ച കണ്ണുകളിലേക്ക് നോക്കി. ചായ വാങ്ങി അവളെ വീടിന്റെ പടിയി-ലേക്ക് പിടിച്ചിരുത്തി കുറച്ചുനേരം തൊളിൽ തലചായ്ച്ചിരുന്നു. നെഞ്ചിലെ ഭാരം നീങ്ങിപോകുന്ന പോലെ. എന്റെ പെട്ടന്നുള മാറ്റം കണ്ടിട്ടാവണം അശാത്തി പകച്ചി-രുപ്പാണ്. ആ നോട്ടം കണ്ടപ്പോൾ സത്യത്തിൽ ചിരിയാണ് വന്നത്. കാര്യമെന്താന്ന് ചോദിച്ചവളോട് ഒന്നുമില്ലെന്ന് പറയാൻ തോന്നി-യുള്ളൂ. അവളോട് പറയാൻ പറ്റുമോ ഒരു ''ഹൈ ക്ലാസ്സ്'' സ്വപ്നത്തിന്റെ പരിണിതഫല-മാണണ്. പിന്നതുമതി ഒരാഴ്ച അവൾക്ക് എന്നെ കളിയാക്കാൻ.

**അന്നാദ്യമായി ഞാന-വളുടെ ഉറക്കം തെളിഞ്ഞിട്ടില്ലാത്ത ക്ഷീണിച്ച കണ്ണുകളിലേക്ക് നോക്കി. ചായ വാങ്ങി അവളെ വീടിന്റെ പടിയിലേക്ക് പിടിച്ചിരുത്തി കുറച്ചുനേരം തൊളിൽ തലചായ്ച്ചിരുന്നു.**

ഭൂമിയെ നനച്ചുകൊണ്ട് മഴത്തു-ള്ളികൾ മുറ്റത്ത് ചിന്നിച്ചിതറു-മ്പോൾ എന്റെയുള്ളിലും ഏതോ ഭാരത്തിന്റെ മൺകട്ട അലിഞ്ഞുതി-രുന്നത് പോലെ തോന്നി. എന്നാലും ഒരു നെരിപ്പോട് എവിടെയോ കത്തുന്നതുപോലെ. ഞാൻ കണ്ട സ്വപ്നം അത്ര വിദൂരമല്ലാത്ത ഭാവിയിൽ നടക്കാ-നിരിക്കുന്ന യാഥാർഥ്യമാണെന്ന് മനസ്സ് പറയുന്നതു പോലെ!

# Reserved

Shruthakeerthi Lokanath
I BA English Language and Literature

"I cannot believe Sharma that the caste system exists in our society. At least not in cities."-said the tall, fair man.

“I agree with you, Iyer. Maybe in those villages they have, I never ask people’s caste. All I care about is whether they have culture and manners." —said the tall boy playing with his rudraksha.

‘Ding-dong!’ It must be your friend Kumar!" — Sharma said as he swung his tall legs out of his leather lounge chair and took a long stride towards the mahogany door.

"Evening, Sir. Your Pizza!"- said the dark, thin boy.

"Ah! finally, I am famished. Rama did not come here today, these village people." -said the girl with the Gucci belt.

"Tch! These illiterate people have no discipline." Iyer grumbled while scrolling through his iPhone.

"Sir, may I have some water?" - the sunburned lips murmured.

"Arrgh...!"

"Don’t they give you a mineral water bottle before leaving for work?" – a female voice, heavily drenched in an American accent cooed from inside.

"No, ma’am!"

"Hey Kumar, oh lord, you are drenched in sweat."

"Yes, dude this summer heat is killing me. Oh! Pizza! " Kumar opened the box and took a bite of the pepperoni pizza.

"Did you take your new Harley Davidson for a spin?"

"Oh, yes, she is magnificent, and I am tired of riding her from the farmhouse!" - A tired Kumar managed to speak in between his cheesy bites.

"Sir, may I have some water?" a tired voice asked.

"Arrgh, you could get some water from the tap before the security cabin. The security might have a bottle to spare." – a tired and hungry voice escaped from Sharma’s throat.

“Ah! Okay! Thank You… Good Day, Sir."

"You could have given him some water."- protested Menon while she was reapplying her lipstick.

"Dude, we do not know what kind of diseases these people carry and I do not want my crystal glasses to get covid."

"Glasses don’t get covid, dude. Wait, do they? "

"My uncle sent me a WhatsApp message saying there is a study

conducted by WHO which states that glasses can carry coronavirus, but I do not think it will get covid." said the wise Iyer.

"I wonder why a person like him has to be a delivery boy?"


"What do you mean by that, Menon?"


"I saw the sacred thread on his chest. And he must be educated. But still a delivery boy? All this happens because of this reservation. The government needs to repeal it. This promotes discrimination." said a visibly irritated Menon.

“I read a book by Arundhati Roy. The Doctor and the Saint. I was mindblown by her words. Y’all must read it. I bought it on Kindle."

Nobody looked to see who said these wise words. Nobody slowly dragged their feet and walked towards oblivion with a parched throat. But somebody was sipping their chilled mineral water that cost nobody’s monthly salary per bottle.

**Nobody looked to see who said these wise words. Nobody slowly dragged their feet and walked towards oblivion with a parched throat. But somebody was sipping their chilled mineral water that cost nobody’s monthly salary per bottle.**





# TRAFFIC







# Shades of Love

Krishnendu Saras
II BA English Language and Literature



"Am I different?", "Am I not normal?"...these questions never stopped haunting me as I saw the society I was being raised proudly plunging into homophobia. Being a tomboy and the black sheep of my family since childhood, they called me a rebel, for doing what I felt my heart whispered and felt comfortable in. Though the world frowned upon it, my family showered upon it with a nonchalant side glance, with my parents being the most open-minded. But homosexuality was a sin for them and call it ironic as to how I turned out to be a lesbian when right from childhood I was bombarded with 'heterosexual propaganda'. The first time I surprised myself, in 9th grade, when I experienced the 'butterflies in the stomach' feeling. Being a person who never got the chance to get close to anyone, this really was a surprise, but the highlight was that it wasn't the opposite sex to which I was attracted to. I wasn't bothered by anything back then though, I had read about people being attracted to the same sex, what they call a phase, and I believed it was a phase. "Just a phase", oh how wrong was I. As I started growing up, I realized that it wasn't a phase. I was never attracted to the opposite sex...

> **You sweep it under the Indian Culture made rugs, not telling anyone, because being gay is a sin...you are 'unnatural'.**

അങ്ങനെയാണ് പാർലമെൻറ് അംഗമായ ശേഷം അദ്ദേഹം ''സൻസത് ആദർശ് ഗ്രാമ യോജന'' SAGI Project വഴി കുമ്പളങ്ങി ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുക്കുകയും മൂന്നു മാസത്തെ കഠിന പ്രയത്നത്തിനുശേഷം 4000 മെൻസ്ട്രൽ കപ്പുകൾ അവിടെ വിതരണം ചെയ്യുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു. ഇതിനായി 17 വാർഡുകളിലെ വാർഡ് മെമ്പർമാർ, കുടുംബശ്രീ അംഗങ്ങൾ, മറ്റു സ്ത്രീ കൂട്ടായ്മകൾ എന്നിവർ ഉൾപ്പെടെയുള്ള പൊതുസമൂഹം അദ്ദേഹത്തോടൊപ്പം കൈകോർത്തു.

തുടർന്ന് കുമ്പളങ്ങി ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ സാനിറ്ററി നാപ്കിൻ ഫ്രീ പഞ്ചായത്തായി കേരള ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാൻ പ്രഖ്യാപിക്കുകയും ചെയ്തു.

കുമ്പളങ്ങിയിലെ പൈലറ്റ് പ്രോജക്റ്റ് വിജയമാക്കിയ ശേഷമാണ് കപ്പ് ഓഫ് ലൈഫ് എന്ന ബഹുത്തായ പദ്ധതിക്ക് എം പി തുടക്കമിട്ടത്. സിനിമാതാരം പാർവതിയെ ബ്രാൻഡ് അംബാസിഡർ ആക്കികൊണ്ട് ഒരു ലക്ഷം മെൻസ്ട്രവൽ കപ്പുകൾ എറണാകുളം മണ്ഡലത്തിൽ അദ്ദേഹം വിതരണം ചെയ്തും. ഇന്ത്യൻ മെഡിക്കൽ അസോസി-

യേഷന്റെ സഹായത്തോടുകൂടി ഒരുപറ്റം ഡോക്ടർമാരെയും അദ്ദേഹം ഈ വിപ്ലവകരമായ മാറ്റത്തിലേക്ക് ഒപ്പം ചേർത്തു. എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ പിന്തുണയും, മുത്തൂറ്റ് ഫിനാൻസിന്റെയും സി എസ് ആർ ഫണ്ടും ഉപയോഗിച്ചാണ് ഈ പദ്ധതി വിജയത്തിൽ എത്തിച്ചത്.

150 പ്രധാന കേന്ദ്രങ്ങൾ ഒരുക്കിക്കൊണ്ട് ഓഗസ്റ്റ് 30ആം തീയതി മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്യുമ്പോൾ വിവിധ സന്നദ്ധ സംഘടനകൾ കുടുംബശ്രീകൾ ക്ലബ്ബുകൾ കോളേജുകൾ ഉൾപ്പെടെ ഈ ചരിത്ര ദൗത്യത്തിന് ഒപ്പം നിന്നും. ഒരുലക്ഷം കപ്പുകൾ വിതരണം ചെയ്തു എന്നത് മാത്രമല്ല ഇതിൻറ ഭാഗമായ ബോധവൽക്കരണ യജ്ഞം ഒരു പുരോഗമന ചിന്തയിലേക്കും ആധുനികതയിലേക്കുമുള്ള ഒരു സമൂഹത്തിൻറെ വളർച്ചക്കാണ് ഹേതുവായത്. അതിനൊരു പുരുഷൻ നേതൃത്വം കൊടുത്തുയെന്നതും ചരിത്രം. അവിടെയാണ് തുല്യ നീതിയെയും ലിംഗ സമത്വത്തെയും പറ്റി സംസാരിക്കുന്ന ഒരു കാലഘട്ടത്ത് ഇത് പ്രായോഗിക തലത്തിൽ എത്തുന്നത്. പരമ്പരാഗതമായ ശൈലിയിൽ തൻറെ ചുറ്റുമുള്ള ജനപ്രതിനിധികൾ പ്രവർത്തിക്കുമ്പോൾ എങ്ങനെ തൻറെ പ്രവർത്തനങ്ങളെ കാലോചിതമായും കാലാതീതമായും ക്രിയാത്മകമായും പുരോഗമപരമായും മാറ്റിയെടുക്കാം എന്ന് പുത്തൻ തലമുറയുടെ പ്രതിനിധിയായ ഹൈബി ചിന്തിക്കുന്നത്. അവിടെയും തേവര കലാലയത്തിലെ ഒരു പൂർവവിദ്യാർഥി എന്നത് കലാലയ മുത്തശ്ശിമാരിൽ തല ഉയർത്തി നിൽക്കുന്ന കോളേജിന് അഭിമാനമേറുന്നു.

അതെ ജനഹൃദയങ്ങളിൽ തന്നെയാണ് ഹൈബി .

സേക്രട്ട് ഹാർട്ട് കോളേജ്, 2021–22 വർഷത്തിലെ യൂണിയന്റെ നേതൃത്വത്തിൽ ഏപ്രിൽ 29, 30, മെയ് 1 ദിവസങ്ങളിൽ ആത്മജ ഗേൾസ് ക്യാമ്പ് കോളേജിൽ വെച്ചു നടക്കുകയുണ്ടായി.

മൂന്നു ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ 150 ഓളം വിദ്യാർത്ഥിനികൾ പങ്കെടുത്തു. യൂണിയൻ രൂപപ്പെടുന്നതിന് മുൻപ് തന്നെ കെഎസ്‌യു, വിദ്യാർത്ഥികൾക്ക് സമർപ്പിച്ച മാനിഫെസ്റ്റോയിൽ പ്രധാന പരിഗണന കൊടുത്ത ഒന്നായിരുന്നു 'ആത്മജ'. പരിമിതമായ സമയത്തിനുള്ളിൽ 2021–22 വർഷത്തെ കോളേജ് യൂണിയന് ആത്മജ വിജയകരമായി നടത്തുവാൻ സാധിച്ചു. ഈ പരിപാടിയിൽ, എംപി ഹൈബി ഈഡൻ, മിസ് ട്രാൻസ് ഗ്ലോബൽ ശ്രുതി സിത്താര, സിനിമ താരം നിഖില വിമൽ തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യം ഉറപ്പുവരുത്താനും യൂണിയന് സാധിച്ചു. പരിപാടിയുടെ രണ്ടാം ദിവസമായ ഏപ്രിൽ 30ന് എംപി ശ്രീ ഹൈബി ഇഡൻ, തേവര സേക്രെഡ് ഹാർട്ട് കോളേജിൽ മെൻസ്ട്രുവൽ കപ്പ് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ആത്മജയുടെ ഭാഗമായി അന്ന് ക്യാമ്പിൽ ഉണ്ടായിരുന്ന മുഴുവൻ പെൺകുട്ടികൾക്കും "Femisafe" ബ്രാൻഡ് സ്പോൺസർ ചെയ്ത മെൻസ്ട്രൽ കപ്പ് സൗജന്യമായി വിതരണം ചെയ്തു. അന്നേ ദിവസം തന്നെ കോളേജിലെ മുഴുവൻ പെൺകുട്ടികൾക്കും സൗജന്യമായി മെൻസ്ട്രൽ കപ്പ് നൽകാമെന്ന് എം ബി വാക്കു നൽകുകയും ചെയ്തു. അതിലൂടെ "കപ്പ് ഓഫ് ലൈഫ്" എന്ന വലിയൊരു ദൗത്യത്തിന്റെ ഭാഗമാകുവാനും സേക്രെഡ് ഹാർട്ട് കോളേജിന് സാധിച്ചു. അതിന്റെ തുടർച്ചയെന്നവണ്ണം ഓഗസ്റ്റ് 23ആം തിയതി കപ്പ് ഓഫ് ലൈഫ് ടീമിന്റെ നേതൃത്വത്തിൽ കോളേജിൽ ഇതിനെപ്പറ്റി ഒരു ബോധവൽക്കരണ പരിപാടിയും നടത്തി. ഈ പരിപാടിയിൽ ശ്രീ ഹൈബി ഈഡൻ എം പി യും, ആർ ജെ യും സിനിമ താരവുമായ ജോസഫ് അന്നംകുട്ടി ജോസ് ഉം പ്രധാന അതിഥികളായി എത്തി.




തികച്ചും പെൺകുട്ടികൾക്ക് വേണ്ടി മാത്രമുള്ള ഒരു നൈറ്റ് ക്യാമ്പ്. ആൺകുട്ടികളും മറ്റു കലാലയത്തിലെ വിദ്യാർത്ഥികൾ അവധികളുമായി വീട്ടിലും നാട്ടിലും മറ്റുമായിരിക്കുമ്പോൾ താങ്കളുടെ കലാലയത്തിലെ വിദ്യാർത്ഥിനികൾക്ക് വേണ്ടി മാത്രമുള്ള ഒരു ക്യാമ്പ് ഒരുക്കി വ്യത്യസ്തരാവുകയായിരുന്നു തേവരെ കോളേജിലെ കോളേജ് സ്റ്റുഡൻസ് യൂണിയൻ 4000 ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന ക്യാമ്പസിൽ ഏറ്റവും അധികം വിദ്യാർത്ഥിനികൾ ആണുള്ളത്, അതായത് 70%. കലാലയത്തിലെ ഭൂരിഭാഗം വരുന്ന വിദ്യാർത്ഥിനി-




കൾക്ക് വേണ്ടിയുള്ള 2–ഡേ ക്യാമ്പ് നടത്തുക എന്നത് വളരെ ശ്രമകരമായ ഒരു ഉത്തരവാദിത്തമായിരുന്നു, അതും ഒരു അവധിക്കാലത്ത്. മാർച്ചിലായിരുന്നു ഇലക്ഷൻ. നടക്കുന്ന സമയത്ത് ഒരു സ്ത്രീപക്ഷ മാനിഫെസ്റ്റോ ഇറക്കുമ്പോൾ എതിർ രാഷ്ട്രീയ ചിന്ത ധാരയിലുള്ള വിദ്യാർത്ഥി സുഹൃത്തുക്കൾ ഉൾപ്പെടെ ഇതിനെ അതി രൂക്ഷമായി വിമർശിച്ചിരുന്നു. എന്നാൽ ഇലക്ഷൻ കഴിഞ്ഞ യൂണിയൻ ഇനാഗുറേഷൻ, ആർട്സ് ഡേ, കലോത്സവം ഒക്കെ 10–15 ദിവസം കൊണ്ട് കഴിഞ്ഞ സമ്മർ–വെക്കേഷൻ തുടങ്ങിയത് ഒരു വെല്ലുവിളി ആയിരുന്നേലും, ഓൺലൈൻ മീറ്റിംഗ് വിളിച്ച് ചേർത്ത് നിരന്തരമായ പ്ലാനിങ്ങോടുകൂടി തീയതി പ്രഖ്യാപിച്ചു, ബഡ്ജറ്റ് തയ്യാറാക്കി, വേണ്ട പണം സ്വരുക്കൂട്ടി , പ്രോഗ്രാം ചാർട്ട് ഉണ്ടാക്കി വിശിഷ്ടാതിഥികളെ കണ്ടെത്തി, പങ്കെടുക്കാനുള്ള വിദ്യാർത്ഥികളെ കണ്ടെത്തി ഒരു പൂർണ്ണതയിലേക്ക് എത്തിച്ചത് വേറിട്ടൊരു അനുഭവമായിരുന്നു.

സ്ത്രീകൾക്ക് തുല്യത വേണം സ്ത്രീകൾ ശാക്തീകരിക്കപ്പെടണമെന്ന് പറഞ്ഞു ചർച്ചകളും സമ്മതങ്ങളും നടത്തുന്നതിൽ അല്ല മറിച്ച് ക്രിയാത്മകമായ രീതിയിൽ ഇടപെടലുകൾ നടത്തി അവരുടെ നേതൃത്വപാടവം വളർത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് സ്ത്രീപക്ഷ മുന്നേറ്റം നിലപാട് ഉറച്ചു വിശ്വസിച്ചുകൊണ്ടാണ് 10 പേരുടെ ഒരു നേതൃത്വസംഘം രൂപപ്പെടുത്തിയത്. 173 വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ചു നടത്തിയ ആത്മച 2.1 ഞങ്ങൾക്ക് നൽകിയ ആത്മവിശ്വാസം ചെറുതല്ല ഇനിയും കുതിക്കാനുള്ള ഒരു ഊർജ്ജമാണ്.

ക്യാമ്പിന്റെ ആകർഷണം മൂന്നുദിവസം നീണ്ടുനിൽക്കുന്ന നൈറ്റ് ക്യാമ്പ് തന്നെയായിരുന്നു. ഒപ്പം ആർത്തവ ഒപ്പം ആർത്ത ശുചിത്വരംഗത്ത് മുന്നേറ്റമായി മെൻസ്ട്രൽ കപ്പ് ക്യാമ്പയിൻ ആൻഡ് വിതരണം . കോളേജ് യൂണിയൻ ഇലക്ഷന് മുൻപ് വിദ്യാർത്ഥികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തു അതിനെപ്പറ്റി കൃത്യമായ പഠനം നടത്തിയ ശേഷമാണ് കോളേജിനെ സമ്പൂർണ്ണ മെൻസ്ട്രൽ കപ്പ് ഫ്രണ്ട്ലി ക്യാമ്പസ് എന്ന ലക്ഷ്യത്തിലേക്ക് വരുന്നത്. ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ വിദ്യാർഥികൾക്കും മെൻസ്ട്രൽ കപ്പ് നൽകാൻ സാധിച്ചു. അതിനുവേണ്ടിയുള്ള ഭാരത സാമ്പത്തിക ചിലവിന് പരിഹാരമായിരുന്നു ഫെമി സേഫ് എന്ന സംരംഭം. ക്യാമ്പിന്റെ ഉദ്ഘാടനത്തിനായി ഞങ്ങൾ തിരഞ്ഞെടുത്തത് ഒരു പുരുഷനെ തന്നെയാണ്. നമ്മുടെ കലാലയത്തിലെ ഒരു പൂർവ്വ വിദ്യാർത്ഥിയും നിലവിലെ എറണാകുളം എം പിയും എന്നതിലുപരി 'ബ്രേക്കിംഗ് ബാരിയേഴ്സ്', കുമ്പളങ്ങി  സമ്പൂർണ്ണ മെൻസ്ട്രൽ കപ്പ് യജ്ഞം നടത്തിയ ജനപ്രതിനിധി എന്ന നിലയിലാണ് അദ്ദേഹത്തെ ക്ഷണിക്കുന്നത്. ഉദ്ഘാടന സമയത്ത് അദ്ദേഹം നടത്തിയ പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ ഞങ്ങളുടെ ക്യാമ്പിന് അടുത്ത ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പ് ആയിരുന്നു. എസ്

എച്ച് കോളേജിനെ ഒരു സമ്പൂർണ്ണ മെൻസ്ട്രൽ കപ്പ് സൗഹൃദ ക്യാമ്പസ് ആക്കി മാറ്റുക.
ഉദ്ഘാടന വേദിയിൽ ക്യാമ്പസിൽ എത്രത്തോളം വിദ്യാർഥിനികൾക്കാണോ മെൻസ്ട്രൽ കപ്പ് ആവശ്യം അത് മുഴുവൻ ആ പദ്ധതിയിലൂടെ യാഥാർത്ഥ്യമാക്കുക എന്ന്, ആ വാചകം ക്യാമ്പിനെ വേറൊരു തലത്തിൽ എത്തിച്ച അനുഭവമാണ് ഞങ്ങൾക്ക് നൽകിയത്. യൂണിയൻറെ ചെറിയ ചുവടുകൾ "സമ്പൂർണ്ണ മെൻസ്ട്രൽ കപ്പ്...
എന്ന വലിയ ലക്ഷ്യത്തിലേക്ക്..."

**ആത്മജ 2.0 ; കാലത്തിനു മുന്നേ സഞ്ചരിക്കുന്ന കോളേജ് യൂണിയന്റെ വിപ്ലവ ചുവട്**

"കപ്പ് ഓഫ് ലൈഫുമായി" ബന്ധപ്പെട്ട ലേഖനത്തിനൊപ്പം തന്നെ കഴിഞ്ഞ വർഷത്തെ കോളേജ് യൂണിയന്റെ വനിതാ നേതൃത്വ വികസന ക്യാമ്പ് "ആത്മജ2.0" യെക്കുറിച്ചും പരാമർശിക്കാതെ വയ്യ. രണ്ടും ഒരേ തൂവൽ പക്ഷിക്ക് സമാനമാണ് എന്നതുകൊണ്ടുതന്നെയാണ് കപ്പ് ഓഫ് ലൈഫും ആത്മജയും ഒരു ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ തന്നെ ഏറ്റവും മികച്ച മിക്സഡ് കോളേജ് എന്നതിനൊപ്പം തന്നെ പുരോഗമനപരമായ രീതിയിൽ ചിന്തിക്കുന്ന, നവീന കാഴ്ചപ്പാടുകളെ ഉൾക്കൊള്ളാൻ പര്യാപ്തമായ രീതിയിൽ കാലത്തിനൊപ്പം സഞ്ചരിക്കുന്ന ഒരു ക്യാമ്പസ് കൂടിയാണ് തേവര എസ് എച്ച്. അതുകൊണ്ടുതന്നെ ഈ കലാലയത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന കോളേജ് യൂണിയനും തതുല്യമായി തന്നെ ചിന്തിക്കുകയും പരിപാടികളെ ആസൂത്രണം ചെയ്യുകയും ചെയ്യേണ്ടതായിട്ടുണ്ട്.

4000 വിദ്യാർത്ഥികൾ പഠിക്കുന്ന തേവര കോളേജിൽ 2200ഉം പെൺകുട്ടികളാണ്. അതായത് വിദ്യാർത്ഥികളുടെ എണ്ണത്തിൽ 72% വിദ്യാർത്ഥിനികൾ തന്നെ. അവരുടെ മുൻഗണനകൾക്ക് ഊന്നൽ നൽകുന്നതിന് വേണ്ടിയാണ് വനിത ചെയർപേഴ്സൺ ആയ എലിസബത്ത് സി ജോസ് നേതൃത്വം കൊടുത്ത കോളേജ് യൂണിയൻ ആത്മജ 2.0 എന്ന ലീഡർഷിപ്പ് ക്യാമ്പ് സംഘടിപ്പിച്ചത്. പൂർണമായും പെൺകുട്ടികൾ തന്നെ മുന്നൊരുക്കങ്ങൾ നടത്തി, പരിപാടികൾ ആസൂത്രണം ചെയ്ത്, ഫണ്ട് സ്വരൂപിച്ച്, പങ്കെടുക്കേണ്ടവരെ കണ്ടെത്തി, ഗെസ്റ്റുകളെ കൊണ്ടുവന്ന്, അങ്ങനെ എല്ലാത്തരത്തിലും പെൺകുട്ടികൾക്ക് വേണ്ടി പെൺകുട്ടികൾ തന്നെ നടത്തിയ മൂന്നുദിവസം നീണ്ടുനിന്ന നൈറ്റ് ക്യാമ്പ് ആയിരുന്നു ആത്മജ 2.0. ഈ വർഷത്തെ കോളേജ് യൂണിയൻ ഇലക്ഷന് മുമ്പ് പ്രകടനപത്രിയിൽ പറഞ്ഞ ഏറ്റവും പ്രാധാന്യം നൽകിയ പരിപാടിയും ഇതുതന്നെ ആയിരുന്നു.

കലാലയത്തിൽ പഠിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികൾക്കും വേണ്ടി മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു നൈറ്റ് ക്യാമ്പ് നടത്തുക എന്നത് ശ്രമകരമായ ഒരു ഉദ്യമം തന്നെ ആയിരുന്നു. അതും ഒരു അവധിക്കാലത്ത്. മാർച്ച് മാസത്തിൽ ആയിരുന്നു കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പിന് മുൻപ് ഇറക്കിയ പ്രകടനപത്രിക തികച്ചും സ്ത്രീപക്ഷ നിലപാടുകളെ ഉയർത്തിപ്പിടിക്കുന്ന തരത്തിലുള്ളത് ആയിരുന്നു. തേവരെ കോളേജിനെ ഒരു മെൻസ്ട്രുൽ കപ്പ് സൗഹൃദ ക്യാമ്പസ് ആക്കി മാറ്റുക എന്നത് അതിൽ ഏറെ പ്രാധാന്യം നൽകിയ ഒരു പദ്ധതി കൂടിയാണ്.
ഇത്തരത്തിൽ ഒരു ആശയം മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തുമ്പോൾ ഇതൊന്നും പ്രാവർത്തികമാക്കാൻ സാധിക്കില്ല എന്ന് തരത്തിലുള്ള വ്യാഖ്യാനങ്ങൾ ഒക്കെ ഉണ്ടായെങ്കിലും കോളേജ് യൂണിയൻ തിരഞ്ഞെടുക്കപ്പെട്ട ശേഷം ആ ലക്ഷ്യത്തിലേക്കുള്ള ആലോചന തന്നെയായിരുന്നു യൂണിയന്റെ മുഖ്യമായ പരിഗണന. ഇലക്ഷൻ കഴിഞ്ഞ് കോളേജിൽ യൂണിയൻ ഉദ്ഘാടനം, ആർട്സ് ഡേ,കലോത്സവം ഒക്കെ 10–15 ദിവസം കൊണ്ട് കഴിഞ്ഞ് സമ്മർ വെക്കേഷൻ തുടങ്ങിയത് ഒരു വെല്ലുവിളി ആയിരുന്നെങ്കിലും ഓൺലൈൻ മീറ്റിംഗ് വിളിച്ചു ചേർത്ത് നിരന്തരമായി പ്ലാനിങ്ങോടുകൂടി തീയതി പ്രഖ്യാപിച്ചു ഒരു



പൂർണ്ണതയിലേക്ക് എത്തിച്ചത് കോളേജ് യൂണിയനെ സംബന്ധിച്ച് വലിയൊരു അനുഭവമായിരുന്നു.

സ്ത്രീകൾക്ക് തുല്യത വേണം സ്ത്രീശാക്തീകരിക്കപ്പെ-ടണം എന്നൊക്കെ പറഞ്ഞ് ചർച്ചകളും സംവാദങ്ങളും ഒക്കെ നടത്തുന്നതിലല്ല മറിച്ച് ക്രിയാത്മ-കമായ രീതിയിൽ ഇടപെടലുകൾ നടത്തി അവരുടെ നേതൃത്വപാടകം വളർത്തിയെടുത്ത് മുഖ്യധാരയി-ലേക്ക് കൊണ്ടുവരണം എന്നതാണ് സ്ത്രീപക്ഷ മുന്നേറ്റനിലപാട് എന്ന് ഉറച്ചു വിശ്വസിച്ചു കൊണ്ടാണ് 10 പേരുടെ ഒരു നേതൃസംഘം രൂപീകരിച്ചത്. 173 വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ആത്മജ 2.0 ഞങ്ങൾക്ക് നൽകിയ ആത്മവിശ്വാസം ചെറുതല്ല. ഇനിയും കുതിക്കാനുള്ള ഒരു ഊർജ്ജമാണ്.

2021 ഏപ്രിൽ 29, 30, മെയ് 1 എന്നീ ദിവസങ്ങളിൽ ആയിട്ടാണ് ആത്മജ സംഘടിപ്പിക്കപ്പെട്ടത്. ക്യാമ്പിന്റെ മുഖ്യ ആകർഷണം മെൻസ്ട്രൽ കപ്പ് വിതരണവും ബോധവൽക്കരണവും തന്നെയാ-യിരുന്നു. അതുകൊണ്ടാണ് ഈ ലേഖനത്തിന്റെ തുടക്കത്തിൽ തന്നെ ഹൈബി ഈഡൻ കപ്പ് ഓഫ് ലൈഫും, കോളേജ് യൂണിയന്റെ ആത്മജയും എത്ര മാത്രം ഇഴ ചേർന്നു കിടക്കുന്നു എന്ന് സൂചിപ്പിച്ചത്. ഉദ്ഘാടന സമയത്ത് എംപി സൂചിപ്പിച്ചതു-പോലെ കേരളത്തിലെ മുഴുവൻ ക്യാമ്പസുകളിലേയും വിദ്യാർത്ഥി-കൾ അവധിയുടെ ആലസ്യത്തിൽ ആയിരിക്കുമ്പോൾ ക്യാമ്പസിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് വേണ്ടി പ്രവർത്തനനിരതമായി ഒരു ഡേ–നൈറ്റ് ക്യാമ്പ് സംഘടിപ്പിക്കാൻ നേതൃത്വം കൊടുക്കുകയും ഒപ്പം പങ്കെടുത്ത മുഴുവൻ വിദ്യാർഥിനികൾക്കും മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുകയും ചെയ്തു എന്നത് ഒരു ചരിത്രം തന്നെയാണ്. കേരളത്തിലെ മറ്റ് ക്യാമ്പസുകളിലെ കോളേജ് യൂണിയൻ ഇത്തരത്തിൽ ഒന്ന് ചിന്തിക്കുന്നതിനു മുൻപ് തന്നെ സമ്പൂർണ്ണ മെൻസ്ട്രൽ കപ്പ് സൗഹൃദ ക്യാമ്പസിലേക്ക് ഉള്ള തേവര കോളേജ് യൂണിയന്റെ ഉദ്യമവും പ്രശംസനീയം തന്നെയെന്നാണ് എന്നായിരുന്നു ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ അതിഥികളും വിലയിരുത്തിയത്.

173 വിദ്യാർത്ഥിനികൾക്ക് മെൻസ്ട്രൽ കപ്പ് നൽകുക എന്നത് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുമായിരുന്ന ഒന്നുതന്നെയാണ്. എന്നാൽ ഈ പദ്ധതിയുടെ ലക്ഷ്യം പങ്കുവെച്ചു നിരവധി ആളുകളെ ബന്ധപ്പെട്ട-പ്പോൾ വളരെ ക്രിയാത്മകമായുള്ള സമീപനം തന്നെയാണ് അവരുടെ ഭാഗത്തുനിന്നും ഉണ്ടായത്. അങ്ങനെയാണ് ഫെമി സേഫ് ആത്മജയുടെ മുഖ്യ സ്പോൺസ-റായി വരുന്നതും. ഈ ക്യാമ്പ് ഉദ്ഘാടനത്തിനായി ഞങ്ങൾ തിരഞ്ഞെടുത്തത് ഒരു പുരുഷനെ തന്നെയാണ്.നമ്മുടെ കലാലയ-ത്തിലെ പൂർവ്വ വിദ്യാർത്ഥിയും നിലവിലത്തെ എറണാകുളം എംപിയും എന്നതിലുപരി ബ്രേക്കിംഗ് ബാരിയേഴ്സ്, കുമ്പളങ്ങി പഞ്ചായത്തിൽ സമ്പൂർണ്ണ






മെൻസ്ട്രൽ കപ്പ് യജ്ഞം നടത്തിയ ജനപ്രതിനിധി എന്ന രീതിയിലാണ് അദ്ദേഹത്തെ ഈ പരിപാടിയിലേക്ക് ക്ഷണിക്കുന്നത്.

കോളേജിലെ എത്ര മാത്രം വിദ്യാർത്ഥികൾക്ക് മനുഷ്യർക്കപ്പ് വേണമെങ്കിലും അത് നൽകുന്നതിന് എംപി എന്ന നിലയിൽ നേതൃത്വം കൊടുക്കും എന്ന ഉദ്ഘാടന സമയത്തെ പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ ഞങ്ങളുടെ ക്യാമ്പിന് അടുത്ത ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പ് തന്നെയായിരുന്നു. ഒരുപക്ഷേ വരുംകാലഘട്ടത്തിലുള്ള കേരളത്തിലെ മുഴുവൻ കോളേജ് യൂണിയനുകൾക്കും മാതൃകയാക്കാവുന്ന തരത്തിൽ നമ്മൾ മുന്നോട്ട് പോവുക തന്നെയാണ്. നിങ്ങൾ നൽകിയ എല്ലാവിധ പിന്തുണയ്ക്കും ആത്മാർത്ഥമായ സഹകരണത്തിനും നന്ദി നന്ദി നന്ദി.

# ഏകാകിയായ്

നിസാ മോൾ അനിൽ
ഒന്നാം വർഷ ബികോം ടാക്സ്
എയ്ഡഡ്



ഒരു നാൾ ഞാൻ വിധി തൻ
തടവറയിലായി;
മരണത്തിനും ജീവനും ഇടയിലെ
ദൂരം
നേർത്തു വന്നു.
ഈ വിധിയെ ലോകം കോവിഡെന്നു
വിളിച്ചു;
ജീവനിൽ കൊതി തോന്നി ഞാനും
ഭയന്നു.
അന്നാദ്യമായ് സ്വയം ഞാനൊരു
തടവറ തീർത്തു;
അന്നാദ്യമായ് കൂട്ടിലടയ്ക്കപ്പെട്ട കിളി
തൻ വ്യഥ ഞാനറിഞ്ഞു,
പ്രപഞ്ചത്തെ ഒറ്റ വിരൽത്തുമ്പിൽ
ചുരുക്കി
അറിഞ്ഞുമറിയാതെയും
ഹൃദയങ്ങൾക്കു നാം അതിരുകൾ
തീർത്തു,
എന്തുകൊണ്ടോ അടുപ്പങ്ങൾ
അകലങ്ങളായ്;
അകലങ്ങൾ സമുദ്രങ്ങളായ്!
നാലു ചുവരുകൾക്കുള്ളിൽ
ഏകാന്തത മാത്രം ബാക്കിയായ്,
ചരടറ്റ പട്ടം എന്നപ്പോൾ മന
സ്സലഞ്ഞു,
അതു വിഷാദത്തിന് കയത്തിൽ
താണുപോയി,
കൈപിടിച്ചുയർത്താൻ ആരുണ്ടെന്നു
ആത്മാവു ആരാഞ്ഞു;
നിഴൽ മാത്രമെന്നു ഹൃദയം ചൊല്ലി.
അത്രമേൽ പ്രിയപ്പെട്ടവരെയും മൃത്യു
കവർന്നെടുത്തു,
മൃത്യുവിൻ തണുപ്പ് ഹൃദയത്തിലേക്ക്
പരന്നു

നിശബ്ദമായ് നിസ്സംഗമായ് ഞാൻ
തരിച്ചു നിന്നു;
തണുത്തുറഞ്ഞ് ഹൃദയം കല്ലായ്
പരിണമിച്ചു.
അറ്റുപോയ
ആത്മബന്ധങ്ങളെയോർത്തു
മൃത പ്രാണനാമാത്മാവു വിലപിച്ചു,
കഴിഞ്ഞുപോയ നല്ല
നാളുകളെയോർത്തും പ്രതീക്ഷ തൻ
പുലരിക്കായ് കൊതിച്ചും പ്രാണൻ
ഇതാ കാത്തിരിക്കുന്നു
ഏകാകിയായ്!


GRA


AVE



# നാലാം വട്ടവും തേവര തിളങ്ങി



നെവിൽ കെ ബെന്നി
ആർട്സ് ക്ലബ് സെക്രട്ടറി

2022 മാർച്ച് 15 തിരുഹൃദയത്തെ സാക്ഷിയാക്കി 14 – 0 എന്ന വമ്പിച്ച ഭൂരിപക്ഷത്തോടെ കോളേജ് യൂണിയൻ അധികാരമേറ്റു. ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും കലാലയത്തിന്റെ മാറ്റ് വർധിപ്പിക്കണമെന്നും മനസ്സിൽ ഉറപ്പിച്ചുകൊണ്ട് പ്രതിജ്ഞ എടുത്തു. കൊറോണ കാരണം ജീവനറ്റ് കിടന്ന ക്യാമ്പസിനെ ഉണർത്താൻ ഏറെ പ്രതിസന്ധികൾ ഉണ്ടായിരുന്നു. ഏവരും ഉറ്റു നോക്കിയിരുന്നു യൂണിവേഴ്സിറ്റി കലോത്സവത്തിന് കേവലം 15 ദിവസം മാത്രമേ മുമ്പിലുണ്ടായിരുന്നുള്ളു. 15 ദിവസം രാവും പകലും എന്നില്ലാതെ മത്സരാർത്ഥികളും വോളന്റിയേഴ്സും അധ്യാപകരും യൂണിയൻ മെമ്പേഴ്സും അധ്വാനിച്ചതിന്റെ ഫലമായി മാലാഖമാരെ തിരികെ തിരുഹൃദയത്തിൽ എത്തിക്കാൻ കഴിഞ്ഞു.

നാടകോത്സവത്തിൽ പങ്കെടുക്കാൻ പോലും സാധിക്കാതെ നമ്മുടെ കോളേജ് പിന്തള്ളപ്പെട്ടിരുന്നു. കൊറോണ മൂലം ഒരു വർഷക്കാല കലോത്സവവും മറ്റു പരിപാടികളും ഒന്നുമില്ലാതെ ജീവനറ്റ് ക്യാമ്പസിൽ ഫസ്റ്റ് ഇയർസിനു മാത്രമല്ല സെക്കൻഡ് യേർസ് ആയ ഞങ്ങൾക്കും കലോത്സവത്തിന്റെ നടത്തിപ്പിനെ പറ്റി വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല. മുങ്ങിത്താഴുന്ന കപ്പലിലേക്ക് ആണോ കാലെടുത്ത് വയ്ക്കുന്നതെന്ന് ഒരു നിമിഷം ഞാൻ ആലോചിച്ചു പോയി. അപ്പോഴെല്ലാം ധൈര്യം പകർന്നത് "എല്ലാത്തിനും ഞങ്ങൾ ഒപ്പം ഉണ്ട്" എന്ന് പറഞ്ഞ സുഹൃത്തുക്കളുടെ വാക്കുകൾ ആയിരുന്നു. 49 വ്യക്തിഗതയിനങ്ങൾക്കും 6 ഗ്രൂപ്പ് ഇനങ്ങൾക്കും മത്സരാർത്ഥികളെ കണ്ടെത്തേണ്ടിയിരുന്നു. അതിനായി മാർച്ച് 18,19,21 തീയതികളിൽ കോളേജ് യൂത്ത് ഫെസ്റ്റിവൽ "ധ്വനി" നടത്തപ്പെട്ടു. മതത്തിന്റെയോ, രാഷ്ട്രീയത്തിന്റെയോ, നിറത്തിന്റെയോ പേരിൽ ഒരു കലാകാരനും മാറ്റിനിർത്തിപ്പെടുകയില്ല എന്ന എൻറെ പ്രതിജ്ഞാവാചകം ഞാൻ അപ്പോൾ ഓർത്തു. അനുയോജ്യരായ വിധികർത്താക്കളെ കണ്ടെത്തുന്നതിൽ സിബി സാർ, ശ്യാംലാൻ സാർ, ലക്ഷ്മി പ്രിയ മിസ്സ്, ശോഭ മിസ്സ്, വിഷ്ണു സാർ, എബിൻ സാർ എന്നിവർ സഹായിച്ചു. മുന്നൊരുക്കങ്ങൾ ഒന്നുമില്ലാതെ തിടുക്കത്തിൽ തന്നെ ധ്വനി നടത്തേണ്ടി വന്നു. ഒരു കലോത്സവം ഓർഗനൈസ് ചെയ്യുക എന്നത് ആദ്യ അനുഭവമായിരുന്നതിനാൽ അതിൻറെതായ ബുദ്ധിമുട്ടുകൾ എന്നിൽ പ്രകടമായിരുന്നു. എന്നാൽ ഈ ഒരു അനുഭവം യൂണിവേഴ്സിറ്റി

> **15 ദിവസം രാവും പകലും എന്നില്ലാതെ മത്സരാർത്ഥികളും വോളന്റിയേഴ്സും അധ്യാപകരും യൂണിയൻ മെമ്പേഴ്സും അധ്വാനിച്ചതിന്റെ ഫലമായി മാലാഖമാരെ തിരികെ തിരുഹൃദയത്തിൽ എത്തിക്കാൻ കഴിഞ്ഞു.**





കലോത്സവത്തിൽ ഏറെ ഗുണം ചെയ്തു.

ഇനി യൂണിവേഴ്സിറ്റി കലോത്സവത്തിനായി 10 നാൾ മാത്രം. മാലാഖമാരെ തിരികെ തിരു ഹൃദയത്തിലേക്ക് എത്തിക്കാനുള്ള ആഗ്രഹം എല്ലാവരിലും ഊർജ്ജിതമായി. 6 ഗ്രൂപ്പ് ഇനങ്ങളുടെയും പ്രാക്ടീസ് കോളേജിൽ തന്നെയായിരുന്നു. മത്സരാർത്ഥികളുടെ പരിഭവങ്ങളും പരാതികളും പരിഹരിക്കുന്നതിനിടയിൽ ക്ലാസിൽ കയറാൻ ശ്രമിച്ചിരുന്നെങ്കിലും ഈ സാഹചര്യങ്ങൾ അനുവദിച്ചിരുന്നില്ല. ആ 10 ദിവസങ്ങൾ എത്ര പെട്ടെന്നാണ് കടന്നു പോയത്.

**പിന്നെ വേദിയിൽ മുഴങ്ങിക്കേട്ടത് “ജയിക്കട്ടെ ജയിക്കട്ടെ തിരുഹൃദയം ജയിക്കട്ടെ“ എന്നായിരുന്നു.**

Wake up call 2022–ന്റെ ആദ്യദിന മത്സരാർത്ഥികളുമായി ഞങ്ങൾ തേവരയിൽ നിന്നും പത്തനംതിട്ടയിലേക്ക് പുറപ്പെട്ടു. ഇറങ്ങുന്നതിനുമുന്നേ അലോഷി ഏട്ടൻ തോളിൽ തട്ടിപ്പറഞ്ഞു ‘‘നെവിലെ ഇനി നിനക്ക് എല്ലായിടത്തും ഓടിയെത്താൻ സാധിക്കില്ല. തേവര പോലെയല്ല കാത്തോലിക്കേറ്റ് കോളേജ്. വോളന്റിയെർസിനു കൃത്യമായ മാർഗനിർദേശം കൊടുക്കണം. ഞാനും വന്നേക്കാം. പ്രതികൂല ഫലങ്ങൾ ഉണ്ടാകാം. അതെല്ലാം വേണ്ടതുപോലെ നോക്കിക്കോണം’’. സുഹൃത്തുക്കളെ പോലെ കാണുന്ന എബിൻ സാറും അലൻ സാറും ഒപ്പം ഉണ്ടായിരുന്നു.

ഒന്നാം ദിനം ആകാംഷയെക്കാൾ പരിഭവമായിരുന്നു എനിക്ക്. കേരള നടനവും ഈസ്റ്റേൺ ഗ്രൂപ്പ് സോങ്ങും രണ്ടും പ്രതീക്ഷയുള്ള ഇനങ്ങളായിരുന്നു. പതിവ് തെറ്റിക്കാതെ ഈസ്റ്റേൺ ഗ്രൂപ്പ് സോങ് നമ്മൾ ഒന്നാമതായി. ആദ്യമത്സരത്തിൽ തന്നെ കിട്ടിയ ഒന്നാം സ്ഥാനം ഒരു വല്ലാത്ത ആത്മവിശ്വാസം എന്നിൽ ഉണർത്തി. പിന്നീട് കോളേജ് മുഴുവൻ കേരള നടനം വേദിയിലായിരുന്നു. സമയം പുലർച്ചെ നാലുമണി. ഫസ്റ്റ് ഇയറിലെ മാളവികയുടെ മനോഹര പ്രകടനം ഏവരും കണ്ണ് എടുക്കാതെ കണ്ടുകൊണ്ടിരുന്നപ്പോൾ രണ്ടാമത്തെ ഇനത്തിലും ഏറെക്കുറെ സമ്മാനം ഉറപ്പായി എന്ന് ഞങ്ങൾ കരുതി. എന്നാൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് അവൾ തലകറങ്ങി വീണു. അപ്പോഴുള്ള അവളുടെ അമ്മയുടെ മുഖം മനസ്സിൽ നിന്ന് ഇപ്പോഴും മാഞ്ഞിട്ടില്ല. എന്നാൽ പിന്നീട് ലഭിച്ച അവസരത്തിൽ അവൾ മത്സരിച്ച് രണ്ടാം സ്ഥാനത്തെത്തി. അത് മറ്റെന്തിനെക്കാളും സന്തോഷം തന്നു.

ഒന്നാം ദിനത്തിൽ രണ്ട് ഇനങ്ങളായിരുന്നു എങ്കിൽ രണ്ടാം ദിനത്തിൽ ഇനങ്ങൾ 17 ആയിരുന്നു. രണ്ടാം ദിവസത്തിലെ പ്രധാന ഇനം സ്കിറ്റ് ആയിരുന്നു. സുരേഷ് ആശാൻ തന്നെയാണ് സ്കിറ്റ് പരിശീലിപ്പിച്ചത്. 37 ആം ലോട്ട് നമ്പർ വിളിച്ചപ്പോൾ മുതൽ സ്കിറ്റ് അവസാനിക്കുന്നതുവരെ കൈയ്യടി ആയിരുന്നു. റിസൾട്ട് അറിയാൻ മത്സരാർത്ഥികളെക്കാൾ ആകാംഷ വിദ്യാർഥികൾക്കായിരുന്നു എന്ന് തോന്നിപ്പോയി. കുറച്ചു ടെൻഷൻ അടിപ്പിച്ചെങ്കിലും ഫലം അനുകൂലം ആയിരുന്നു. പിന്നെ വേദിയിൽ മുഴങ്ങിക്കേട്ടത് ‘‘ജയിക്കട്ടെ ജയിക്കട്ടെ തിരുഹൃദയം ജയിക്കട്ടെ‘‘ എന്നായിരുന്നു. വേദികൾ തമ്മിലും താമസസ്ഥലത്തു നിന്നും നല്ല ദൂരമുണ്ടായിരുന്നു. ട്രാൻസ്പോർട്ടേഷൻ അറേഞ്ച് ചെയ്യുന്നതിൽ ജോഷിൻ

ചേട്ടൻ ഏറെ സഹായിച്ചു. മത്സരാർത്ഥികൾക്കും സ്റ്റേജ് വോളന്റിയേഴ്സിനും കൃത്യസമയത്ത് ഫുഡ് എത്തിക്കുന്നതിൽ ഫുഡ് കമ്മിറ്റി യോടൊപ്പം ടീച്ചേഴ്സും നോൺ ടീച്ചിങ് സ്റ്റാഫും കൂടി. അമലേട്ടനും ജോ കുട്ടനും ഒക്കെ ഒപ്പം ഉണ്ടായിരുന്നത് ഒരാശ്വാസമായിരുന്നു.

കലോത്സവത്തിന്റെ മൂന്നു–നാലു ദിനങ്ങൾ അത്ര പ്രയാസകരമല്ലായിരുന്നു. അപ്പോഴേക്കും കാര്യങ്ങൾ എങ്ങനെയാണ് ചെയ്യേണ്ടത് എന്ന് ഒരു വ്യക്തത ലഭിച്ചിരുന്നു. എല്ലായിനങ്ങളിലെയും മത്സരാർത്ഥികളെ കണ്ട് അവർക്ക് ആത്മധൈര്യം പകരാൻ സാധിച്ചു.

ചിരിച്ചു കളിച്ചു നടക്കുന്ന വോളന്റിയേഴ്സിനെയും മത്സരാർത്ഥികളെയും കണ്ടപ്പോൾ ഉത്തരവാദിത്തങ്ങൾക്കിടയിൽപ്പെട്ട് ഞാൻ എവിടെയൊക്കെയോ എന്തൊക്കെയോ മിസ്സ് ചെയ്യുന്നതുപോലെ തോന്നി. പക്ഷേ മാലാഖമാർ ഊർജ്ജം പകർന്നു. നാലാം ദിവസം അവസാനിക്കാറായപ്പോൾ 100 ലധികം പോയിന്റോടെ നമ്മൾ ഒന്നാമതെത്തിയിരുന്നു. വിജയം ഏറെക്കുറെ സുനിശ്ചിതമായിരുന്നു. ഇനി ഒരു വലിയ അട്ടിമറി സംഭവിക്കാനില്ല. അപ്പോഴും മനസ്സിൽ ഒരു വിങ്ങലായി കിടന്നിരുന്നത് ഌശാല ന്റെ റിസൾട്ട് ആയിരുന്നു. എന്താണ് സംഭവിച്ചത് എന്ന് അറിയില്ല. എന്തുകൊണ്ടാണ് വിധികർത്താക്കൾ അങ്ങനെ ഒരു ഫലപ്രഖ്യാപനം നടത്തിയതെന്നു അറിയില്ല. ഌശാല കണ്ടു കഴിഞ്ഞപ്പോൾ ഈറനാണിഞ്ഞ  കണ്ണുകൾ തുടച്ചുകൊണ്ട് ഞാൻ മനസ്സിൽ വിചാരിച്ചതാണ് ഒന്നാം സ്ഥാനം തന്നെ. അത്രയ്ക്കും സാമൂഹിക പ്രാധാന്യമർഹിക്കുന്ന ഒരു വിഷയത്തെ അത്രമേൽ ഗംഭീരമായിട്ടാണ് അവർ അവതരിപ്പിച്ചത്. ഉറക്കമില്ലാത്ത പ്രാക്ടീസ് രാത്രികൾ, അതിനോടൊപ്പം ഉണ്ടായ ശാരീരിക പ്രശ്നങ്ങൾ, ഇതൊന്നും അവരെ തളർത്തിയില്ല. ആശാൻ അവർക്ക് ആത്മധൈര്യം നൽകി. 'അവൾ' തട്ടിൽ കയറിയപ്പോൾ എല്ലാ കണ്ണുകളിലും ആശ്ചര്യമായിരുന്നു. ടസശ ഓ ഌശാല ഓ അങ്ങനെയായിരുന്നു തുടക്കനാളുകളിൽ വിചാരിച്ചത്. എന്നാൽ രണ്ടും ചെയ്യാമെന്ന് തീരുമാനിച്ചതും അതിനുള്ള ധൈര്യം തന്നതും ആശാൻ തന്നെയാണ്. ടസശ ഇന്നലെ വേദിയിൽ അരങ്ങേറിയപ്പോൾ ഉണ്ടായ അതെ തിളക്കം ആശാന്റെ കണ്ണുകളിൽ ഇന്നും ഞാൻ കണ്ടു. ആൻ മരിയയും കാർമനും വാളയാറിലെ കുരുന്നു ബാലിക മാരെ ശെരിക്കും അനുസ്മരിപ്പിച്ചു. ഒരമ്മയുടെ വേദന ഷാരോണിലൂടെ പ്രേക്ഷകർ അറിഞ്ഞു. ജൂഡും, നന്ദുവും, ബാലനും ഒന്നിനൊന്ന് മികച്ചതായിരുന്നു. പക്ഷേ... അവരെ എന്തു പറഞ്ഞു ആശ്വസിപ്പിക്കണമെന്ന് എനിക്കറിയില്ലായിരുന്നു. ആശാന് മുഖം കൊടുക്കാതെ ഞാൻ നടന്നു.

തിരികെ വെള്ളിക്കുതിരയുമായി പോകാൻ ആവില്ല എന്ന് ഏറെക്കുറെ ഉറപ്പായി. ന ാടകോത്സവം ഓർമ്മയിൽ വന്നു, എന്തുകൊണ്ടാണ് നാടകോത്സവത്തിന് ടീം ഇറങ്ങാതെ പോയത്? ആരുടെയൊക്കെ സ്വാർത്ഥ താല്പര്യങ്ങൾ. ജെയിംസ് സാർ നാടകത്തിനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തിരുന്നു. എന്തുകൊണ്ടോ അത് നടന്നില്ല. ഒരു അനാവശ്യ സമരം മൂലം ഉണ്ടായ പ്രശ്നങ്ങളും അതേ തുടർന്ന് മാറ്റിവയ്ക്കപ്പെട്ട ഇലക്ഷനും എല്ലാം നഷ്ടത്തിന്റെ കാരണമാണ്. ആ സമയത്തെ ഒരു യൂണിയൻറെ അഭാവം ആരൊക്കെയോ ശരിക്കും മുതലെടുക്കുന്നതായി തോന്നി.

ഏവരും കാത്തിരുന്ന കലോത്സവത്തിന്റെ അവസാന ദിനം. മാലാഖമാരെയും തോഴിമാരെയും തിരികെ തിരുഹൃദയത്തിൽ എത്തിക്കാം എന്ന് അന്ന് കൊടുത്ത വാക്ക് ഇന്ന് സഫലം ആവുകയാണ്. കപ്പ് പൊക്കാനുള്ള ആവേശമായിരുന്നു എല്ലാവരിലും.

**❝ സ്വർണ്ണ നിറമുള്ള ആ മാലാഖയെ കയ്യിലേന്തിയപ്പോൾ കഴിഞ്ഞ 15 ദിവസങ്ങൾ പെട്ടെന്ന് മനസ്സിലൂടെ മിന്നി. സഞ്ചരിച്ച പാതകൾ... പിന്നിട്ട വഴികൾ... എല്ലാം ഇവിടെ അവസാനിക്കുകയാണ്.**

**❝ മാലാഖമാരെ ഏറ്റുവാങ്ങാൻ 'ചെങ്കൊടികളോ' 'മുദ്രാവാക്യങ്ങളോ' ഇല്ലായിരുന്നു. തിരുഹൃദയം എന്ന ഒറ്റ വികാരമായിരുന്നു.**

സ്വർണ്ണ നിറമുള്ള ആ മാലാഖയെ കയ്യിലേന്തിയപ്പോൾ കഴിഞ്ഞ 15 ദിവസങ്ങൾ പെട്ടെന്ന് മനസ്സിലൂടെ മിന്നി. സഞ്ചരിച്ച പാതകൾ... പിന്നിട്ട വഴികൾ... എല്ലാം ഇവിടെ അവസാനിക്കുകയാണ്. ‘‘ജയിക്കട്ടെ ജയിക്കട്ടെ തിരുഹൃദയം ജയിക്കട്ടെ‘‘ എന്ന് ഇസാൻ ചേട്ടനോടൊപ്പം ഏറ്റു വിളിക്കാൻ കോളേജ് മുഴുവനും ഉണ്ടായിരുന്നു. മാലാഖമാരെ ഏറ്റുവാങ്ങാൻ 'ചെങ്കൊടികളോ' 'മുദ്രാവാക്യങ്ങളോ' ഇല്ലായിരുന്നു. തിരുഹൃദയം എന്ന ഒറ്റ വികാരമായിരുന്നു. റൊണാൾഡ് ചേട്ടനും വിവേകേട്ടനും എന്നെ എടുത്തു പൊക്കി. കണ്ണുകൾ പതിയെ നിറഞ്ഞു തുടങ്ങി... കടമ പൂർത്തിയായിരിക്കുന്നു.

കിരീടവും ചെങ്കോലും രാജാവും റാണിയും തോഴിമാരുമായി എസ്. എച്ചിന്റെ പടക്കപ്പൽ തേവരയിലേക്ക് പുറപ്പെട്ടു. വെള്ളക്കുതിര അകന്നുനിന്നു. നന്ദി പറയാനുള്ളത് വോളന്റിയേഴ്സിനോടാണ്. ഒപ്പം ഉണ്ടായിരുന്ന ബാച്ച് മേറ്റ്സ്, മാർഗനിർദേശം തന്ന സീനിയേഴ്സ്, എല്ലാത്തിനും ഓടിനടന്ന ഫസ്റ്റ് ഇയേർസ്, ഈ വിജയം ഞങ്ങളുടെത് കൂടിയാണ്.

കലോത്സവ ശേഷവും ഉത്തരവാദിത്വങ്ങൾ തീർന്നിട്ടില്ല. വോളന്റിയേഴ്സിന്റെ അറ്റൻഡൻസ് പ്രശ്നങ്ങൾ, കലോത്സവത്തെ തുടർന്നുണ്ടായ സാമ്പത്തിക പ്രശ്നങ്ങൾ എല്ലാം ബാക്കിയാണ്. ആ സമയത്ത് ക്ലാസുകൾ ഓൺലൈൻ ആക്കിയതിനാൽ മൽസരാർഥികളെ വേണ്ടവിധം ആദരിക്കാൻ പോലും കഴിഞ്ഞില്ല. പറയാൻ ഇനിയും കുറേ ബാക്കി യുണ്ട്...

ചരിത്രം ആവർത്തിക്കട്ടെ...



# Clubs & Forums Report

**NSS**

The journey of Heartians and NSS unit under the leadership of Fr Dr Joseph Varghese and Dr June Cyriac during this academic year has been a holistic journey, encompassing all domains of humanity to its empathetic bosom. With direct involvement in the Union and State Governmental projects, association with major NGOs and self held events of state and national attention. Then the Heartian NSS unit has emerged as a beacon of hope and altruism.
The Heartian NSS unit has been a pillar for Sacred Heart College. The sincere efforts of the NSS Unit, more than an institutional aspect, is a hope for generations and guidance for the upcoming posterity.

**NCC**

The Heartian NCC unit consists of 3 main wings namely, the Air wing, the Naval wing and the Army wing.
The team engaged in a lot of activities during the past one year, like the Yoga Day, Seafarer’s Day, Kargil Vijaydivas and was filled with many eventful activities like the Independance day and piping ceremony, cleaning programs etc. We also had various types of training programs that equipped our young soldiers with utmost determination and toughness.

**Age Friendly**

Age Friendly is a club dedicated to bringing together people of two generations, in a learning environment that is mutually beneficial to both. Student volunteers sit down with their elderly students to both teach them and learn from them about life and experiences. The two classes available are that of Spoken English and Computer. The various programmes conducted by the club include celebrations of International Old Persons’ Day, Christmas, Onam etc. Classes are held bi-weekly, followed by exams at the end of the year. It is a truly surreal experience for the elderly to experience life at college all over again. Visits to various old age homes to entertain their habitants are also quite frequent among the members of the club.

**Theatre club**

Theatre club is a stage for creative and expressive students of the college. This year, the club took the responsibility of participating in the theatre events in M. G University Kalolsavam. The year started with the basic weekly meetings and tasks to cure the new members from their stage fright. We have staged the play "Kallan" in M. G University Kalolsavam. The characters and the play received special mention by the jury. Apart from that, the club also won first Prize for Skit in University Kalolsavam.

**Writers club**

Writer's Club is dedicated to inculcating values of writing into students. Once a week, students gather around the table with Prof. Tom. C Thomas at the head to read venerated works by various authors, read the students' own creations and discuss current issues of social and political importance. The club also publishes an annual magazine that showcases and displays the works of all the members. It is a galore of experimental writing by writing aspirants.

**Music club**

Music Club holds the key to all the music-related activities in the college. The club members are at the forefront of all the cultural programmes of the college, with special mention of the college annual flagship event "Heartfest". Many represented the college in several intercollegiate competitions and emerged as winners.
Music club also took the responsibility of coordinating musical events for M. G University Kalolsavam under the leadership of Prof. Siby Abraham (Economics) and Prof. Sobha (Oriental Languages). The club bagged the first prize in eastern and western group songs along with a number of individual prizes as well.

**Jesus Youth**

Jesus Youth is an organisation which aims at spreading the lessons of love and compassion in the minds of students. The programmes of this year commenced with the welcoming of newly-joined students. A camp named 'Harvest' was conducted for the first year students soon after the welcome. The various activities in the college by Jesus Youth are led by different ministries like the orphanage ministry, hospital ministry, 'Thanalmaram' and Educare which lend helping hands for the needy. 'Soultice', a three-day intercollegiate camp was also held in college with the participation of students from all over Kerala. 'Honesty Shop', which began to impart the message of truthfulness and honesty among students, has been performing well. A band performance was also performed in the campus by a bunch of students from third year headed by Michael Joe Francis for a program called Armonia.

**ED Club**

The Entrepreneurship Development Club is a club formed to promote the entrepreneur skills of the students. The club has conducted many activities for the students. The past 1 year has not seen much of programs for this club in particular. But after the "jute bag sale" program that took place in the month of August 2018 the students conducted a "bake sale" competition and this helped pave the way for many budding entrepreneurs in the campus.

**SWASTI**

SWASTI is an organisation that upholds the values of service, truth and integrity among the students at Sacred Heart. The activities of SWASTI for the academic year 2021-22 began with an ice breaking session led by Ms. Remya Benoy, Senior Sub Editor at Malayala Manorama. On Mother's Day, various competitions were held for the students, helping them actively interact beyond their comfort zones. Apart from seminars, SWASTI makes sure to spread awareness on socially relevant topics such as health and hygiene, safety, and general well-being through online platforms. On the event of Menstrual Hygiene Day on 28th of May, 2021, a Q and A session was organised, lead by Dr. Gracy Thomas, DGO. At the event of floods in Chellanam, a fund raising drive, 'Period of Kindness' was initiated to distribute Sanitary napkins to the flood affected menstruators at Chellanam. On World Yoga Day, SWASTI conducted a Yoga training session led by Mr. Anand Narayan, Art of Living. On 6th of July 2021, a legal awareness program led by Smt. R. Nishanthini IPS was conducted in collaboration with JCI, UC college and St. Teresa's College. In collaboration with Venture Village, an online learning platform, A course on Sustainable Menstruation was made

available to the students at SH. A Hair Donation camp for Cancer awareness was organised on 5th November for all those willing to donate at least 30cm of their hair and huge participation was displayed. SWASTI conducted an open forum on 9th December to discuss the issues faced by the womenfolk relating to health and hygiene. On 8th March 2022, Women's Day, SWASTI organised a interactive session led by Lt Cdr Saloni Gandhi.

## EAST CAMPUS

### Music Club

In connection with World Music Day, the club formed a music band named "Unit E" for the East Campus. As part of the Christmas Celebrations 2021, Music club organised a Carol Singing competition on the 22nd of December 2021. Club members also participated in the Cultural show in connection with the NAAC visit.

### Environment Club

Encon Club had organized an exhibition fair called 'Eco'Mas' in connection with the Christmas celebrations which focused on exhibiting handicrafts, decorative and showcase items using recycled materials like paper, cardboard, plastic and glass.

### Theatre Club

The Theatre Club of the East Campus organised a three-day theatre workshop from 12-14 November 2021 in which over 20 students participated. The club meets periodically for improvisations and theatre exercises.

### NCC

The East Campus plays an active role in NCC. The cadets participate enthusiastically in the training camps, special adventure camps, social awareness campaigns/drives, rallies and so on. This academic year, there were 14 enrolments from East Campus.
Important camps in which the cadets participated were:
Republic Day Camp - Meenakshi A Nair
Special National Integration Camp, Mumbai - Meenakshi A Nair
Pre-Inter Group Competition, Trissur - Meenakshi A Nair, Joshua Joji

### Fine Arts club

The aim of Fine Arts Club is to develop, foster and bring out the artistic talents of the students to limelight and to empower the students to become confident, articulate and creative adults who will contribute as active citizens to the community. Every Fine Arts club member prepares at least one piece of art (drawing/painting/craft works.etc) every month. The works are based on a theme and the members share their works in the Fine Arts group. Mekha P. Nair of our club was awarded the honorary degree of doctorates for breaking the record for the maximum number of black and white Floral Paintings on February 8, 2022 at Faridabad, Haryana.

# യൂണിയൻ റിപ്പോർട്ട്

2021–22 അദ്ധ്യായന വർഷത്തെ തേവര തിരു ഹൃദയ കലാലയ യൂണിയൻ 2022 മാർച്ച് 16ാം തീയതി മൂന്നാം വർഷ സുവോളജി ബിരുദ വിദ്യാർത്ഥിനി എലിസബത്ത് സി ജോസിൻറെ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു.

**1.ധ്വനി 2022**

കോളേജ് യൂത്ത് ഫെസ്റ്റിവൽ ധ്വനി 2022 മാർച്ച് 18ാം തീയതി കോളേജ് പോർട്ടിക്കോയിൽ വെച്ച് ഉദ്ഘാടനം നടത്തി. 50 ഓളം മത്സരവിഭാഗങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. മത്സരത്തിൽ വിജയിച്ച വിദ്യാർത്ഥികൾ എം. ജി. യൂണിവേഴ്സിറ്റി കലോൽസവത്തിൽ പങ്കെടുത്തു. കീരിടം സ്വന്തമാക്കാനും സാധിച്ചു.

**2.രംഗ് പഞ്ചമി**

കോവിഡ് പശ്ചാത്തലത്തിൽ ഉറങ്ങിക്കിടന്നിരുന്ന കലാലയത്തിനും വിദ്യാ ർത്ഥികൾക്കും ഒരു നല്ല തുടക്കം എന്നപോലെ 2022 മാർച്ച് 18ാം തീയതി രംഗ് പഞ്ചമി എന്ന പേരിൽ ഹോളി ആഘോഷം കോളേജ് ലേക്ക് വ്യൂ ഗ്രൗണ്ടിൽ വച്ച് നടത്തുകയുണ്ടായി. ഡി. ജെ. മൗഗ്ലിയുടെ ഡി. ജെ. പരിപാടിയും കൂടെ ചേർന്ന് ഒരു നല്ല സായാഹ്നം കുട്ടികൾക്ക് ലഭിക്കുകയുണ്ടായി.

**3.Dingiri Dingale**

പ്രശസ്ത നർത്തകനും യുവ അഭിനേതാവുമായ റംസാൻ മുഹമ്മദിൻറെ ഡാൻസോടുകൂടി ഉശിഴശൃശ ഉശിഴമഹല എന്ന പേരിൽ കോളേജിൽ സ്പോട്ട് ഡാൻസ് മത്സരം ബാസ്ക്കറ്റ് ബോൾ കോർട്ടിൽ വെച്ച് മാർച്ച് 23ആം തീയതി നടത്തുകയുണ്ടായി.

**4.രതി പുഷ്പം ആർട്സ് ഡേ**

തിരുഹൃദയർക്ക് മുഴുവൻ ആട്ടവും പാട്ടും ആഘോഷവും നിറഞ്ഞൊരു ദിവസം രതി പുഷ്പം ആർട്സ് ഡേ, കോസ്റ്റ്യൂം പാർട്ടി 2022 മാർച്ച് 30ന് സിനിമാ താരം ബാലു വർഗ്ഗീസ് ഉദ്ഘാടനം നിർവഹിച്ചു.

**5.യൂണിയൻ ഡേ**

2021–22 അദ്ധ്യായന വർഷത്തിലെ കോളേ ജ് യൂണിയൻ ഉദ്ഘാടനം 2022 മാർച്ച് 31ന് കോളേജ് ലേക്ക് വ്യൂ ഗ്രൗണ്ടിൽ വച്ച് നടത്തു കയുണ്ടായി. കോളേജ് പ്രിൻസിപ്പൽ ഫാ. ജോസ് ജോൺ സി. എം. ഐ, ചെയർപേഴ്സൺ എലിസബത്ത് സി ജോസ് എന്നിവരുടെ സാനിധ്യത്തിൽ പ്രശസ്ത സിനിമാ താരങ്ങളായ പ്രിത്വിരാജ് സുകുമാരൻ, സുരാജ് വെഞ്ഞാറമ്മൂട്, പിന്നണി ഗായകൻ ജോബ് കുര്യൻ എന്നിവർ ചേർന്ന് വിളക്ക് തെളിയിച്ച് കോളേജ് യൂണിയൻ ഉദ്ഘാടനം നിർവഹിച്ചു. സംവിധായകൻ ഡിജോ, തിരക്കഥാകൃത്ത് ഷാരിസ് മുഹമ്മദ്, നിർമ്മാതാവ് ലിസ്റ്റിൻ സ്റ്റീഫൻ എന്നിവരുടെ സാന്നിധ്യവുമുണ്ടായിരുന്നു. ജോബ് കുര്യൻറെ സംഗീത പരിപാടിയും നിഹാൽ & ടീമിൻറെ ബാൻഡ് പരിപാടിയും അന്നേ ദിവസം നടന്നു .

**6.ആത്മജ 22**

തിരുഹൃദയ കലാലയത്തിലെ പെൺകുട്ടികളുടെ നേതൃത്വ പാടവവും കഴിവുകളും ഉണർത്തുവാനായി 2022 ഏപ്രിൽ 29, 30 മെയ് 1 തീയതികളിലായി ആത്മജ ഗേൾസ് നൈറ്റ് ക്യാമ്പ് നടത്തുകയുണ്ടായി. ഏകദേശം 100 ഓളം പെൺകുട്ടികളുടെ സാനിധ്യത്തിൽ എറണാകുളം ലോക്സഭ എം. പി. ശ്രീ. ഹൈബി ഈഡൻ ഉദ്ഘാടനം നടത്തിയ പരിപാടിയിൽ മെൻസ്ട്രൽ കപ്പ് വിതരണവും നടത്തി.
സിനിമാ താരം നിഖില വിമൽ, 24 ന്യൂസ് ചാനൽ അവതാരകൻ കിഷോർ തോമസ്, മാതൃഭൂമി ചാനൽ അവതാരിക ശ്രീജ ശ്യാം, മിസ്സ് ട്രാൻസ് ഗ്ലോബൽ ശ്രുതി സിത്താര തുടങ്ങിയവരുടെ ക്ലാസുകളും സംവാദങ്ങളും
മറ്റു കലാപരിപാടികളും നടത്തി.

# COLLEGE UNION

**CHAIRPERSON**



Elizabeth C Jose

**VICE CHAIRPERSON**



Priyanka Binu

**GENERAL SECRETARY**



Julin Kurian

**MAGAZINE EDITOR**



Albert K J

**ARTS CLUB SECRETARY**



Nevil K Benny

**UUC 1**



Noel Saji

**UUC 2**



Mathew George

**LADY REP 1**



Ann Maria Joseph

**LADY REP 2**



P S Jyothi sworoopani

**3 DC UG REP**



Gautham Binoy

**2 DC UG REP**



Glen Sijo

**1 DC UG REP**



Carmen S Mathew

**1 DC PG REP**



Alfin Aloysius David

**2 DC PG REP**



K Priya

**SPORTS SECRETARY**




Paul D Menacherry

**SC / ST COORDINATOR**



Amal M Rajan




COLLEGE UNION
PROGRAMES
ആരവങ്ങളുടെ 14 രാവും പകലും...


MISS TRANS

# തിരുഹൃദയവും കലയും

## എം.ജി യൂണിവേഴ്സിറ്റി കലോത്സവ ജേതാക്കൾ



**ABDUL HAKEEM E A**

Wind instrument Western
1st prize



**ZEBA TOMMY**

Western Vocal Solo
1st prize



**MARIA MATHEW KOLADY**

Light music Female
1st prize



**ARAVIND DILEEP NAIR**

Light music Male
1st prize



**ASWIN VINOD**

String Instrument Eastern
1st prize



**VISHNU CHANDRASEKARAN**

Classsical music
1st Prize



**KRIPAL S**

Percussion instrument Eastern
1st prize



**NAVANEETHKRISHNAN J**

String Instrument western
1st prize



**MICHAEL JOE FRANCIS**

Percussion
instrument Western
1st prize



**AMAL ASHOK**

Mimicry
2nd prize



**SALMAN FARIZ N A**

On the spot painting
1st prize



**NITHIN PAUL**

Photography 1st prize



**ALAN KALATHINGAL**

Cartooning 1st prize



**JOSEPH SAVIO CJ**

Clay Modeling 1st prize



**SOORYAGAYATHRI R**

Recitation Hindi 1st prize



**ANJALI HARIDAS**

Aksharaslokam 1st prize



**VAISHAKHI PILLAI**

Story Writing Hindi
1st prize



**ANNMARY J AQUINA**

Folk dance
1st prize



**SHILPA N GOPI**

Bharatanatyam
3rd prize



**B MALAVIKA NAMBOOTHIRI**

Keralanadanam 2nd prize



**NARMADA PV**

Kathakali 2nd prize



**QUIZ**

2nd Prize



**WESTERN GROUP SONG**

1st Prize



**EASTERN GROUP SONG**

1st Prize



**MARGAMKALI**

1st Prize



**SKIT**

1st Prize

# തിരുഹൃദയവും കായികവും

1 international, 33 state representation,52 university representation

## Khelo india Youth games



**SAYYAN MOHAMMED**

Gold medalist

## Classic National Powerlifting Championship



**NANDANA REGITHA**

Gold medalist



**ARCHANA SURENDRAN**

Gold medalist

## Senior State Badminton Champion (singles)



**JACOB THOMAS**

## Senior State Badminton Champions (Doubles)



**DIYA , ARCHANA**

## Indian international badminton player




**GOWRI KRISHNAN**

## All india inter university medalist (tug of war)



**AKASH,RESHMA,RAHUL**



(represented kerala in senior state championship)



( 10 players represented university in all india inter university championships )



NETBALL TEAM




CHESS TEAM(BOYS)




CHESS TEAM(GIRLS)



TABLE TENNIES TEAM (BOYS)



TABLE TENNIES TEAM(GIRLS)



CRICKET TEAM



ROLLBALL TEAM (BOYS)



ROLLBALL TEAM(GIRLS)



FOOTBALL TEAM



KABADI TEAM (GIRLS)



TUG OF WAR TEAM(BOYS)



TUG OF WAR TEAM(GIRLS)



TENNIS TEAM (BOYS)



TENNIS TEAM(GIRLS)



VOLLYBALL TEAM



BADMINTON TEAM (GIRLS)



BADMINTON TEAM (MEN)

# എഡിറ്റോറിയൽ ടീം

ആൽബർട്ട് കെ ജെ
അമൽ എം രാജൻ
ദീപിക കൃഷ്ണൻ
ഗോഡ്വിൻ സാമുവൽ
കൃഷ്ണേന്ദു സരസ്
അപർണ ശശികുമാർ
കിരൺ അലക്സ്





# Special Thanks

- Aloshious Xavier
- Joe joseph Mathew
- Anil Surya M S
- Kiran M Dharan
- Leoun Mathews Babu
- Ronald Lukose Siby
- Amal Roy
- Dev Sanker Devarajan
- Ihsan K I
- John Jose
- Femy Samuel
- Rohit C Reji
- Rohit J Abraham
- Evin Mathew Manoj
- Athul J Aikara
- Swaroop S
- Vedhavyas K C
- Arnold Thomas
- Akash Salshanker
- Abin Umman Thomas
- Abin
- Sandra T
- Jiya Philip
- Renukha Reghu
- Dona George
- Abhinav Sebastian
- Vivek Krishna
- Alex Joseph



ഈ യാത്ര ഇവിടെ അവസാനിക്കുന്നില്ല...
യാത്രകൾ തുടരുമ്പോൾ, ഈ വഴി ഓരത്ത് ഞാൻ ഒറ്റയ്ക്ക്.


ഒറ്റ
തിരുഹൃദയ കലാലയ
സ്മരണിക 2021
SH
SACRED
HEART
COLLEGE
Autonomous